

# ക്ഷുദ്രം മാററുക

സേവ്യർ ചെറുപള്ളിക്കാട്ട് M.A

www.malankaralibrary.com

# ക്ഷുദ്രം മാററുക

DEEPIKA BOOK HOUSE
KOTTAYAM

www.malankaralibrary.com

ഗീവറുഗീസ് ചക്കുവിളയിൽ

# ക്ഷുദ്രം മാററുക

ഫാ. ചെറുപള്ളിക്കാട്ട് എം. എ.

വിതരണം

ദീപിക ബുക്ക് ഹൗസ്
ശാസ്ത്രി റോഡ്,
കോട്ടയം — 686001.
വില ക. 5.00

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

(Malayalam)
KSHUDRAM MATTUKA
(Radiesthetic case studies)

By:
FR. XAVIER CHERUPALLIKKAT M. A.

First Published: February 1979

Copies: 1500

Copy Right: The Author

Printed at:
EMAES PRINTERS
KOTTAYAM–9

Price Rs. 5.00

Published by The Author

Distributors:
DEEPIKA BOOK HOUSE,
SASTRI ROAD,
KOTTAYAM–686001.

www.malankaralibrary.com

## ഉള്ളടക്കം


1. അനുഭവങ്ങളുടെ പരമ്പര 13
2. രാദസംവേദനശേഷി 77
3. ധാർമ്മിക വീക്ഷണം 91


www.malankaralibrary.com

## ഗ്രന്ഥകർത്താവിൻെറ കൃതികൾ

1. അല്പം വെളിച്ചം
2. അർച്ചന
3. ഈ ഒഴുക്കിൽ നിങ്ങളുണ്ട്
4. ക്രിസ്തുവാകുന്ന വെളിച്ചം—
   അദ്ധ്യാപനത്തിലൂടെ
5. ക്രിസ്തുവാകുന്ന വെളിച്ചം—
   ജീവിതത്തിലൂടെ
6. Christ the Light
7. ക്ഷുദ്രം മാററുക
8. പ്രതിഭയുടെ പ്രഭയിൽ
9. ഭാഗ്യഹീന — ഭാഗ്യവതി
10. നാഥനെത്തേടി
11. രക്തത്തുള്ളികാം
12. രോഗശാന്തി
13. റേഡിയിസ് തീഷ (രാദസംവേദനം)

www.malankaralibrary.com

# പ്രസ്താവന

ക്ഷുദ്രം ചെയ്യുക, ക്ഷുദ്രം ചെയ്യിക്കുക; ക്ഷുദ്രം എടുക്കുക, ക്ഷുദ്രം എടുപ്പിക്കുക എന്നു ചിലർ പറയുന്നു. ഇതു നേരാണോ? ക്ഷുദ്രംവഴി ആർക്കെങ്കിലും ആരെയെങ്കിലും ദ്രോഹിക്കാൻ കഴിയുമോ? അദ്ധ്വാനമില്ലാത്തതുകൊണ്ടു് അഭിവൃദ്ധിയില്ലാത്തതിനും പഠനത്തിൽ ശ്രദ്ധയില്ലാത്തതുകൊണ്ടു ജയിക്കാത്തതിനും ക്ഷുദ്രത്തെ പഴിക്കാമോ? മദ്യപിച്ചു ലക്കു വിടുന്നതിനും മദ്യത്തിൽ മുങ്ങാംകുഴിയിട്ടു നാശത്തിൽ മുട്ടിത്തകരുന്നതിനും ക്ഷുദ്രം ഇടവരുത്തുന്നുണ്ടോ? നിങ്ങളുടെ ശരീരത്തിനു രോഗമുണ്ടാക്കാനും മനശ്ശക്തിയെ ക്ഷതപ്പെടുത്തുന്നതിനും ക്ഷുദ്രത്തിനു കഴിയുമോ? വ്യക്തമായ കാരണംകൂടാതെ നിങ്ങളുടെ ശരീരാരോഗ്യം ക്ഷയിക്കുകയും നിങ്ങളുടെ പ്രവർത്തനങ്ങളിൽ തടസ്സങ്ങൾ അണിനിരക്കുകയും ചെയ്യുമ്പോൾ ക്ഷുദ്രസാദ്ധ്യതയിലേയ്ക്കു നിങ്ങളുടെ ശ്രദ്ധ തിരിയുന്നതു ശരിയാകുമോ? ക്ഷുദ്രവും മന്ത്രവാദവുംവഴി മററു മനുഷ്യർക്കു ദ്രോഹം ചെയ്യാൻ ആർക്കെങ്കിലും സാധിച്ചാൽ ദൈവം സർവ്വശക്തനല്ലെന്നു തെളിയുകയില്ലേ? ഇങ്ങനെ വളരെ ചോദ്യങ്ങൾ പലർക്കും ഒരുപക്ഷേ, ചോദിക്കാനുണ്ടാകും. ഉത്തരങ്ങൾ പലതും പലതരത്തിലായിരിക്കും നല്കുക.

ക്രൈസ്തവർ പൊതുവേ, ക്ഷുദ്രമെന്നൊന്നില്ലെന്നു വിശ്വസിക്കുന്നു. മരണത്തിൻെറ നിഴലിലും തകർച്ചയുടെ വക്കിലുമെത്തിയാലും ക്ഷുദ്രശല്യസങ്കല്പങ്ങൾ അവരെ തീണ്ടിയില്ലെന്നു വരാം. ഹൈന്ദവർ പൊതുവെ ക്ഷുദ്രമുണ്ടെന്നു വിശ്വസിക്കുന്നു. സാധാരണ രോഗവും അല്പ തടസ്സവും വന്നാൽ ക്ഷുദ്രദോഷമന്വേഷിച്ചു പുറപ്പെടാൻ അവർ തയ്യാറാണു്. ഈ രണ്ടു നിലപാടുകളും പരിശോധിച്ചു തിരുത്തുന്നതുത്തമം,

www.malankaralibrary.com

തിരുത്തലുകൾ രണ്ടുകൂട്ടർക്കും ആവശ്യകമാണെന്നു പറയുന്നതിന്റെ സൂചന ക്ഷുദ്രദോഷമുണ്ടാകാമെന്നല്ലേ? അതേയെന്നാണുത്തരം. ക്ഷുദ്രത്തിനു ദ്രോഹശക്തിയുണ്ടെങ്കിൽ ദൈവത്തിൽ വിശ്വസിക്കുന്നതു് അസ്ഥാനത്താവുകയില്ലേ എന്നാണു് അടുത്ത ചോദ്യം? ഇല്ല എന്നാണു ദൃഢമായ ഉത്തരം.

ക്ഷുദ്രദോഷമെന്നു പറയുന്നതെന്താണെന്നു വിശദീകരിക്കുക ആവശ്യമാണു്. ക്ഷുദ്രമുണ്ടെന്നോ ഇല്ലെന്നോ പറയുന്നതിനു മുമ്പു്. ക്ഷുദ്രശല്യങ്ങൾ പൈശാചിക ഇടനിലവഴിയോ മാനുഷിക ഇടപെടൽവഴിയോ സംഭവിക്കാം. ക്ഷുദ്രശല്യത്തിനു കാരണം പൈശാചിക പ്രവർത്തനമാവാം. പക്ഷേ, യഥാർത്ഥത്തിൽ പിശാചിനു പങ്കുള്ള ക്ഷുദ്രപ്രവൃത്തികൾ വളരെ വിരളമാവും. പിശാചിനു ക്ഷുദ്രവസ്തുക്കളുടെ ഇടനില വേണമെന്നില്ല. പലപ്പോഴും ക്ഷുദ്രദോഷത്തിനു കാരണം മാനുഷിക ഇടപെടലാവാം. ദ്രോഹഫലങ്ങളുളവാക്കുന്ന പ്രത്യേക പദാർത്ഥങ്ങളുടെ ഉപയോഗമാണിവിടത്തെ സവിശേഷത. പിശാചു് ഇടപെടുന്നതോ മനുഷ്യർ ഇടപെടുന്നതോ ആയ ഉപദ്രവപ്രവർത്തനങ്ങൾ കൂടാതെ പ്രകൃതിവസ്തുക്കളിൽനിന്നു സ്വതേ ഒഴുകുന്ന പ്രസരണഫലമായും ഉപദ്രവങ്ങൾ വന്നുകൂടാം. വീടുവയ്ക്കുന്നതിനുമുമ്പു വീടിനു സ്ഥാനം കാണണമെന്നു പറയുന്നതിനു കാരണം ഇത്തരം ഉപദ്രവകരമായ പ്രസരണങ്ങൾ ഒഴിവാക്കുകയെന്നതാണു്. സാധാരണമായി ക്ഷുദ്രദോഷമെന്നു പറയുമ്പോൾ പ്രകൃതിയിലുള്ള ഉപദ്രവകരമായ പ്രസരണത്തേയല്ല ഉദ്ദേശിക്കുന്നതു്.

ക്ഷുദ്രമുണ്ടെന്നും അതിൽ പിശാചിന്റെ പ്രവർത്തനമുണ്ടാകാമെന്നും വിചാരിക്കുന്നതിൽ ദൈവവിശ്വാസത്തിനു തിരിച്ചടിയൊന്നുമില്ല. ആർക്കെങ്കിലും പിശാചുകൂടി എന്നുകേട്ടാൽ ആരുടേയും ദൈവവിശ്വാസത്തിനിളക്കം തട്ടേണ്ടതില്ല. പിശാചുബാധയുടെ ഉദാഹരണങ്ങൾ സുവിശേഷങ്ങളിൽത്തന്നെ ഉണ്ടല്ലോ? ദൈവം അനുവദിക്കുന്നിടത്തോളം പൈശാചികശല്യ

www.malankaralibrary.com

ങ്ങരാം മനുഷ്യന്ന് അനുഭവപ്പെടാം. തന്മൂലം പൈശാചികമായ ഇടനിലയുള്ള ക്ഷുദ്രപ്രവർത്തനങ്ങളുണ്ടെന്നു കേട്ടാൽ ദൈവത്തിന്റ ശക്തിയോ സ്നേഹമോ ഇല്ലെന്ന അനുമാനത്തിലേക്ക് എടുത്തുചാടേണ്ടതില്ല.

ക്ഷുദ്രമുണ്ടെന്നും അതു നിഗൂഢമായ പ്രകൃതിശക്തികളും മനുഷ്യബുദ്ധിയുടെ കണ്ടുപിടുത്തങ്ങളും സംയോജിക്കുന്നതുമൂലം പ്രവർത്തിക്കുന്നതാണെന്നും സങ്കല്പിക്കുക. ഈ പുസ്തകത്തിലെ പൊതുവേയുള്ള സങ്കല്പം ഇത്തരമാണ് ക്ഷുദ്രത്തിന്ന്. ക്ഷുദ്രശല്യങ്ങളുടെ ഈ ധാരണയിലും ദൈവവിശ്വാസത്തെയോ ദൈവത്തിലുള്ള ആശ്രയബോധത്തെയോ ഒഴിവാക്കാൻ പഴുതില്ല. ദൈവവിശ്വാസിയെ പാമ്പുകടിച്ചാൽ വിഷം കയറാതെ ദൈവം ഉടൻ ഇടപെടണമെന്ന നിയമമൊന്നുമില്ലല്ലോ. വിഷവസ്തുക്കളും രോഗാണുക്കളും മനുഷ്യശരീരത്തിന്ന ദ്രോഹം വരുത്തുന്നതു കണ്ടിട്ട് അമ്പരക്കാത്ത മനുഷ്യൻ മാനുഷിക ഇടനിലമൂലമുണ്ടാകുന്ന ക്ഷുദ്രശല്യം കണ്ട് അന്തംവിടാനെന്തുന്യായം?

ക്ഷുദ്രദോഷത്തിന്റെ പ്രഭവസ്ഥാനം പിശാചായാലും ദ്രോഹപദാർത്ഥങ്ങളുടെ പ്രവർത്തനമായാലും എങ്ങനെ അതിനെ നേരിടണമെന്നതു സുപ്രധാനമായ ഒരാശയമാണ്. പൈശാചികമായ പ്രവർത്തനമുണ്ടെന്ന തെളിവു കിട്ടുമ്പോരം അതിനെ ബന്ധിക്കാനുള്ള ദൈവികശക്തിയുടെ മാദ്ധ്യമം കൂടിയേ തീരൂ. ദൈവനാമത്തിലും ക്രിസ്തുനാഥന്റെ നാമത്തിലും പരിശുദ്ധാത്മാവിന്റെ ശക്തിയിലും തിരുസ്സഭയുടെ അധികാരത്തിലും പ്രശ്നം കൈകാര്യം ചെയ്യേണ്ടിവരും. പിശാചു രംഗത്തില്ലാതെ ദ്രോഹഫലമുളവാക്കുന്ന പദാർത്ഥങ്ങളുടെ പ്രസരണം പ്രവർത്തിക്കുമ്പോരം ദ്രോഹകാരണമായ ക്ഷുദ്രവസ്തുക്കരം മാററുക എന്നതാണ പരിഹാരമാർഗ്ഗം. ഇത്തരം ക്ഷുദ്രവസ്തുക്കരം മാററുന്നതിനെയാണ പ്രധാനമായി ഈ ഗ്രന്ഥം പരാമർശിക്കുക.

www.malankaralibrary.com

ഇത്തരം ക്ഷുദ്രവസ്തുക്കൾ വീട്ടിലോ പറമ്പിലോ ഉണ്ടോ എന്നു കണ്ടുപിടിക്കാൻ ആർക്കാണു കഴിയുക? മററുവിധത്തിൽ എല്ലാ പരിഹാരമാർഗ്ഗങ്ങളുംതേടി പരാജയമടയുമ്പോൾ ക്ഷുദ്രദോഷമുണ്ടോ എന്നറിയാൻ ആരെ സമീപിക്കണം? ഇവിടെയാണു രാദസംവേദനത്തിൻെറ പ്രവർത്തനശേഷി. സമർത്ഥനായ രാദസംവേദകനെ സമീപിക്കുക.

ആരാണീ രാദസംവേദകൻ? എന്താണീ ക്ഷുദ്രവസ്തു? നിങ്ങൾക്കു മനസ്സിലായിരിക്കയില്ല. എങ്കിൽ ഈ പുസ്തകത്തിൻെറ ഉള്ളടക്കത്തിലേയ്ക്കു കടന്നു ചെല്ലുക.

ക്ഷുദ്രവസ്തുക്കളെക്കുറിച്ചും ക്ഷുദ്രശല്യത്തെക്കുറിച്ചും അറിയുന്നതോടെ കൈവിഷത്തെക്കുറിച്ചും അതിൻെറ ശല്യങ്ങളെക്കുറിച്ചും അറിയുക എളുപ്പവും പ്രസക്തവുമാണു്. അതുകൊണ്ടു കൈവിഷത്തെക്കുറിച്ചും ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ടു്.

തീർന്നിട്ടില്ല. ജോതിഷം, കൈനോട്ടം എന്നീ സങ്കല്പശാസ്ത്രശാഖകളിൽനിന്നു ചിലതൊക്കെ അംഗീകരിക്കാനുള്ള പ്രേരണ ഈ പുസ്തകത്തിൽ മൊട്ടിട്ടു നില്ക്കുന്നുണ്ടു്.

ഓ! അന്ധവിശ്വാസത്തിലേക്കു തിരികെ പോവുക എന്നതാണോ ഈ പുസ്തകത്തിൻെറ സന്ദേശം? അസത്യത്തോടും മിഥ്യാസങ്കല്പങ്ങളോടും രമ്യതയിലെത്താനാണോ ഭാവം? തീർച്ചയായുമല്ല.

ശാസ്ത്രീയാടിസ്ഥാനത്തിലുറച്ചു നിന്നുകൊണ്ടു്, ക്രൈസ്തവധാർമ്മികതയെ മുറുകെ പിടിച്ചുകൊണ്ടു്, ജീവിതപ്രശ്നങ്ങളെ കൈകാര്യം ചെയ്യാനൊരാഹ്വാനമാണു് ഈ ഗ്രന്ഥം.

www.malankaralibrary.com

ദൈവത്തിൻേറതു ദൈവത്തിനും ശാസ്ത്രത്തിൻേറതു ശാസ്ത്രത്തിനും കൊടുക്കുക സമുചിതമാണ്. ശാസ്ത്രീയാടിസ്ഥാനത്തിൽ സമീപിക്കാവുന്ന കാര്യങ്ങളെ മുൻവിധി മാററീയും അജ്ഞതയകററിയും സമീപിക്കുക. സത്യത്തെ അന്വേഷിക്കാൻ ആവേശപൂർവ്വം മുന്നേറുക. പ്രപഞ്ചനാഥൻ സംവിധാനം ചെയ്തിരിക്കുന്ന അത്ഭുതകരമായ ക്രമത്തേയും പരസ്പരബന്ധങ്ങളേയും കണ്ടെത്തുക. അത്യാശ്ചര്യകരമാംവിധം നമുക്കുവേണ്ടി ദൈവം തുറന്നിട്ടിരിക്കുന്ന പാതകളിലൂടെ സഞ്ചരിക്കുക. ദൈവദാനങ്ങളെ മനുഷ്യനന്മയ്ക്കായി വിനിയോഗിക്കുക. അതാണു ക്ഷുദ്രം മാററുക എന്ന ഈ ഗ്രന്ഥത്തിൻെറ സന്ദേശം.

ഈ പുസ്തകത്തിൻെറ അച്ചടിയും വിതരണവും മധുരോദാരമായി ഏറെറടുക്കുകയും സ്നേഹനിർഭരമായി നിറവേററുകയും ചെയ്തതിനു ദീപിക ബുക്കു ഹൗസിൻെറ പ്രവർത്തകർക്കു കടപ്പാടിൻെറ നിലയ്ക്കാത്ത ഹൃദയത്തുടിപ്പുകൾ.

'ക്ഷുദ്രം മാററുക' അതുല്യമായ സേവനമാണ്; ആവേശകരമായ ആഹ്വാനമാണ്; ത്യാഗോജ്ജ്വലമായ പ്രേഷിതതപമാണ്.

അനുഗ്രഹിക്കേണ്ടിയിരുന്നവർ കുററമാരോപിച്ചു. അനുകൂലിക്കേണ്ടിയിരുന്നവർ ആക്ഷേപിച്ചു. അല്ലെങ്കിൽ ഒരുപക്ഷേ ഈ ഗ്രന്ഥം രൂപംകൊള്ളുകയോ വെളിച്ചം കാണുകയോ ചെയ്യുമായിരുന്നില്ല. അതേസമയം ഒരു മറുവശമുണ്ട്. അറിഞ്ഞവർ ആദരിച്ചു. അനുഗ്രഹം കിട്ടിയവർ ആനന്ദിച്ചു. ദൈവത്തിൻെറ വഴികൾ എത്ര നിഗൂഢമായിരിക്കുന്നു!

'ക്ഷുദ്രം മാററുക' വിപ്ലവകരമായ ഒരാശയമാണ്. ഈ രംഗത്തേയ്ക്കു കടന്നുവരുന്നവർക്ക് അഭിവാദനങ്ങൾ! അന്ധവിശ്വാസത്തെ ചെറുക്കുന്ന അഭി

www.malankaralibrary.com

വാദനങ്ങൾ! സത്യത്തെ ആദരിക്കുന്ന അഭിവാദനങ്ങൾ! നന്മമാത്രം തേടുന്നതിനും നേടുന്നതിനും അഭിവാദനങ്ങൾ!

ഗ്രന്ഥകർത്താവ്.

ചെറുപള്ളിക്കാട്ട്,
മുട്ടം, ചേർത്തല,
688524.

www.malankaralibrary.com

# 1

## അനുഭവങ്ങളുടെ പരമ്പര

അനുഭവം മനുഷ്യനെ വളരെ കാര്യങ്ങൾ പഠിപ്പിക്കുന്നു. പുസ്തകങ്ങളിലില്ലാത്ത അനുഭവങ്ങൾ ധാരാളം. പലതിനും കാരണം കണ്ടുപിടിക്കാൻ പററിയെന്നുവരുകയില്ല സാധാരണഗതിയിൽ. ജീവിതത്തിൻെറ പ്രവാഹത്തിൽ ഇങ്ങനെ പലതും ചുഴിയിട്ടൊഴുകി മറയുന്നു.

അസാധാരണത്വം നിറഞ്ഞതും അജ്ഞാതമായ സ്വാധീനശൈലികളുള്ളതുമായ അനുഭവങ്ങൾ ഓർമ്മയിൽനിന്നു മാഞ്ഞുപോവുക എളുപ്പമല്ല. അവയുടെ ശേഖരത്തിൽനിന്നു കുറെ ഇവിടെ ചുരുക്കിപ്പകർത്തുകയാണു്.

ഈ അനുഭവങ്ങളിൽ പലതും സ്വയം സംസാരിക്കുന്നവയാണ്. ചിലപ്പോൾ ആശ്ചര്യം അവയെ വലയംചെയ്തുനിന്നു. പലതും സമാശ്വാസം സമ്മാനിച്ച സാഹചര്യങ്ങളോടൊട്ടിനില്ക്കുന്നു. സാധാരണ മനുഷ്യൻ പ്രതീക്ഷിക്കാത്ത ഫലങ്ങളാണു പലപ്പോഴുമുണ്ടാവുക. സാധാരണഗതിയിൽ മനസ്സിലാക്കാൻ എളുപ്പമല്ലാത്ത മേഖലകളെ ആശ്ലേഷിപ്പിക്കുന്നവയാണു മിക്കവയും.

അഹംഭാവത്തോടെയല്ല വിനീതബോധത്തോടെയാണിവ അവതരിപ്പിക്കുക. അജ്ഞാതരഹസ്യതല

www.malankaralibrary.com

ങ്ങളിലൂടെ സ്വച്ഛമായി യാത്ര ചെയ്യാനുള്ള അപൂർവ്വ സിദ്ധികരം അവകാശപ്പെടാനല്ല ഇവ പരാമർശിക്കുക. സത്യസന്ധമായ അനുഭവങ്ങളിലേയ്ക്കു വെളിച്ചം വീശുകവഴി മനുഷ്യജീവിതത്തെ ധന്യമാക്കുന്നതിനുള്ള ഒരു വിനീത പരിശ്രമമായാണ്.

നിരാശ, യാതനകരം, ജീവിതഭാരങ്ങരം, പരാജയങ്ങരം, രോഗങ്ങരം, ദൗർഭാഗ്യങ്ങരം മുതലായവയുടെ ലോകത്തുനിന്നു വിമോചനത്തിലേയ്ക്കുള്ള തീർത്ഥയാത്ര എത്ര അഭിലഷണീയമാണ്! അത്തരം വിമോചനത്തിനുള്ള കർമ്മശേഷി പ്രപഞ്ചകർത്താവു സാധാരണക്കാരായ മനുഷ്യരിൽ അനേകർക്കു നല്കിയിട്ടുണ്ട്. ഒരു പക്ഷെ, ഈ ദാനം നിങ്ങരംക്കുണ്ടായിരിക്കാം. സഹജീവികരംക്കു നന്മ നല്കാനുള്ള സുവർണ്ണ താക്കോൽ സൃഷ്ടിനാഥൻ നിങ്ങളെ ഏല്പിച്ചിട്ടുണ്ടോ? ഒന്നു പരിശോധിക്കുക.

നിങ്ങരം നിങ്ങളെത്തന്നെ പുതുതായി കണ്ടെത്തുമ്പോരം പുതിയ ചക്രവാളങ്ങരം വികസിക്കുകയായി. അവിടെ പുതിയ വെളിച്ചം പുലരുന്നു. പുതിയ ഉന്മേഷം തുടിക്കുന്നു. പുതിയ സമാധാനം കൈവരുന്നു. അനേകരെ ജീവിത സ്വാസ്ഥ്യതയിലേക്കു കൈകൊട്ടുത്തുയർത്തുന്ന പ്രവർത്തനശേഷി അതുല്യമായ ഒരാനന്ദമാണ്, അസുലഭമായ ഒരു സൗഭാഗ്യമാണ്.

അനുഭവങ്ങളുടെ ഒരു പരമ്പര നിങ്ങളെ അഭിവാദ്യംചെയ്യുന്നു. മെനഞ്ഞെടുത്ത കഥകളല്ല, ഭാവന നിറം പകർന്ന സങ്കല്പങ്ങളല്ല, ജീവിതത്തിൻെറ തുടിപ്പും നിറവും ഗുണവുമുള്ള യാഥാർത്ഥ്യങ്ങരം.

1. അപ്പൻ കുടുംബമന്വേഷിക്കുന്നില്ല. മദ്യപിക്കുന്നു. മക്കളും അപ്പനും തമ്മിൽ സ്വരച്ചേർച്ചയില്ല. മക്കരം തമ്മിലുമില്ല. കുടുംബത്തു നില്ക്കണമെന്ന വിചാരം ആർക്കുമില്ല. ഒരുവിധത്തിലും അഭിവൃദ്ധിയില്ല. 'ആശാരി പറഞ്ഞു ക്ഷുദ്രദോഷമുണ്ടെന്ന്'. ആ

www.malankaralibrary.com

ശാരിയാണു പറഞ്ഞതു് അച്ചനെ വീട്ടിൽ കൊണ്ടുവരണമെന്നു്. ക്രിസ്ത്യാനികൾക്ക മന്ത്രവാദികളെ കൊണ്ടുവരാൻ പാടില്ലല്ലോ. അച്ചൻ വീട്ടിൽ വന്നു തലതിരിവൊക്കെ പരിഹരിച്ചു തരണം.'

മലയാററൂർപുഴ തെക്കോട്ടൊഴുകുന്ന സ്ഥലം. സുന്ദരമായ പുഴവക്കിലെ ഫലഭൂമി. രണ്ടു ചെറു മുറികളാണു തായി. ചുഴിയാണിയിൽ തിരിയുന്ന തടിയൻ കതകുപാളികൾ. പഴയ ഒരു വീടു്. മുൻവശത്തു തുറന്ന വരാന്ത.

ദോലകം പിടിച്ചു ഞാൻ പുരയും പറമ്പും പരിശോധിച്ചു. പ്രധാന മുറിയിലേയ്ക്കു പ്രവേശിക്കുന്ന വാതില്ക്കൽ മുറിക്കു പുറത്തു വരാന്തയിൽ ഉപദ്രവകരമായ രാദശക്തി കണ്ടു. സിമൻറിട്ട വരാന്തയിൽ അച്ചടി താഴ്ത്തി വെട്ടിക്കുഴിക്കണം. ആ മണ്ണു മാററി വേറെ മണ്ണിടണം. അതായിരുന്നു എൻെറ നിർദ്ദേശം. പ്രയോജനം ഉടനെ കണ്ടെന്നു വരുകയില്ല. കുറെ ആഴ്ചകളെങ്കിലും കഴിഞ്ഞേ ഫലം കാണാൻ. വളരെ വർഷങ്ങൾ പഴകിയ രാദപ്രസരണ വസ്തുവായിരിക്കണം ആ സ്ഥലത്തുള്ളതെന്നു ഞാൻ സങ്കല്പിച്ചു.

നിർദ്ദേശമനുസരിച്ചു് അവർ കുഴിച്ചു മണ്ണു മാററി പുതിയ മണ്ണിട്ടു കുഴി മൂടി. നാലാഴ്ച കഴിഞ്ഞു ഞാൻ ആ വീട്ടുകാരുടെ പ്രതികരണമന്വേഷിച്ചു. 'പ്രയോജനമൊന്നുമില്ല. വെറുതേ വരാന്ത കുഴിച്ചതു മിച്ചം' നിറം കലർന്ന വാക്കുകൾ.

ആറു മാസങ്ങൾ കടന്നുപോയപ്പോൾ വാർത്ത വന്നു. ആ ഭവനത്തിൽ സമാധാനമുണ്ടു്, യോജിപ്പുണ്ടു്, അഭിവൃദ്ധിയുടെ ആരംഭമുണ്ടു്. വീട്ടിൽനിന്നു് ഇറങ്ങിപ്പോകണമെന്ന ചിന്ത ഇപ്പോൾ ആർക്കുമില്ല.

2. അപ്പനും മകൾക്കും അസഹ്യമായ ആസ്മാ കുടുംബാംഗങ്ങളിലാരെങ്കിലും ആശുപത്രിയിലായിരി

www.malankaralibrary.com

ക്കം സാധാരണമായി. ആശുപത്രിയിൽ ചെന്നാൽ രോഗം കുറയും. വീട്ടിൽ വന്നാൽ പിന്നെയും കൂടും. വർഷംതോറും ആയിരക്കണക്കിനു രൂപ ചികിത്സയ്ക്കു ചെലവുവരുന്നു. സാമ്പത്തികശേഷിയുണ്ടു്. എങ്കിലും ആശ കരിന്തിരി കത്തുന്ന പ്രതീതി.

മകരം എല്ലും തൊലിയുമായി. ശക്തിയേറിയ മരുന്നുകളാണു കഴിക്കുന്നതു്. അത്തരം മരുന്നു് അധികം കഴിച്ചാൽ അപകടമല്ലേ എന്നു ഞാനൊരു സൂചന നല്കി. 'ശ്വസിക്കാതെ ജീവിക്കാൻ പററുകയില്ലല്ലോ അച്ചോ. അതുകൊണ്ടു് ഏതു വിഷവും കഴിച്ചുപോകും, ശ്വാസം മുട്ടാമ്പോൾ.' വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ യുവതിയുടെ മറുപടിയായിരുന്നതു്.

മലമ്പ്രദേശം. കുന്നിൻചെരുവിലാണു വീടു്. മുററത്തു ചരൽ വിരിച്ചിട്ടുണ്ടു്. പുരയുടെ പുറകിൽ തൊട്ടൊരു പ്ളാവു്.

നടുവിലെ മുറിയാണു വലുതു്, അതു പ്രാർത്ഥനാമുറിയാണു്. ചുററും മുറികളുണ്ടു്. ആ വീടു രാദസംവേദനംവഴി ഞാൻ പരിശോധിച്ചു. പുരയിലെ നടുവിലെ മുറിയിൽത്തന്നെ കിഴക്കേ വാതില്ക്കൽ മുറിയുടെ അകത്തു് ഉപദ്രവരാദപ്രസരണം കണ്ടെത്തി. യുവതിയുടെ ശരീരത്തോടും അവരു കഴിക്കുന്ന മരുന്നിനോടും ചില പ്രത്യേക പ്രതികരണങ്ങളും ദോലകം നല്കി. മുറിയുടെ അകത്തു് അഞ്ചടി ആഴത്തിൽ കുഴിച്ചു മണ്ണു മാററിയാൽ ഉപദ്രവരാദപ്രസരണത്തിൻെറ കേന്ദ്രം മാറിക്കിട്ടുമെന്നു് എനിക്കു മനസ്സിലായി. ആ നിർദ്ദേശം അവർക്കു നല്കി.

തീയതി 7, മാസം 7, വർഷം 7, ദശകം 7. ആ ദിവസമായിരുന്നു കുഴികുത്തിയതു്. നല്ല ദിവസം നോക്കിയതല്ല, വന്ന ദിവസം നല്ല ദിവസമായതാണു്.

www.malankaralibrary.com

കുഴിയുടെ താഴ്ച തികയുന്നതുവരെ നീരാവി പോലെ എന്തോ ഉയരുന്നുണ്ടായിരുന്നു. പണിക്കാർക്കു ശരീരം ചൊറിച്ചിലും അസ്വസ്ഥതയും തോന്നി. കുഴിക്കു് അഞ്ചടി ആഴം പൂർത്തിയായി. ചരൽ നിരത്തിയ മുററത്തു് ഒരാശ്ചര്യം. അവിടെ കൃത്രിമമായി ഒരു കുഴി താനേ താഴുന്നു! കാററില്ല, മഴയില്ല. പുറകുവശത്തെ പ്ളാവിൽനിന്നു് ഒരു നല്ല കൊമ്പു നിലത്തു വീഴുന്നു!! നിരീക്ഷണഫലം മാത്രം രേഖപ്പെടുത്തുന്നു. അതിൻെറ കാരണങ്ങളന്വേഷിക്കുന്നില്ല.

ക്രിസ്തുനാഥൻെറ ആത്മാവിൻെറ സഹായം തേടുന്നവർക്കു് അവിടത്തെ ദാനങ്ങൾ ലഭിക്കുക അസാധാരണമല്ല. അവിടത്തെ ആത്മാവുവഴി ക്രിസ്തുനാഥൻ ഇന്നും അനേകർക്കു രോഗശാന്തി നല്കുന്നു.

ആശ്ചര്യകരമാംവിധം അപ്പനും മകൾക്കും രോഗശമനം കിട്ടി. ആശയുടെ പൂക്കൾ ധാരാളം വിടർന്നു. കരിസ്മാററിക് രോഗശാന്തിവരം അവിടെ ഫലമണിഞ്ഞു. ആ കുടുംബം മുഴുഹൃദയത്തോടെ ദൈവകാരുണ്യത്തെ പ്രകീർത്തിച്ചു. നാഥനു സ്തുതി.

3. "എൻെറ മകളുടെ വിവാഹം നടക്കുന്നില്ല. പലതും പറഞ്ഞുതുടങ്ങും. പക്ഷേ, കാര്യം നടപ്പില്ല. കോളേജിൽ പോകുന്ന മററു കുട്ടികളുടെ പഠനത്തിനും പരീക്ഷാവിജയത്തിനും വ്യക്തമായ തടസ്സങ്ങൾ വരുന്നു. അച്ചൻ ഞങ്ങളെ ഒന്നു സഹായിക്കുമോ?' ഇരുപതിനായിരം രൂപയും ഇരുപതു പവൻ സ്വർണ്ണവും കാത്തുവച്ചുകൊണ്ടു മകളുടെ കല്യാണം വർഷങ്ങൾ നീണ്ടുപോകുന്നതു കണ്ട ഒരു പിതാവിൻെറ നിവേദനമാണതു്.

പഞ്ചസാരമണൽപരപ്പു്. തനികുഴമണ്ണുള്ള പ്രദേശം. എട്ടുമുറികളുള്ള ഒരു നല്ല വീടു്. വിദൂരദർശനംവഴി വീടുംപറമ്പും ഞാൻ പരിശോധിച്ചു. പ്രധാന നടക്കല്ലിനുതാഴെ ഉപദ്രവരാദപ്രസരണം കണ്ടെത്തി. അവിടെ അഞ്ചോ ആറോ അടി താഴ്ത്താൻ

www.malankaralibrary.com

നിർദ്ദേശം നല്കി. അഞ്ചടി കഴിഞ്ഞു് ആറു വന്നു. വെറും വെള്ളമണ്ണാണു കുഴിച്ചിട്ടു കിട്ടുക. 'ഒന്നോ രണ്ടോ അടികൂടെ താഴ്ത്തി നോക്കുക' എന്നു ഞാൻ പിന്നേയും ആവശ്യപ്പെട്ടു. ഉപദ്രവരാദകേന്ദ്രം മാറിയിട്ടില്ലെന്നു ദോലകം വ്യക്തമായ സൂചന നല്കി. രണ്ടടികൂടെ താഴ്ത്തിയപ്പോൾ കരിക്കഷണങ്ങൾ, ഇരുമ്പുകമ്പിക്കഷണങ്ങൾ, തുരുമ്പു് മുതലായവ പുറത്തെടുക്കാൻ കഴിഞ്ഞു. അതോടെ ഉപദ്രവകരമായ രാദപ്രസരണം നീങ്ങി.

ദൂരത്തേയെന്നപോലെ കാലത്തേയും കുറിക്കുന്ന സൂചനകൾ ദോലകം നല്കും. ഇതു പ്രവചന വരമല്ല. രാദശക്തി മൂലമുണ്ടാകുന്ന പരസ്പരബന്ധത്തിൽ നിന്നു കാലത്തിന്റെ സൂചന കണ്ടെടുക്കലാണു്. ഈ യുവതിയുടെ വിവാഹം അഞ്ചുമാസങ്ങൾക്കുള്ളിൽ നടക്കുമെന്ന സന്ദേശം ദോലകത്തിൽനിന്നുവന്നു. വിവരം ബന്ധപ്പെട്ടവരോടു പറഞ്ഞു. ആ കണക്കുകൂട്ടൽ ഒട്ടും തെററിയില്ലെന്നായിരുന്നു പിന്നീടുള്ള അനുഭവം.

4. ഒരു വിധവ. അവർ രോഗിണിയും ദരിദ്രയുമാണു്. വിവാഹപ്രായമായ ഒരു മകൾ. വീട്ടിൽ എന്നു വന്നാലും പെണ്ണിനു സുഖക്കേടാകും. വീട്ടിൽ നിന്നുമാറി എവിടെ നിന്നാലും രോഗമൊന്നുമില്ല. വീടുവിററു വല്ലിടത്തും പൊയ്ക്കളയണമെന്നാണു വിധവയുടെ പ്രലോഭനം.

കായൽക്കരയിലെ പത്തു സെൻറു സ്ഥലം. അവിടെ ഓലമേഞ്ഞ ഒരു കുടിൽ. അതിനു മൂന്നു മുറികൾ ഓലകൊണ്ടു തിരിച്ചിട്ടുണ്ടു്.

എന്റെ മുറിയിലിരുന്നുകൊണ്ടു വിദൂരത്തിലുള്ള വീടു ഞാൻ പരിശോധിച്ചു. വിദൂരരാദസംവേദന പരിപാടി. വീടിനു യാതൊരു തടസ്സവുമില്ല. പിന്നെ പറമ്പു പരിശോധിച്ചു. തെക്കുപടിഞ്ഞാറെ അതിർത്തിയുടെ കോണിൽ അഞ്ചടി താഴെ ഉപദ്രവരാദപ്രസ

www.malankaralibrary.com

രണം കണ്ടുകിട്ടി. അവിടെ അഞ്ചടി താഴ്ത്താൻ നിർദ്ദേശം കൊടുത്തു. തെങ്ങിന്റെ പൊററ. കുഴി താഴാൻ പ്രയാസം. പക്ഷെ താഴാതെ പററുകയില്ല. അതാണു ദോലകത്തിന്റെ സൂചന. കുഴി ചെളിത്തട്ടിലെത്തി. ഇനിയും താഴണം. താഴ്ത്തി. ചീമുട്ട മുതലായി ദുർഗ്ഗന്ധം പരത്തുന്ന കുറെ അഴുക്കുകൾ ചെളിയോടുകൂടെ പുറത്തുപോയി. ശല്യമുള്ള രാദപ്രസരണം നീങ്ങി. തല്ക്കാലം പ്രശ്നം തീർന്ന സന്തോഷത്തിൽ ഞാനും പങ്കാളിയായി.

മാസം മൂന്നുകഴിഞ്ഞു. മകരുടെ പഴയപടിതന്നെ എന്ന പരാതിയുമായി അമ്മ വന്നു. വിദൂരരാദസംവേദനത്തിനു നിമിഷങ്ങൾ മതി. വീടും പറമ്പും വീണ്ടും പരിശോധിച്ചു. തടസ്സമൊന്നുമില്ല. ദോലകം സ്പഷ്ടമായ സൂചന നല്കി. ഇനി പെൺകുട്ടിയുടെ ശരീരത്തിൽ കൈവിഷശല്യമുണ്ടോ എന്നു പരിശോധിക്കുക ഒരു പക്ഷെ സഹായകമാകും. ആ പരിശോധനയ്ക്കും നിമിഷങ്ങൾമതി. ദോലകപരിശോധനാഫലം കിട്ടി. കൈവിഷശല്യമുണ്ടു". അവളെ വിദഗ്ദ്ധ ചികിത്സയ്ക്കയച്ചു. ആയുർവേദചികിത്സ. മരുന്നു കഴിച്ച് ആഴ്ചകൾക്കുള്ളിൽ സ്വസ്ഥത കൈവന്നു.

5. 'വീട്ടിൽനിന്നു രോഗം മാറുന്നില്ല. എന്റെ കൈയ്ക്കും കാലിനും നീരാണ്. ഭാര്യയ്ക്കു ബോധക്കേടു ചിലപ്പോൾ വരുന്നു. അപസ്മാരംപോലെയാണ്. മക്കൾ തമ്മിലും വഴക്ക്. ഒരു മകളുടെ കല്യാണം നടക്കുന്നില്ല. അച്ചൻ എന്റെ വീടൊന്നു പരിശോധിച്ച് ആശ്വാസം നല്കണം.' അറുപതു വയസ്സുള്ള ഒരു പിതാവിന്റെ അപേക്ഷയാണിത്.

മൺപ്രദേശം. തോടുകളും ചാലുകളും ധാരാളം. വിദൂരരാദസംവേദനം വ്യക്തമായ സന്ദേശം നല്കി. വടക്കുവശത്തെ ചെറിയ നടക്കല്ലിനടിയിൽ അഞ്ചടി താഴെനിന്നു ഉപദ്രവരാദസ്പുരണം വരുന്നുണ്ടു്. അവിടെ കുഴിച്ചുനോക്കി കണ്ടുകിട്ടുന്ന വസ്തു കൊണ്ടുവരുന്നതിനു

www.malankaralibrary.com

ഞാൻ നിർദ്ദേശം കൊടുത്തു. അവർ അങ്ങനെ ചെയ്തു. എട്ടിഞ്ച് നീളമുള്ള ഇരുമ്പുകഷണംകിട്ടി. വള്ളത്തിൻെറ തറയായിരിക്കുമെന്ന് അവർ വിചാരിച്ചു. ഏതായാലും സാധനം ഇവിടെ എത്തിച്ചു. അത് ഒരു വിഗ്രഹമാണ്. വ്യക്തമായി സ്ത്രീരൂപമുണ്ടതിന്. അതു കണ്ട സ്ഥലത്തു പിന്നെയും പ്രസരണമവശേഷിക്കുന്നതായി പിന്നീടുള്ള പരിശോധന വ്യക്തമാക്കി. പക്ഷെ മണ്ണിടിച്ചിലും ഉറവയും കാരണം ഇനിയും താഴ്ത്താൻ നിവൃത്തിയില്ല. അതുകൊണ്ടു പരിശ്രമം അവിടെ അപൂർണ്ണമായി ഉപേക്ഷിക്കേണ്ടിവന്നു.

മകളുടെ കല്യാണം വേഗം നടക്കാനാഗ്രഹമുണ്ടെങ്കിൽ സ്വന്തം വീട്ടിലല്ലാതെ അമ്മയുടെ വീട്ടിൽവച്ചു നടത്താൻ പരിശ്രമിക്കുക എന്നൊരുപദേശം ഞാൻ നല്കി. ആ നിർദ്ദേശപ്രകാരം കുറെ മാസങ്ങൾക്കുള്ളിൽ വിവാഹം നടന്നതായി എന്നെ അവർ വിവരം അറിയിച്ചു.

6. 'പിശാചിൻെറ ശല്യമാണെന്നാ അയൽക്കാർ പറയുന്നത്. തോട്ടുവക്കത്തു വെളിക്കിരുന്ന കൊച്ചനെ എടുത്തടിച്ചു വെള്ളത്തിലിട്ടു. രാത്രിയിൽ ചിലപ്പോൾ മുററത്ത് ആൾ നടക്കുന്ന സ്വരംപോലെ കേൾക്കാം. ആ ശബ്ദം കുതകുവരെ തുടരും. ഒരു ദിവസം ഉറങ്ങിക്കിടന്ന ആറുവയസ്സുള്ള ഒരു കുഞ്ഞിനെ നാലടിപൊക്കത്തിൽനിന്നു താഴെയെടുത്തിട്ടു. കുഞ്ഞു പേടിച്ചു കരഞ്ഞു. എങ്കിലും കുഞ്ഞിനു വേറെയൊന്നും പററിയില്ല. വീട്ടിൽ എന്നും രോഗമാണ്. ആസ്മാ, മൂത്രാശയരോഗങ്ങൾ ഇവയാണു പിള്ളേർക്കുപോലും.' മദ്ധ്യവയസ്സു കഴിഞ്ഞ ദമ്പതികളുടെ സങ്കടം.

വിദൂരരാദസംവേദനം വഴി അവരുടെ മെടലപ്പുരയുടെ ചാർത്തിൻെറ ഒരു കോണിൽ ആറടി താഴെ ഞാൻ ഉപദ്രവരാദശക്തി തിരിച്ചറിഞ്ഞു. അവിടെ കുഴിച്ച് ആറടി താഴ്ത്തുക എന്നു നിർദ്ദേശിച്ചു. അവർ അങ്ങനെ ചെയ്തു. ആറടി താഴെ മൺപാത്രക്കഷണ

www.malankaralibrary.com

ങ്ങളും നീണ്ടുകൂർത്ത ശംഖുകളും കണ്ടുകിട്ടി. അവ കുട്ടികളുടെ രോഗങ്ങളോടു ബന്ധപ്പെട്ടുംവിധം ഉപദ്രവരാദപ്രസരണമുള്ളവയായിരുന്നു. അതോടെ രോഗശമനമാരംഭിച്ചു. കുറെ നാളുകൾ സ്വാസ്ഥതയും സമാധാനവും കിട്ടി.

ഒരു വർഷം കഴിഞ്ഞപ്പോൾ വീണ്ടും രോഗങ്ങളുടെ ഘോഷയാത്ര. അസ്വാസ്ഥ്യങ്ങൾ തല ഉയർത്തി. ആശങ്കകൾ അഴിഞ്ഞാടുന്നു. വീണ്ടും നിവേദനം വന്നു.

വീണ്ടും വിദൂരരാദസംവേദനംവഴി പരിശോധന നടത്തി. മുമ്പു പറഞ്ഞ ചാർത്തിലേയ്ക്കു കടക്കുന്ന വാതിലിനുപുറത്ത് ഏഴടി താഴെ ഉപദ്രവരാദശക്തി തിരിച്ചറിഞ്ഞു. മുമ്പില്ലാത്തതും പുതുതായി വന്നതുമായേക്കാം. തിണ്ണതല്ലാത്ത തറമണലിൽ ഇഷ്ടിക നിരത്തിയതാണു തറ. അവിടെ ഏഴടി താഴ്ത്തി തടസ്സവസ്തുക്കൾ നീക്കാൻ ഞാനാവശ്യപ്പെട്ടു. അവർ കുഴിച്ചു. മുഴുത്തു നീണ്ട മൂന്നു പിരിയൻ ശംഖുകൾ പുറത്തെടുത്തു. കുഴിയുടെ സ്ഥാനത്തു തടസ്സം നീങ്ങിയിരിക്കുന്നു. കുഴി നികത്തി, പ്രശ്നം തീർന്നു, തല്ക്കാലത്തേയ്ക്കു്.

വീണ്ടും അസ്വാസ്ഥതകളുടെ ഓളം ഇവിടെ ഉയർന്നുവന്നേക്കാമെന്നാണെനിക്കുതോന്നുക. ഒരു പക്ഷെ അലർജിയുടെ സാന്നിദ്ധ്യം അവിടെ തടസ്സമുണ്ടാകുന്നുണ്ടോ എന്ന പരിശോധന ആവശ്യമായേക്കും.

7. അശകൾ വെട്ടിട്ടു നില്ക്കുന്ന യുവതം. കണ്ണിൽ പുഞ്ചിരിയുള്ള ഒരു യുവാവ്. 'പി. ഡി. സി ക്കു മൂന്നനാലുപ്രാവശ്യം പരീക്ഷയെഴുതുവാൻ ഞാൻ തയാറെടുത്തു. പക്ഷേ, പരീക്ഷയ്ക്കിരിക്കാൻ പററുന്നില്ല. ഇരുന്നാലും എഴുത്തു നടക്കുന്നില്ല. എഴുതിയാലും പൂർത്തിയാക്കാൻ കഴിയുന്നില്ല. ഇനി പരീക്ഷയ്ക്കു കുറെ ദിവസങ്ങളേയുള്ളു. എങ്ങനെയും പഠിച്ചു പാസ്സാകണ

www.malankaralibrary.com

മെന്നാണെൻെറ ആഗ്രഹം. അച്ചൻ എന്നെ സഹായി ക്കമോ?'

ഇത്തരമൊരു നിവേദനത്തിൽ കൈവിഷത്തിനു സാദ്ധ്യതയുണ്ട്. രാദസംവേദനപരിശോധന നടത്തി. കൈവിഷശല്യമൊന്നുമില്ലെന്നു വ്യക്തം. ഇനി വീട്ട പരിശോധിക്കാതെ പ്രയോജനമുണ്ടാവാൻ വഴിയില്ല. വീടും പറമ്പും വിദൂരരാദസംവേദനംവഴി പരിശോധിച്ചു.

പുറകുവശത്തേയ്ക്കിറങ്ങുന്ന നടപ്പടിയുടെ അടിയിൽ അഞ്ചടി താഴെ ഉപദ്രവ രാദസംവേദസ്ഫുരണമുണ്ടെന്നു ദോലകം സൂചന നല്കി. ചെറിയ ഒരു വീട്. ചൊരിമണൽപ്രദേശം. സാമ്പത്തികശേഷി കുറഞ്ഞ ഒരു കുടുംബം. 'തടസ്സവസ്തു കിടക്കുന്ന സ്ഥലം അഞ്ചടി താഴ്ത്തിയശേഷം എന്നെ വന്നു കാണുക' എന്നു ഞാൻ പറഞ്ഞു.

ആ യുവാവ് അമ്പരന്നു. 'അതൊക്കെ നടക്കുന്ന കാര്യമല്ല. അപ്പൻ സമ്മതിക്കുകയില്ല. ഈ മാസത്തിൽത്തന്നെയാണു പരീക്ഷ. ഈ പണി നടത്തിയ ശേഷം പരീക്ഷയ്ക്കുപോകാൻ മാർഗ്ഗമില്ല.'

'എങ്കിൽ അഞ്ചാം പ്രാവശ്യം കഴിഞ്ഞു ആറാമത്ത് എഴുതുന്നതിനു മുൻപ് ഇതു ചെയ്യുക' ഞാൻ പറഞ്ഞു.

ആശയും നിരാശയുമായി ആ യുവാവ് അമ്മയെ സമീപിച്ചു. അമ്മ അപ്പൻെറ സമ്മതം നേടി. നടപ്പടി പൊളിച്ച് അഞ്ചടി താഴ്ത്തിയശേഷം വന്നു. വീണ്ടും പരിശോധന നടന്നി. 'മൂന്നടികൂടെ താഴ്ത്തണം' ഞാൻ നിർദ്ദേശിച്ചു. എട്ടടി താഴെനിന്നു ചെമ്പുതകിട കണ്ടുകിട്ടി. ആറിഞ്ചു നീളം അരഇഞ്ചു വീതി. ഉപദ്രവരാദശക്തി വമിപ്പിക്കുന്ന വസ്തു അതു തന്നെ.

നിരാശ വഴിമാറിക്കൊടുത്തു. ആശങ്കം പൂത്തുലഞ്ഞു. സമർത്ഥനായ ആ വിദ്യാർത്ഥി ദിവസങ്ങൾക്കുള്ളിൽ തയ്യാറായി പരീക്ഷയ്ക്കിരുന്നു. എഴുതി,

www.malankaralibrary.com

പൂർത്തിയാക്കി, വിജയിച്ചു. പിന്നീടു സസന്തോഷം ബിരുദപഠനമാരംഭിച്ചു.

8. എന്റെ ചേട്ടനു വാതരോഗം ഏറിവരുന്നു. ചേട്ടത്തിയും അമ്മയും തമ്മിൽ ഒട്ടും ചേർച്ചയില്ല. സമാധാനക്കേടും രോഗവും ഞങ്ങളുടെ കുടുംബത്തെ അലട്ടുന്നു. അച്ചൻ ദയവായി ഞങ്ങളുടെ വീടു സന്ദർശിച്ചു സഹായ നിർദ്ദേശങ്ങൾ തരണം.' ഒരിക്കലും പരാതി പറയാത്ത ഒരനുജന്റെ പരാതി.

മലനാടിന്റെ പച്ചപ്പട്ടണിഞ്ഞ പ്രദേശം. കുന്നുകളും പാടങ്ങളും ഫലം മുററി നില്ക്കുന്നു. ഒരു ചെറു കുന്നിന്മുകളിൽ പഴയ ഒരു വീട്. പുരയും പറമ്പും രാഭസംവേദനംവഴി ഞാൻ പരിശോധിച്ചു. നിമിഷങ്ങൾക്കുള്ളിൽ അറപ്പടിയുടെ വരാന്ത കഴിഞ്ഞുള്ള നടക്കല്ലിനടിയിൽ എതിരായ രാഭസ്ഫുരണം തിരിച്ചറിഞ്ഞു. അതു പൊളിക്കുന്നതിനും നാലടി അവിടെ താഴ്ത്തി മണ്ണുമാററുന്നതിനും ആവശ്യപ്പെട്ടു. അവർ അതു ചെയ്തു. മൂന്നടി താഴ്ത്തിയപ്പോൾ കറുത്ത കടലാസു കാർഡുകൾ കണ്ടു. തുടർന്ന് ഒരു കുപ്പിയിൽ നെയ് പോലുള്ള കറുത്ത ദ്രാവകം. ദ്രവിച്ച കോർക്കടെപ്പ്.

പിന്നീട് അവർ ആ കുപ്പി എന്നെ കാണിച്ചു. അപ്പോൾ അല്പം പഴയ ചരിത്രം വന്നു. കുടുംബത്തിലെ രോഗവും സമാധാനക്കുറവും എല്ലാം സൽക്കർമ്മങ്ങൾവഴി മാററുന്നതിനു കുറെനാൾ മുമ്പ് ഒരു നമ്പൂതിരി ആയിരംരൂപ പററി. പ്രയോജനം നാസ്തി. പിന്നീട് ഒരു മുസ്ലീം സ്നേഹിതൻ വന്നു. വിളിക്കാതെ വന്നഅയാൾ പറഞ്ഞു: നടക്കല്ലിനടിയിൽ ക്ഷുദ്രമുണ്ടെന്നും അതു മാററാൻ നല്ല തുകയാകുമെന്നും. പക്ഷെ നമ്പൂതിരിയിൽനിന്ന് അനുഭവപാഠം കിട്ടിയ വീട്ടുകാർ അടുത്ത ചെലവു വേണ്ടെന്നു വച്ചു.

ഉപദ്രവ രാഭവസ്തു മാററിയതിന്റെ മുഴുവൻ പ്രയോജനം ആ ഭവനത്തിനു ലഭിച്ചെന്നു പറഞ്ഞുകൂടാ,

www.malankaralibrary.com

എങ്കിലും രോഗത്തിനും തമ്മിൽ വഴക്കിനും ഒരു പരിധിവരെ ശമനമുണ്ടായെന്നുപറയാം.

9. ഒരു ചെറുപ്പക്കാരൻ. നല്ല ആരോഗ്യം. പക്ഷേ അദ്ദേഹം പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ താണുപോകുന്ന പ്രതീതി. 'ഞാൻ ഒരു തൊഴിലാളിയാണ്. നിത്യം പണിയുണ്ട്. പക്ഷേ വീടിനഭിവൃദ്ധിയില്ല. ഭാര്യക്ക് എന്നും അസുഖം. നെഞ്ചിടിപ്പു പലപ്പോഴും വരുന്നു. കുഞ്ഞുങ്ങൾക്കു മരുന്നുമാറാൻ പററുന്നില്ല. എനിക്ക് എന്റെ വീട്ടിൽ വന്നാൽ ഇറങ്ങിപ്പോണമെന്നാണു വിചാരം.'

ഉറകൊള്ളുന്ന ഭൂമി. മഴക്കാലം. ആ പറമ്പിലെ കുളത്തിൽ വെള്ളം തുപ്പിത്തുപ്പിനില്ക്കുന്നു. ചെറിയ പുര. ഓലയും പനമ്പും വച്ചുകെട്ടി ഓല മേഞ്ഞതാണ്. അടിത്തറ കെട്ടിയിട്ടില്ല. ഒരടി ഉയർത്തി മണ്ണു കുട്ടി സിമിൻറിട്ട തറ. പ്രധാനമുറിയിൽ ഉപദ്രവരാഠപ്രസരണമുണ്ടെന്നു രാഠസംവേദനം വെളിപ്പെടുത്തി. ആ മുറിയുടെ നടുക്കുതന്നെ അഞ്ചടി താഴെയാണ്. രണ്ടടി താഴ്ത്തിയാൽ വെള്ളമാണ്. എങ്കിലും ആ കുടുംബനാഥൻ പുരയ്ക്കകം അഞ്ചടി താഴ്ത്തി. മുറിയുടെ അകം മുഴുവൻ കുളമായി. എങ്കിലും ചീഞ്ഞ മുട്ടയും അസഹ്യമായ ദുർഗന്ധമുള്ള മണ്ണും അവിടെനിന്നു നീക്കം ചെയ്തു.

ദിവസങ്ങൾക്കുള്ളിൽ കുടുംബനാഥന്റെ മനോഭാവത്തിൽ മാററം വന്നു. കുടുംബത്തിൽ വരാനും നല്ലൊരു സന്തോഷം തോന്നിത്തുടങ്ങി. ഭാര്യയ്ക്കു ചികിത്സയും ബുദ്ധിപൂർവ്വകമായ വിശ്രമവും ആവശ്യമുണ്ടെന്നു ദോലകം സൂചന നല്കി. ആഴ്ചകൾക്കുള്ളിൽ അവർക്കും കുഞ്ഞുങ്ങൾക്കും ആശ്വാസമനുഭവപ്പെട്ടു.

10. എന്റെ അപ്പനു തളർവാതമാണ്. ശരീരശക്തി കുറഞ്ഞു വരുന്നു. ഞങ്ങളുടെ സാമ്പത്തിക ശേഷി തകർച്ചയിലാണ്, ഒരു കച്ചവടമുണ്ട്. പക്ഷേ

www.malankaralibrary.com

കട ശരിക്ക നടത്താൻ എനിക്ക വളരെ പ്രയാസമാണ്. എനിക്ക കടയിലിരിക്കാൻ ഒട്ടും സാധിക്കന്നില്ല, ഞങ്ങളുടെ വീട്ട് അച്ചൻ സന്ദർശിച്ച പരിഹാരം നിർദ്ദേശിക്കണം.' കേരളത്തിന പുറത്തു ജോലിക്കപോയി തിരിച്ചുവന്ന ഒരു യുവാവ് ജീവിതപ്രശ്നങ്ങളിൽ ആശ്വാസം തേടുകയാണ്.

തരിമണൽനാട്. ധാരളം മുറികളുള്ള ഒരിടത്തരം വീട്. രാദസംവേദന പരിശോധനവഴി മുൻവശത്തെ നടക്കല്ലിന താഴെ ഉപദ്രവ രാദപ്രസരണം കണ്ടെത്തി. അവിടെ അഞ്ചടിതാഴ്ത്തി മണ്ണുമാററാൻ നിർദ്ദേശം നല്ലി. പിതാവിൻെറ രോഗവുമായി ആ പ്രസരണത്തിന പ്രത്യേക ബന്ധമില്ല. എങ്കിലും കുടുംബാംഗങ്ങളുടെ സുസ്ഥിതിക്ക് അതു തടസ്സമാണ്. നടക്കല്ലിന തൊട്ടു ഗേററാണ്. അതിനപ്പുറം റോഡ്. നടക്കല്ലെങ്ങനെ പൊളിക്കും? ആളുകളെന്തു വിചാരിക്കും? ആശങ്കകളുടെ വലയം.

ഏതായാലും അവർ കുഴിച്ചു. ഇരുപത്തിനാലൗൺസിൻെറ ഒരു കുപ്പി കണ്ടെടുത്തു. അതിനകത്തു ചെമ്പുതകിട ചുരുട്ടിയിറക്കിയിരിക്കുന്നു. ഉപദ്രവ രാദപ്രസരണവസ്തു മാററിയതോടെ അസ്വസ്ഥതകളിൽനിന്ന് ഒരു പരിധിവരെ അവർക്ക വിമോചനം കൈവന്നു.

11. തോരാത്ത കണ്ണുനീരുള്ള ഒരു വിധവ. സംസാരിക്കുമ്പോൾ അവരുടെ ശബ്ദം പതറും. കണ്ണു നിറഞ്ഞുകവിയും. 'ഞാൻ ഒരു വിധവയാണ്. എൻെറ മകൻ എന്നെ പൊന്നുപോലെ നോക്കിക്കൊണ്ടു വന്നതായിരുന്നു. ഞാൻ പറഞ്ഞ വിവാഹമാണ് അവൻ ഇഷ്ടപ്പെട്ടതു്. പക്ഷെ ഇപ്പോൾ ഒരു കുഞ്ഞായിക്കഴിഞ്ഞപ്പോൾ അവനു കുഞ്ഞും വേണ്ട, ഭാര്യയും വേണ്ട, അമ്മയും വേണ്ട. അവൻ വീട്ടിൽ വരാതെ വല്ലിടത്തും തങ്ങും. കടത്തിണ്ണയിലുറങ്ങും. വീട്ടിൽ വന്നാലും ഒന്നും തരികയില്ല. ഈ വീട്ടിൽ ക്ഷുദ്രമുണ്ടെന്നു

www.malankaralibrary.com

പലതും പറയുന്നു. അച്ചൻ എന്തെങ്കിലും ചെയ്തു് എന്റെയും പെണ്ണിന്റെയും വേദന മാററിത്തരണം.'

വിദൂരരാദസംവേദനംവഴി ആ വീടും പറമ്പും ഞാൻ പരിശോധിച്ചു. ഒരു ചെറിയ പുര. മുൻവശത്തെ ജന്നലിന്റെ സ്ഥാനത്തു മുമ്പു വാതിലായിരുന്നോ എന്നു ഞാൻ ചോദിച്ചു. അതെ എന്നവർ ഉത്തരം പറഞ്ഞു. ജന്നലിനു പുറത്തു് അഞ്ചടി താഴെ എതിർ രാദ പ്രസരണം കണ്ടു. അവിടെ അഞ്ചടി താഴ്ത്തിക്കുഴിക്കാൻ ഞാൻ ആവശ്യപ്പെട്ടു.

അവർ അവിടെ കുഴിച്ചു. കുന്തിരിക്കവും കരിയും അവിടെനിന്നു കണ്ടുകിട്ടി. പക്ഷെ ഉപദ്രവരാദസ്പുരണം നീങ്ങിയിട്ടില്ല. എന്നിരുന്നാലും അതിന്റെ ശക്തി ക്ഷയിച്ചു കഴിഞ്ഞതായി കാണാം. അവിടെ കൂടുതൽ താഴ്ത്താൻ സാധിക്കുന്നില്ല.

പ്രശ്നം പരിഹരിക്കപ്പെട്ടു എന്നു ഞാൻ കരുതി. പക്ഷെ ഏഴുമാസം കഴിഞ്ഞു് ആ വിധവ അറിയിച്ചു മകനിൽ യാതൊരു മാററവും വന്നിട്ടില്ലെന്നു്. രാദസംവേദനത്തിൽ എന്റെ പരിധിക്കതീതമോ, രാദസംവേദനത്തിനുതന്നെ അതീതമോ ആയ എന്തെങ്കിലും അവിടെ പ്രവർത്തിക്കുന്നുണ്ടാവുമെന്നു് അനുമാനിക്കാൻ ഞാൻ നിർബ്ബന്ധിതനായി.

ആ കുടുംബത്തിന്റെ വേദനയ്ക്കു ശമനം നല്കുന്നതിനുള്ള എന്റെ പരിശ്രമം പരാജയമടഞ്ഞു. കാലം മറിച്ചൊരറിവു നല്കുന്നതുവരെ ആ അനുഭവത്തെ നിഷേധിക്കുന്നതിലർത്ഥമില്ല. യാഥാർത്ഥ്യബോധവും വിനയവും എനിക്കു പകർന്നു തരുകയാണീ അനുഭവം.

12. വളരെ ധനവും ജോലിത്തിരക്കുമുള്ള ഒരു വ്യവസായി. വളർന്നു നില്ക്കുന്ന യുവത്വം. പക്വതയുള്ള ശൈലി. ശാന്തമായ ശബ്ദം. 'ചേട്ടനു

www.malankaralibrary.com

എനിക്കും നല്ല സാമ്പത്തികശേഷിയുണ്ട്. ചേട്ടനെ ഞങ്ങൾക്കും ജോലിക്കാർക്കും വലിയ കാര്യമാണ്. ചേട്ടനും അങ്ങനെയായിരുന്നു. പക്ഷെ ഇപ്പോൾ കുറെ മാസങ്ങളായി ചേട്ടൻ കണ്ടമാനം ദേഷ്യപ്പെടുന്നു. പെട്ടെന്ന് ആരേയും തല്ലാനൊരുങ്ങും. ഓവർസ്പീഡിലേ കാർ ഓടിക്കൂ. അപകടം ഒന്നുരണ്ടു കഴിഞ്ഞു. ചേട്ടത്തിയോടും വെറുപ്പും ദേഷ്യവും കാണിക്കും. എങ്കിലും ചേട്ടൻ പെട്ടെന്നു പശ്ചാത്തപിച്ചു സംസാരിക്കുന്നു. ഞങ്ങളുടെ ബിസ്നസ്സ് ആകെ അനിശ്ചിതത്വത്തിലായി. അച്ചൻ വീടുവരെ ഒന്നുവന്നു ഞങ്ങളെ സഹായിക്കണം.'

ഞാൻ ആ വീട്ടിലെത്തി. പട്ടണപ്രദേശം. നാഷനൽ ഹൈവേയുടെ വക്കിലാണു വീട്. ഒഴിഞ്ഞു സ്ഥലം വെറുതേ ഇടാനില്ല. രണ്ടുനിലക്കെട്ടിടം. ഗേററു മുതൽ കെട്ടിടംവരെ സിമൻറും കോൺക്രീററു മിട്ടിരിക്കുന്നു.

ദോലകം പിടിച്ചു ഞാൻ രാദസംവേദനപരിശോധന നടത്തി. വീടിനകത്തു ശല്യമൊന്നുമില്ല. എങ്കിലും വിചിത്രമായ ഒരനുഭവം ഉപദ്രവരാദപ്രസരണം വീടിനകത്തേക്കൊഴുകി വരുന്നു. മുററവും വഴിയും പരിശോധിച്ചു. തടസ്സമില്ല. ഇനി ഗേററു മാത്രമേയുള്ളൂ. ഇരുമ്പു ഗേററിൻെറ നടുവിൽ എതിർ രാദപ്രസരണം തിരിച്ചറിഞ്ഞു, നാലടി താഴെ. കോൺക്രീററിട്ട ആ സ്ഥലത്തു നാലടി കുഴിച്ചു മണ്ണും കല്ലും മാററുക എന്നു ഞാൻ നിർദ്ദേശം നല്കി. 'ഇതെന്തു ഭ്രാന്താണെന്നാളുകൾ വിചാരിക്കുകയില്ലേ? സദാ ട്രാഫിക്കുള്ള നാഷനൽ ഹൈവേയല്ലേ?' വീട്ടുകാർ സംശയമുന്നയിച്ചു. 'ആരു് എന്തു വിചാരിച്ചാലും വേറെ പ്രതിവിധിയൊന്നും എനിക്കുപറയാനില്ല' ഞാൻ തറച്ചു പറഞ്ഞു.

പിന്നീടു നിശ്ചിത സ്ഥാനത്തു് അവർ വെട്ടി കുഴിച്ചു. മൂന്നടി താഴ്ത്തിയപ്പോൾ കരിനിറച്ച മൺ

www.malankaralibrary.com

കുടത്തിന്റെ നിക്ഷേപം കണ്ടു. അതു് ഉടഞ്ഞുപോയെങ്കിലും അതേപടി എടുത്തു് എന്റെയടുക്കൽ കൊണ്ടുവന്നു. ഉപദ്രവരാദവസ്തുവാണതെന്നു തീർച്ച. അതു മാറിയതോടെ ഗേററിങ്കലുള്ള തടസ്സം നീങ്ങിയതായി വിദൂരരാദസംവേദനം വ്യക്തമാക്കി.

ക്ഷുദ്രവസ്തു കണ്ടെടുത്തതുകൊണ്ടു പ്രശ്നം തീർന്നില്ല. കൈവിഷത്തിന്റെ സ്വാധീനം സൂചിപ്പിക്കുന്ന പ്രത്യേകതകളിലേയ്ക്കു വിരൽ ചൂണ്ടുന്നതാണു് ആദ്യനിവേദനം. രാദസംവേദന പരിശോധനവഴി കൈവിഷത്തിന്റെ സ്വാധീനവും കണ്ടുകിട്ടി. കൈവിഷത്തിനു ചികിത്സ ആവശ്യകമാണു്. അലോപതിക്കു ഈ രംഗത്തു കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞെന്നു വരുകയില്ല. ആയുർവേദചികിത്സ രോഗശാന്തി നല്കും. അതുകൊണ്ടു വിദഗ്ദ്ധ ചികിത്സകനെ നിർദ്ദേശിച്ചുകൊടുത്തു.

അങ്ങനെ ഒരു കുടുംബം സമാധാനത്തിന്റെ പാതയിലെത്തി.

13. 'എന്റെ മകൾ ഏഴാം സ്റ്റാൻഡാർഡിൽ പഠിക്കുന്നു. ഇപ്പോൾ അവൾ ആശുപത്രിയിലാണു്. നട്ടെല്ലിനു രോഗം. ഒരു നടക്കല്ലിൽ തട്ടിവീണശേഷമുണ്ടായതാണു്. നട്ടെല്ലിനു് ഓപ്പറേഷൻ വേണ്ടിവരുമെന്നും കുട്ടിക്കു് അതിനു ശക്തിയില്ലെന്നും ഡോക്ടർ പറഞ്ഞു. ഓപ്പറേഷൻ ചെയ്താൽ കുട്ടിക്കപകടമുണ്ടാകുമെന്നു ജോത്സ്യൻ. വീട്ടിൽ ക്ഷുദ്രമുണ്ടെന്നു ചിലർ, ഇല്ലെന്നു ചിലർ. കുഞ്ഞിനെ നോക്കുന്ന സിസ്റ്ററന്മാർ പറഞ്ഞു അച്ചനെ സമീപിച്ചാൽ കാര്യം ശരിയാകുമെന്നു്. കുട്ടിക്കു വളരെ നിർണ്ണായകമായ സമയമാണിതു്. ഞാൻ ഹിന്ദുവാണെങ്കിലും അച്ചൻ എന്റെ വീട്ടിൽ വരണേ.' അഗാധവന്ദനവുമായി സൂര്യാസ്തമനസമയത്തു കയറിവന്ന ഹൈന്ദവ സഹോദരന്റെ വാക്കുകൾ.

www.malankaralibrary.com

വിദൂരരാദസംവേദനംവഴി സാധിക്കുന്ന സഹായം നല്കാമെന്നു ഞാനുറപ്പുകൊടുത്തു. പെൺകുട്ടിയുടെ കൈയക്ഷരവും വീടിൻെറ പ്ളാനുമായി അയാൾ അടുത്ത ദിവസം വീണ്ടും വന്നു. ഞാൻ പരിശോധിച്ചു.

മുൻവശത്തു വാക്പ്പെണിയുള്ള ഒരു പുര. പുതിയതാണ്. കെട്ടിടം ചെറുത്. മുൻവശത്തു നടക്കല്ലുണ്ട്. അതിനു രണ്ടുപടികൾ. ഉപദ്രവരാദപ്രസരണം നടക്കല്ലിന് അഞ്ചടി താഴെനിന്നു വരുന്നു. കുട്ടിയുടെ ശരീരസുസ്ഥിതിക്കു തടസ്സം വരുത്തുന്ന പ്രസരണമാണെന്നു വ്യക്തം. അവിടെ അഞ്ചോ ആറോ അടി താഴ്ത്തി വേറെ മണ്ണിട്ടു നിറയ്ക്കുക എന്നു ഞാൻ നിർദ്ദേശിച്ചു.

കുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥയിൽ ഉടനെ ഓപ്പറേഷൻ ചെയ്യാതിരിക്കുകയാണുത്തമമെന്നും പിന്നീട് ഓപ്പറേഷൻ കൂടാതെ സുഖം പ്രാപിക്കാൻ വഴിയുണ്ടെന്നും ദോലകം സന്ദേശം നല്കി.

പറഞ്ഞ പ്രകാരം നടക്കല്ലുമാററി. അവിടെ കുഴിച്ചു. മാന്തിയെടുത്തമണ്ണിൽ കരിയും ഇരുമ്പിൻെറ തുരുമ്പും വ്യക്തമായിക്കണ്ടു. പുരയുടെ മുൻവശം ഇടിഞ്ഞുപോകുമോ എന്ന ഭയം. എന്നിട്ടും കുഴി മൂടുന്നതിനു മുമ്പ് ആളിവിടെ എത്തി. ഉപദ്രവരാദപ്രസരണം നീങ്ങിയെന്നു പരിശോധന വ്യക്തമാക്കി.

അതിശയംതന്നെ. കുട്ടിയുടെ രോഗത്തിന് അടുത്ത ദിവസംമുതൽ ശമനം കണ്ടുതുടങ്ങി. കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഓപ്പറേഷൻ കൂടാതെ തന്നെ കുട്ടിയെ ആശുപത്രിയിൽനിന്നും പുറത്തുവിട്ടു. ഓപ്പറേഷൻ വേണ്ടെന്നുവച്ച സാഹചര്യത്തെക്കുറിച്ചു പ്രധാന ഡോക്ടർക്കു് എന്തോ അതൃപ്തി വന്നെന്നു കേട്ടു.

14. തടിമിടുക്കുള്ള ഒരു യുവാവ്. സമ്പത്തിൻെറ കുറവുകൊണ്ടു തെല്ലുടവു കാണാം ആ ശരീരത്തിലും മുഖത്തും. 'എൻെറ വീട്ടിൽ സമാധാനമില്ല.

www.malankaralibrary.com

രണ്ടുപേർ പുറപ്പെട്ടുപോയി. ഇപ്പോൾ ഞങ്ങൾ ചായക്കട നടത്തുകാ. പക്ഷെ കടയിൽ ആരും കേറുന്നില്ല. എന്തോ ക്ഷുദ്രമുണ്ടെന്നു പലരും പറയുന്നു. ഞങ്ങളുടെ വീടും കടയും മെച്ചപ്പെടാൻ അച്ചൻ വേണ്ടതു ചെയ്യണേ.' അപ്പന്റെ സഹോദരൻ ഞങ്ങളെ ദ്രോഹിക്കുന്നു. വളരെ ഭീഷണികൾ കഴിഞ്ഞതാ. മുമ്പൊക്കെ തല്ലാനും കൊല്ലാനും വരുമായിരുന്നു. ഇപ്പോ പിന്നെ അതൊന്നും ചെലവാകുകേല.'

വിദൂരരാദസംവേദനംവഴി ആ വീടും കടയും ഞാൻ പരിശോധിച്ചു. രണ്ടിനും അടിത്തറയില്ല. മണ്ണിൽ കെട്ടിയ ഓലപ്പുരകൾ. രണ്ടിടത്തും പ്രധാന വാതിലിക്കൽ അഞ്ചാറടി താഴെ എതിരായ രാദപ്രസരണം കണ്ടെത്തി. അതിന്റെ കേന്ദ്രമായ വസ്തുക്കൾ കുഴിച്ചെടുത്തു പുറത്തുകളയണമെന്നു നിർദ്ദേശം കൊടുത്തു.

കുഴിച്ച ഇടങ്ങളിൽനിന്നു ധാരാളം കരി കണ്ടുകിട്ടി. കൃത്രിമമായി വന്നവതന്നെ. അവയെല്ലാം നീക്കംചെയ്തു. അതു സംബന്ധിച്ച് അപ്പന്റെ സഹോദരനുമായി വാക്കുതർക്കം നല്ലപോലെ നടന്നു. പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല. പഴയ തണ്ടും തടിയും കൊഴിഞ്ഞുവീണിട്ടു കാലം കുറെ ആയി. അതുകൊണ്ട് അടുത്തപടി ഉടനെ മെത്രാനച്ചന് ഒരു പരാതി എഴുതി അയച്ചു. പേരുവച്ചു തന്നെ. അയാളുടെ കുടുംബസമാധാനം ഒരച്ചൻ തകർത്തുകളഞ്ഞെന്നും അയാൾ ക്ഷുദ്രം ചെയ്തു എന്ന് അച്ചൻ പറഞ്ഞുവിട്ടു എന്നും അയാളുടെ ജീവനെതിരേ ഭീഷണിയുണ്ടായെന്നും വന്ദ്യപിതാവിടപെട്ടു രക്ഷിക്കണമെന്നുമാണു ചുരുക്കം. പരാതിയുടെ ഒരു കോപ്പി കാർബൺ കടലാസിൽ എനിക്കും പോസ്റ്റുവഴി അയച്ചുതന്നു.

ഞാൻ വിവരമറിഞ്ഞു. മെത്രാനച്ചനും അറിഞ്ഞിരിക്കാം. ഇരുപത്തഞ്ചു പൈസയുടെ പോസ്റ്റുകവ

www.malankaralibrary.com

റിൽ വന്നെത്തുന്ന വിവരങ്ങൾക്കുള്ള കുറഞ്ഞവില എവിടെയുമുണ്ടാകാം. മററൊന്നും സംഭവിച്ചില്ല.

ക്ഷുദ്രം ചെയ്യാനും ചെയ്യിക്കാനും ഇടപ്പെട്ടവർ ആരാണെന്നെനിക്കറിവില്ല. അവരുടെ ലക്ഷ്യം പാളി. ആരാണു കുററം ചെയ്തതെന്നു ദൈവമറിയുന്നു. ശിക്ഷയും രക്ഷയും അവിടുത്തെ തിരുക്കരങ്ങളിലത്രെ.

15. ഒത്ത ഉയരവും വണ്ണവുമുള്ള ഒരു തൊഴിലാളി. കൈമുട്ടു മുതൽ മന്തുപോലെ നീരുണ്ട്. കൈപ്പത്തി മത്തങ്ങ പോലെ വീർത്തിരിക്കുന്നു. 'നാലഞ്ചുവർഷമായി വഴക്കൊഴിഞ്ഞിട്ടു നേരമില്ല. തൊഴിലുണ്ടെങ്കിലും മിച്ചമൊന്നുമില്ല. നിത്യം രോഗമാണ് ആർക്കെങ്കിലുമൊക്കെ. സ്വന്തം ബന്ധുക്കളുമായി അടിപിടിയും പോലീസുകേസുമൊക്കെ കഴിഞ്ഞു. എന്റെ കൈയ്യു നീരാണ്. അച്ചൻ കണ്ടില്ലേ? പണിക്കുപോകാൻ നിവൃത്തിയില്ല. ആശുപത്രിയിലും വൈദ്യന്റെയടുത്തും പോയതാണ്. നീരു കുറവില്ല. പലരും പറയുന്നു വീട്ടിൽ എന്തോ ക്ഷുദ്രമാണെന്ന്. അച്ചൻ അതു പരിഹരിച്ചു തരണം.' പല പോരാട്ടങ്ങളുടെ അടയാളങ്ങൾ ശരീരത്തിലുള്ള ഒരു മനുഷ്യവ്യക്തിയുടെ നിവേദനം.

വിദൂരരാദസംവേദനംവഴി അയാളുടെ വീടും പറമ്പും ഞാൻ പരിശോധിച്ചു. പുരയിലും പറമ്പിലും തടസ്സങ്ങളില്ല. പക്ഷെ അടുക്കളയായുപയോഗിക്കുന്ന ഓലമേഞ്ഞ കുടിലിന്റെ വാതുക്കൽത്തന്നെ അഞ്ചടി താഴെ ഉപദ്രവരാദപ്രസരണം മനസ്സിലാക്കാൻ കഴിഞ്ഞു. അവിടെ അഞ്ചടി താഴ്ത്താൻ പറഞ്ഞു. നാലടി താന്നുകഴിഞ്ഞപ്പോൾ തേങ്ങാ, മുട്ടത്തോട്, കരി എന്നിവ കണ്ടുകിട്ടി. അവ മാററിയതോടെ ഉപദ്രവരാദപ്രസരണമില്ലാതായി. അന്നുമുതൽ കൈയ്യുടെ നീരു വററിത്തുടങ്ങി. അസ്വസ്ഥതകൾ നീങ്ങിത്തുടങ്ങി. ആ തൊഴിലാളികുടുംബം സമാധാനമുള്ള സാധാരണ ജീവിതത്തിലേയ്ക്കു കടന്നു.

www.malankaralibrary.com

എട്ടുമാസം കഴിഞ്ഞൊരുദിവസം ഈ മനുഷ്യൻ ഭാര്യയെക്കൂട്ടിക്കൊണ്ടു് എന്നെ വീണ്ടും കാണാൻ വന്നു. ഭാര്യ പ്രസവിച്ചിട്ടു് ഒരു മാസമേ ആയുള്ളൂ. രാത്രി ഉറക്കമില്ല. വേദനയും സംഭ്രമവും. മരുന്നു കഴിച്ചിട്ടും ഫലിക്കുന്നില്ല. എന്തോ അപകടമുണ്ടെന്നു ആശങ്ക. വീണ്ടും പരിശോധന ആവർത്തിച്ചു. ഒരു വിധ തടസ്സവും കാണാനില്ല, പറമ്പിലും വീട്ടിലും. രാദ സംവേദനം വഴി ആ സ്ത്രീയുടെ രോഗനില പരിശോധിച്ചു. 'താടിയെല്ലിൽ എന്താണു കുഴപ്പം?' ഞാൻ ചോദിച്ചു. 'പല്ലെടുത്തതാണു്. അവിടെ വേദന വന്നു. പക്ഷെ സാധാരണ മരുന്നൊക്കെ കഴിച്ചിട്ടും ഭയങ്കര വേദനതന്നെ' സ്ത്രീ പറഞ്ഞു. 'ദന്തവൈദ്യനെ വീണ്ടും കാണുക. അദ്ദേഹത്തിൻെറ മരുന്നുകൊണ്ടു രോഗം മാറും. വേദനയും പോകും' എന്നു ഞാൻ നിർദ്ദേശിച്ചു. എല്ലാ ആശങ്കകളിൽനിന്നും വിമോചനം കൈവന്ന സംതൃപ്തിയോടെ അവർ യാത്ര പറഞ്ഞു.

16. ഭർത്താവിനും ഭാര്യയ്ക്കും ജോലിയുണ്ടു്. രണ്ടു പേരും വിദ്യയുള്ളവർ. സംതൃപ്തമായ കുടുംബം. പക്ഷെ വീട്ടിൽ മിക്കവാറും ആർക്കെങ്കിലും ചികിത്സ ആവശ്യകമാകും. സമാധാനക്കുറവു്; മിച്ചസമ്പത്തിൻെറ ചോർച്ച മുതലായ കാര്യങ്ങൾകൊണ്ടു് അസ്വസ്ഥതകളുണ്ടു്. വീട്ടിൽ ക്ഷുദ്രമുണ്ടെന്നു് ആരോ ഒക്കെ പറയുന്നു. ഭാര്യയ്ക്കു് ആഗ്രഹമുണ്ടു് അങ്ങനെ പറയുന്നതു നേരാണോ എന്നറിയാൻ. പക്ഷെ ഭർത്താവിനു് ഇത്തരം കാര്യങ്ങളിൽ വിശ്വാസമില്ല. അങ്ങനെ സങ്കല്പിക്കുന്നതുപോലും വിദ്യാഭ്യാസത്തിനും ക്രൈസ്തവ വിശ്വാസത്തിനും അനുയോജ്യമല്ല എന്നാണു് അയാളുടെ അഭിപ്രായം. എങ്കിലും ഭാര്യയുടെ നിർബന്ധം മൂലം ഭർത്താവു് അനുവാദം നല്കി. പറമ്പും വീടും പരിശോധിക്കുന്നതിനു ഭാര്യ വന്നു് എന്നെക്കണ്ടു.

വിദൂരരാദസംവേദനംവഴി വീടും പറമ്പും ഞാൻ പരിശോധിച്ചു. വീടിൻെറ വശത്തുള്ള നടക്കല്ലിനു്

www.malankaralibrary.com

ആറടിതാഴെ ഉപദ്രവ രാദപ്രസരണം കണ്ടെത്തി. അവിടെ ഏഴടി താഴ്ത്താൻ നിർദ്ദേശം കൊടുത്തു. ഏഴടി താഴത്തിയപ്പോറം ഒരു മൺപാത്രം തകർന്നവിധം കിട്ടി. കുടമാണ്. വക്കമുതൽ വയറുവരെ പരന്നിരിക്കുന്നു എന്നൊരു വ്യത്യാസം. അതു പുറത്തെടുത്തപ്പോറം മറെറാന്നുകൂടെക്കാണാം. രണ്ടാമത്തേതു കേടുകൂടാതെ കിട്ടി. ഒരടിവ്യാസം. തടിച്ച വക്ക്. വക്കും വയറും ഒരേ നിരപ്പിലാണ്. വയറുമുതൽ സാധാരണ കുടത്തിൻെറ ആകൃതി. അകത്തുമുഴുവൻ ചെളിനിറച്ചിരിക്കുന്നു. മൺകുടം എന്തു ചെയ്യണം? അതൊരു പ്രശ്നമായി.

വിശ്വാസമില്ലാതിരുന്ന ഭർത്താവിനു് ഒരു പ്രായശ്ചിത്തം. അതു പൊതിഞ്ഞു കെട്ടിച്ചുമന്നുകൊണ്ടു് അദ്ദേഹം എൻെറയടുക്കൽ വന്നു. ഉപദ്രവകരമായ രാദപ്രസരണം അതിനു് അപ്പോഴുമുണ്ടായിരുന്നു. അതു് അടുത്തുള്ള കായലിൽ കൊണ്ടുപോയിക്കളയാൻ ഞാൻ നിർദ്ദേശം കൊടുത്തു. ആരാണു് അവിശ്വാസി എന്നു ഞാൻ ചോദിച്ചു. ജീവിതത്തിൽ ഒരു പുതിയ ലോകം കണ്ടെത്തിയ പ്രതീതിയായിരുന്നു ആ മനുഷ്യനു്. അന്ധവിശ്വാസമെന്നും അഭ്യസ്ഥവിദ്യനു് അയോഗ്യമെന്നും ഇന്നുവരെ തോന്നിയിരുന്നതു ശാസ്ത്രീയമായ ഒരു യാഥാർത്ഥ്യമാണെന്നയാറംക്കു മനസ്സിലായി. പുതിയ അനുഭവപാഠം പുതിയ ഭാവിയുടെ നാന്ദിയായി.

17. ഒരു പിതാവു കുടുംബ പ്രശ്നങ്ങറം ഇങ്ങനെ വിവരിച്ചു. 'സ്വസ്ഥതയുണ്ടായിരുന്ന ഒരു വീടാണു് എൻേറതു്. പക്ഷെ ഇപ്പോറം കുറെനാളായി എല്ലാം കലങ്ങിക്കിടക്കുന്നു. കുട്ടികറം തമ്മിൽ വഴക്ക്. ഞാൻ ഒരു കട നടത്തിയിരുന്നു. നഷ്ടമായതുകൊണ്ടു പിന്നീടതു നിറുത്തി. മകനു കല്യാണം പലതു വരുന്നുണ്ടെങ്കിലും ഒന്നും ഉറയ്ക്കുന്നില്ല ഈ കളി തുടങ്ങിയിട്ടു കുറെ കൊല്ലങ്ങളായി. അങ്ങു് എൻെറ ദുരിതങ്ങറം മാറാൻ സഹായിക്കണം.'

www.malankaralibrary.com

അയാളുടെ വീടും പറമ്പും ഞാൻ പരിശോധിച്ചു, വിദൂരരോദസംവേദനം വഴി. മുൻവശത്തെ നടക്കല്ലിനടിയിൽ ആറേഴടി താഴെ ഉപദ്രവരോദപ്രസരണം കണ്ടുപിടിച്ചു. 'അത്രയും ആഴത്തിൽ കുഴിക്കുക, മണ്ണു മാററുക' ഞാൻ നിർദ്ദേശം കൊടുത്തു.

അഞ്ചടി താഴെ കരി കിട്ടി. കൂടെ ഒരു കുപ്പിയും. ഇനിയും താഴ്ത്തണമോ? ആരോടാണു ചോദിക്കുക? ആരാണുത്തരം പറയുക. അയാൾ എൻെറ അടുത്തുതന്നെ വന്നു. വീണ്ടും ഞാൻ സ്ഥലപരിശോധന നടത്തി. മൂന്നടികൂടെ താഴണം. എങ്കിലേ ദൂഷിതരോദശേഷി ഇല്ലാതാവുകയുള്ളൂ. അയാൾ പോവുകയും എട്ടടി താഴ്ത്തി മണ്ണു മാററുകയും ചെയ്തു. കൃത്രിമ വസ്തുക്കളൊന്നും പിന്നീടു കൂടുതലായി കണ്ടുകിട്ടിയില്ല. പക്ഷേ, അങ്ങനെ കണ്ടുകിട്ടാത്തപ്പോഴും ഉപദ്രവരോദസ്ഫുരണമുള്ള മണ്ണുമാററാതെ അതിൻെറ പ്രഭവസ്ഥാനം മാറിയെന്നു വരുകയില്ല.

18. 'അച്ചോ, എൻെറ വീടു കടപ്പുറത്താണ്. പത്തു സെൻറു സ്ഥലത്താണു താമസം. ഒരു ചെറിയ കുടിലുണ്ട്. എൻെറ ഭർത്താവു കുറെ വർഷങ്ങൾക്കു മുമ്പു മരിച്ചു. പിന്നീടു മൂത്ത മകൾക്കു തലവേദന തുടങ്ങി. കുറെക്കഴിഞ്ഞു് അവൾ ഒരു ചെറുക്കനോടുകൂടെ ഓടിപ്പോയി. ഇനി എനിക്ക് ഒരു ഇളയ മകൾ മാത്രമേയുള്ളൂ. ഇപ്പോൾ അവൾക്കും തലവേദനയാണെന്നു പറയുന്നു. എൻെറ ഭയം അവളും മററവളെപ്പോലെ വല്ല ആപത്തിലും ഉൾപെടുമോ എന്നാണ്. അതുകൊണ്ട് അച്ചൻ ഇപ്പോൾത്തന്നെ വന്നു ഞങ്ങളുടെ പ്രയാസം മാററിത്തരണം.' നെററിയിലും മുഖത്തും ജീവിത ക്ലേശങ്ങളുടെ അടയാളങ്ങൾ സുലഭമായിരുന്ന ഒരു സ്ത്രീയുടെ വാക്കുകൾ.

എൻെറ ഭവനത്തിലിരുന്നുകൊണ്ട് ആ സ്ത്രീയുടെ വീടും പറമ്പും ഞാൻ പരിശോധിച്ചു. ഒരു കുടിലാണു വീട്. മെടല മുറികൾ. ഒരു വാതിലും രണ്ടു മുറി

www.malankaralibrary.com

കളും. വാതില്ക്കൽ നടക്കല്ലില്ല. അകത്തു തിണ്ണ തല്ലിയിട്ടില്ല. വാതിലിനു പുറത്തു പ്രവേശനസ്ഥാന ത്തു് അഞ്ചടിതാഴെ എതിരായ രാദപ്രസരണം കണ്ടെ ത്തി. അവിടെ അഞ്ചടി താഴ്ത്തുകയാണാവശ്യമെന്നു് അവരെ അറിയിച്ചു.

മൂന്നടി താഴ്ചയായതുമുതൽ കരിയും കല്ക്കരി കഷണങ്ങളും ചില തട്ടുകളിൽനിന്നു കണ്ടുകിട്ടി. അ ഞ്ചടിയായപ്പോഠം മണ്ണു മാത്രമായി. ഉപദ്രവരാദ പ്രസരണം നീങ്ങിയിരിക്കുന്നു എന്നും തെളിവായി.

കുടുംബത്തിന്റെ പ്രശ്നങ്ങളെല്ലാം തീർന്നില്ലെ ങ്കിലും പെണ്ണിന്റെ തലവേദന പമ്പകടന്നു. അതാ യിരുന്നു രണ്ടാഴ്ചക്കുള്ളിൽ വന്ന വാർത്ത.

19. പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള ഒരു യുവാവു്. അദ്ദേഹത്തിന്റെ വീട്ടിലെ വേദനകളുടെ ചുരുക്കം ഇങ്ങനെ നിവർത്തു. 'ഞാൻ കോളജിൽ പഠി ക്കുന്നു. കുറെ നാളായി ചേട്ടൻ നിയന്ത്രണം വിട്ടു കുടി തന്നെ കുടി. പണം കണ്ടമാനം ധൂർത്തടിക്കുന്നു. ഒന്നു പറഞ്ഞു രണ്ടാമത്തേതിനു കേറിയടിക്കും ചിലപ്പോഠം. അങ്ങനെ ചില ക്രിമിനൽകേസുകഠം ഇപ്പോഠം നട ക്കുന്നു. കുടിച്ചില്ലെങ്കിൽ എല്ലാവരോടും കാര്യമാണു്. കുടിച്ചിട്ടുവന്നാൽ പിന്നെ വഴക്കും. സ്വന്തം സഹോദ രങ്ങളെപ്പോലും പിന്നെ കണ്ടുകൂടാ.

പത്തുവർഷം മുമ്പു് ആലപ്പുഴ ഭാഗത്തുനിന്നു കത്തോലിക്കനല്ലാത്ത ഒരച്ചനെ വീട്ടിൽ കൊണ്ടുവന്നു. അദ്ദേഹം പുരക്കകത്തുനിന്നും പറമ്പിൽനിന്നും ചില തകിടുകളും സാധനങ്ങളുമെടുത്തു. അന്നു സർപ്പദോഷ മുണ്ടെന്നദ്ദേഹം പറഞ്ഞു. അതു പഴയ കാര്യം.

ഞങ്ങഠംക്കും നാട്ടുകാർക്കും വേണ്ടപ്പെട്ടവനായ ചേ ട്ടന്റെ പ്രകൃതമാററം കണ്ടാൽ തോന്നും കൈവിഷമോ ക്ഷുദ്രോത്രമോ മറേറാ ഉണ്ടെന്നു്. പലരും പലതും പറ യുന്നു. അച്ചൻ ചില കുടുംബങ്ങളിലെ പ്രശ്നങ്ങഠം

www.malankaralibrary.com

പരിഹരിച്ചതായി ഞങ്ങൾ അറിഞ്ഞു. ഞങ്ങളെ സഹായിക്കണം.'

രാദസംവേദനത്തിനു ദൂരം തടസ്സമല്ലാത്തതിനാൽ എൻെറ മുറിയിലിരുന്നുകൊണ്ടു് ആ യുവാവിൻെറ വീടും പറമ്പും ഞാൻ പരിശോധിച്ചു. വലുതും ചെറുതുമായ രണ്ടു പുരകളുണ്ടു പറമ്പിൽ. വലിയ പുരയുടെ പ്രധാന നടക്കല്ലിനും ചെറിയ നടക്കല്ലിനും അടിയിൽ നിന്നു് ഉപദ്രവരാദസ്ഫുരണം വ്യക്തമായി പിടിച്ചെടുത്തു. ആദ്യത്തേതിനു പതിനാലും രണ്ടാമത്തേതിനു മുപ്പതും വർഷങ്ങൾ പഴക്കം കണ്ടേക്കും. ആദ്യത്തേതിനു് അഞ്ചടിയും അടുത്തതിനു് എട്ടടിയും താഴ്ത്തിക്കഴിക്കുക എന്നു നിർദ്ദേശം നല്കി.

ആദ്യത്തെ സ്ഥാനത്തു രണ്ടടി താഴ്ന്നപ്പോൾ ചെളിനിറഞ്ഞ കരിക്കുകൾ, ചിരട്ടകൾ എന്നിവ കണ്ടു.- എതിർപ്രസരണം പിന്നേയും തുടർന്നിരുന്നു. അഞ്ചടിയായപ്പോൾ അതു് അപ്രത്യക്ഷമായി. രണ്ടാമത്തെ സ്ഥാനത്തു് ഏഴര അടി താഴ്ത്തിയപ്പോൾ ഭയങ്കര ദുർഗന്ധമുണ്ടായി. ദ്രവിച്ച ചിരട്ടകൾ കണ്ടുകിട്ടി. എട്ടടി താഴ്ത്തിക്കഴിഞ്ഞപ്പോൾ ഉപദ്രവരാദസ്ഫുരണമില്ലാതായി.

ചേട്ടൻെറ ശരീരപരിശോധനയിൽനിന്നു ദോലകം വ്യക്തമാക്കി അയാളിൽ കഴിഞ്ഞ പത്തു വർഷങ്ങളായി കൈവിഷശല്യമുണ്ടെന്നു്. അതു പരിഹരിക്കാൻതക്ക ചികിത്സാവിദഗ്ദ്ധനെ നിർദ്ദേശിച്ചുകൊടുത്തു.

വലിയ പ്രതീക്ഷയോടെ വിദ്യാർത്ഥി മടങ്ങിപ്പോയി. പിന്നീടെന്തു സംഭവിച്ചെന്നു വിവരം ലഭിച്ചിട്ടില്ല. മദ്യാസക്തിയെ ജയിക്കാൻ മദ്യപാനി മനസ്സായാൽ കൈവിഷത്തിൽനിന്നോ ക്ഷുദ്രവസ്തുക്കളിൽനിന്നോ ഉള്ള ശല്യങ്ങളേയും വിപരീത സ്വാധീനങ്ങളേയും ജയിക്കാൻ കഴിയും. ഒരു കുടുംബത്തിനു സമാധാനത്തിൻേറയും ഐശ്വര്യത്തിൻേറയും പാത കാട്ടി

www.malankaralibrary.com

എന്നതാണ് എൻെറ സേവനം. എന്നാൽ ആ പാത യിലൂടെ മുന്നോട്ട നീങ്ങുന്നവർ മാത്രമേ ലക്ഷ്യത്തിലെ ത്തുകയുള്ളു.

20. ഒരു പിതാവ്. വാർദ്ധക്യത്തിലെത്തിക്ക ഴിഞ്ഞു. രോഗിയാണ്, കൂലിപ്പണിക്കാരനായിരുന്നു. ഇപ്പോൾ പണിയെടുക്കാൻ ശേഷിയില്ല. രണ്ടാംകെ ട്ടിലെ ഭാര്യയും ഹൃദ്രോഗം. അവരിൽ അയാൾക്ക് അഞ്ചു മക്കൾ. നാലു യുവതികൾ വിവാഹിതരല്ല. ഇളയ പെൺകുട്ടികൾ വിവാഹപ്രായമടുത്തുവരുന്നു. വിവാഹപ്രായം കഴിഞ്ഞ ഒരു യുവതിയെപ്പററി അ യൽക്കാർ ശാ ശീ പറയുന്നുണ്ട്. വകയിൽ ഒരാങ്ങള യായ ഒരു വിടൻ അവിടെ വരവും പോക്കുമുണ്ട്. അ ങ്ങനെ വന്നും പോയും കഴിഞ്ഞപ്പോൾ പെണ്ണിനെ ഗവൺമെൻറു ക്ളിനിക്കിൽ കൊണ്ടുപോയി നാണ ക്കേടൊഴിവാക്കിയെന്നു പരാതി. ഈ പെണ്ണിനു കല്യാണമുറയ്ക്കുന്നില്ല. വീട്ടിൽ എന്തോ ക്ഷുദ്രം ചെയ്തി ട്ടുണ്ടെന്നു ശ്രുതി. അവർ എൻെറ സഹായം തേടി.

ചെളിയും മണ്ണും നിറഞ്ഞ നികത്തുഭൂമി. മുമ്പിൽ തോട്. പുറകിൽ കണ്ടം, ഒരു കൊച്ചു വീട്. ഓല മേഞ്ഞിരിക്കുന്നു. രണ്ടു മുറികളും രണ്ടു ചാർത്തുകളുമു ണ്ട്. വിദൂരരാദസംവേദനംവഴി ഞാൻ പരിശോധന നടത്തി. പ്രധാന മുറിയുടെ പുറകുവശത്തു വാതിലും നടക്കല്ലുമില്ല. എങ്കിലും അവിടെ അഞ്ചടി ആഴ ത്തിൽനിന്ന് ഉപദ്രവരാദപ്രസരണം തിരിച്ചറിഞ്ഞു. അവിടെ മുമ്പു ചവിട്ടുകല്ലുണ്ടായിരുന്നോ എന്നു ഞാൻ ചോദിച്ചു. ഉണ്ടായിരുന്നെന്ന് അവർ പറഞ്ഞു. അ വിടെ അഞ്ചടി താഴ്ത്തി മണ്ണു മുഴുവൻ മാററാൻ ഞാൻ നിർദ്ദേശം നല്കി. അവിടെ അഞ്ചടി കുഴി ച്ചപ്പോൾ ചിരട്ടക്കരി, തലമുടി, എല്ലു ചീളുകൾ എ ന്നിവ കണ്ടുകിട്ടി. അവ മാററിയതോടെ ഉപദ്രവരാദ പ്രസരണമില്ലാതായി,

www.malankaralibrary.com

പെണ്ണിൻെറ വിവാഹം ഉറച്ചു. അതു നടന്നു. പക്ഷെ, അതിനുമുമ്പുതന്നെ വൃദ്ധൻ ലോകത്തോടു യാത്ര പറഞ്ഞു. വളരെക്കുറച്ചു മാസങ്ങൾ മാത്രം കഴിഞ്ഞു, ഹൃദ്രോഗത്തിൻെറ രണ്ടാം ആക്രമണത്തിൽ അഞ്ചു മക്കളുടെ അമ്മ മരണമടഞ്ഞു. അതൊരത്യാഹിതമെന്നപോലെയാണു സംഭവിച്ചതു്.

രണ്ടു മരണങ്ങളും രോഗം മൂലമാണുണ്ടായതെന്നു തീർച്ച. ക്ഷുദ്രവസ്തുക്കൾ നീക്കം ചെയ്യുന്നതും മരണവുമായി ഈ കുടുംബത്തിൻെറ സാഹചര്യത്തിൽ ബന്ധമൊന്നുമില്ല. രോഗാവസ്ഥയുടെ സ്വാഭാവിക ഫലങ്ങൾ പ്രകൃതിയിൽ അനുഭവപ്പെടാതെ തരമില്ല. ക്ഷുദ്രവസ്തുക്കൾ മാററുന്നതുകൊണ്ടു് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും എന്ന അനുമാനം ശരിയല്ല.

ഈ കുടുംബത്തെ സംബന്ധിച്ചു് ഒരു കാര്യം വ്യക്തമാണു്. ഇന്നത്തു പുരോഗതിയുടെ പാതയിലൂടെ മുന്നോട്ടാണു നീങ്ങുന്നതു്.

21. ഒരപ്പനും മകനും. രണ്ടുപേരും തൊഴിലാളികൾ. ദിവസവും നന്നായി പണിയെടുക്കും. മിച്ചമൊന്നുമില്ല. എന്തു കിട്ടിയാലും ചെലവുതന്നെ. അപ്പനും അമ്മയും തമ്മിൽ തർക്കം. മകനും അമ്മയും തമ്മിൽ തർക്കം. കുടുംബത്തിൽ സ്വൈര്യമില്ല. അപ്പന്റെ കൈത്തണ്ടുകളിൽ ചില ദിവസം പെട്ടെന്നു തൊലി പൊളിഞ്ഞുപോകുകയും പോളസ്സുകയും ചെയ്യുന്നു. മകനു കാലിൽ പഴപ്പും വ്രണവും വന്നു. മാസങ്ങളായി ചികിത്സിച്ചിട്ടും കരിയുന്നില്ല. ചിലർ ക്ഷുദ്രം ചെയ്തിട്ടുണ്ടെന്നു ലക്ഷണക്കാരികൾ പറയുന്നുണ്ടു്. അമ്മയ്ക്കതിൽ വിശ്വാസമുണ്ടെങ്കിലും അപ്പനും മകനും അങ്ങനെയില്ല.

അവർ എൻെറ മുമ്പിലെത്തി പ്രശ്നം അവതരിപ്പിച്ചു. എൻെറ മേശപ്പുറത്തു ദോലകം പിടിച്ചുകൊ

www.malankaralibrary.com

ണ്ടു രാദസംവേദനംവഴി ഞാൻ അവരുടെ വീടു പരിശോധിച്ചു. മൂന്നു മുറികളുള്ള ചെറിയ ഒരു വീട്. മണൽപ്രദേശം. വീടിന്റെ ഒരു വശത്തുള്ള ചെറിയ നടക്കല്ലിനടിയിൽ അഞ്ചടി താഴെ ഞാൻ രാദപ്രസരണം കണ്ടുപിടിച്ചു. അവിടെ അഞ്ചടി താഴ്ത്തി കുഴിക്കുക എന്നായിരുന്നു നിർദ്ദേശം.

അവർ അഞ്ചടി താഴ്ത്തി. ഇരുമ്പു കമ്പിയുടെ മുഴുത്ത ചില കഷണങ്ങൾ കണ്ടുകിട്ടി. അവ നീക്കിയതോടെ ശല്യകേന്ദ്രമില്ലാതായി.

രണ്ടാഴ്ചയ്ക്കുള്ളിൽ മകന്റെ കാലിലെ വ്രണം കരിഞ്ഞു. ചില ആഴ്ചകൾ കഴിഞ്ഞു വീണ്ടും വ്രണങ്ങളുടെ ആരംഭം എന്ന പ്രശ്നവുമായി അയാൾ വന്നു. കൈവിഷത്തിനു ശരീരപരിശോധന നടത്തി. അഞ്ചു വർഷം പഴക്കമുള്ള വിഷം. അതിനു പ്രത്യേക ചികിത്സ നടത്തി. രോഗി സുഖം പ്രാപിച്ചു.

രാദസംവേദനംവഴി അപ്പന്റെ ശരീരത്തിൽ വിഷാംശമുണ്ടോ എന്നു പരിശോധിച്ചു. ഇല്ല, കൈകൾക്ക് അലർജിയുള്ള വസ്തുവിനോടു ബന്ധപ്പെടാതെ സൂക്ഷിക്കുക എന്ന നിർദ്ദേശമാണ് അയാൾക്കു കൊടുത്തത്.

അപ്പനും മകനും പ്രയോജനം കിട്ടിയതുകൊണ്ട് അമ്മയും വന്നു. അവരുടെ ശരീരത്തിലുമുണ്ടു വളരെ വർഷങ്ങളായി കൈവിഷം. അവരേയും ചികിത്സയ്ക്കയച്ചു. അവരും മരുന്നു കഴിച്ചു.

കുടുംബത്തിൽ പ്രശ്നങ്ങളെല്ലാം തീർന്നില്ല. എങ്കിലും ധാരണയും സ്വാസ്ഥ്യതയും പ്രത്യക്ഷമായി.

22. 'ഞങ്ങൾക്ക് ഒരേക്കർ ഭൂമിയുണ്ട്. അതിൽ ഒരു വീടും. വളരെ വർഷങ്ങളായി ഞങ്ങളുടെ കുടുംബം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. അദ്ധ്വാനത്തിന്റെ ഫലം തടയപ്പെടുന്നു. പറമ്പിൽ പുതിയ പുര വയ്ക്കാൻ സ്ഥ

www.malankaralibrary.com

ലമുണ്ടോ എന്ന് അച്ചൻ ഒന്നു നോക്കണം. കുടുംബാം ഗങ്ങൾക്കു പൊതുവേ ആരോഗ്യമില്ല. മാനസികമായ അസ്വസ്ഥതകൾ വളരെ. ഞങ്ങൾക്കെതിരായി കോട തിയിൽ കേസു നടത്തുന്ന ആളുകൾ അടുത്തുതന്നെയു ണ്ടു്. അവർ ക്ഷുദ്രപ്രയോഗം നടത്തി എന്നു വീമ്പടി ക്കുന്നു. അച്ചൻ ഞങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെ യ്യണേ.' ഒരു സഹോദരൻെറ കുറിപ്പും മറെറാരാളുടെ വിശദീകരണവും നല്കിയ വിവരങ്ങളുടെ ചുരുക്ക മാണിതു്.

ആറുകൾ ചേർന്നു പുഴയായൊഴുകുന്ന മലനാടൻ പ്രദേശത്തിൻെറ സവിശേഷതകളുള്ള ഒരു പുരയിടം. വിദൂരരാദസംവേദനം വഴി പുരയിടവും പുരയും ഞാൻ പരിശോധിച്ചു. തച്ചുശാസ്ത്രഭാഷയിൽ ഈശ കോണി ലാണു പുരയിരിക്കുന്നതു്. ഏററം അനുയോജ്യമായ കാൽ ഭാഗം അവിടത്തെന്നെയാണെന്നു രാദസംവേദന വും സൂചന നല്കി. മററു മൂന്നു ഭാഗങ്ങളും വീടുവ യ്ക്കാൻ പററുന്നതല്ല. പ്രകൃതിയിലുള്ള ഉപദ്രവകരമായ രാദപ്രസരണങ്ങൾ നിറഞ്ഞതാണു പുരയിടത്തിൻെറ മുക്കാൽ ഭാഗവും എന്നർത്ഥം

വീടിൻെറ പ്രധാന നടക്കല്ലിനടിയിൽ അഞ്ചടി താഴെ ഏകദേശം കാൽ നൂററാണ്ടു പഴക്കമുള്ള ഉപദ്രവ രാദപ്രസരണം ഞാൻ കണ്ടുപിടിച്ചു. അവിടെ അഞ്ച ടി താഴ്ത്തി മണ്ണു മാററുക എന്നു നിർദ്ദേശം നല്കി. അവർ അതനുസരിച്ചു പ്രവർത്തിച്ചു. അതിനുശേഷം തിരിയെ വന്നു. നാലു കുപ്പികളുമായാണു വരവു്. രണ്ടിഞ്ചു നീളമുള്ള ചെറിയ കുപ്പികൾ. രണ്ടെണ്ണ ത്തിൽ ചെമ്പുതകിടു ചുരുളുകൾ ഇറക്കി അടച്ചിരിക്കു ന്നു. മൂന്നാമത്തേതിൽ നെയ്മയ വസ്തു നിറച്ചിരി ക്കുന്നു. ഭദ്രമായി അടച്ചിട്ടുണ്ടു്. നാലാമത്തെ കുപ്പി ക്കു മാത്രം നിറമില്ല. ബാക്കി എല്ലാം കടുത്ത തവിട്ടു നിറം. നാലാമത്തെ കുപ്പിയിൽ ലോഹത്തിൻെറ കുറി ശുകൾ, ഈ കുപ്പിയിൽ മാത്രം ദൂഷിതരാദപ്രസരണ

www.malankaralibrary.com

മില്ല. അതാണ് എന്റെ പരിശോധന വ്യക്തമാക്കിയത്. അപ്പോഴാണ് ഒരു രഹസ്യം അവർ തുറന്നു പറഞ്ഞത്. നാലാമത്തെ കപ്പി ഒരു വർഷം മുമ്പ് ഒരച്ചൻ പറഞ്ഞിട്ട് അവർതന്നെ നിക്ഷേപിച്ചിരുന്നതാണ്. അദ്ദേഹം കത്തോലിക്കാപുരോഹിതൻ തന്നെ. മററു മൂന്നു കപ്പികളും ഉപദ്രവരാദസ്ഫുരണമുള്ളവയാണ്. നടക്കല്ലിനു താഴെ നാലടി താഴെയാണവ കണ്ടെടുത്തത്. നാലാമത്തേതു നടയ്ക്കു തൊട്ടു മുമ്പിൽനിന്നും. ഉപദ്രവരാദസ്ഫുരണമുള്ള കപ്പികളെല്ലാം ഭവനത്തിൽനിന്നു വിദൂരത്തിലെവിടെയെങ്കിലും കളയാൻ നിർദ്ദേശം നല്കി.

പ്രശ്നങ്ങൾ തീർന്നിരിക്കുമെന്നു ഞാൻ കരുതി. കുറെ മാസങ്ങൾ കഴിഞ്ഞു അസ്വാസ്ഥ്യതയുടെ സന്ദേശവുമായി ആ സഹോദരൻ വീണ്ടും വന്നു. തടിമിടുക്കം ഗാംഭീര്യവും ഉദ്യോഗവുമുണ്ടെങ്കിലും ഒരു ശിശുവിനെപ്പോലെ ബലമില്ലാത്ത മനസ്സിന്റെ പ്രതീതിയാണദ്ദേഹത്തിൽനിന്നു നിർഗ്ഗളിച്ചത്. ആശങ്കകൾ, ഭയപ്പെടുത്തുന്ന സ്വപ്നങ്ങൾ, ശത്രുക്കളുടെ ദ്രോഹപ്രവൃത്തികൾ മുതലായി പലതും കുടുംബത്തെ വേട്ടയാടുന്നു. വീണ്ടും വീടും സ്ഥലവും ഞാൻ പരിശോധിച്ചു. ഉപദ്രവകരമായ രാദപ്രസരണമൊന്നുമില്ല എങ്ങും. അനേക വർഷങ്ങൾ പ്രസരണമേററ ശല്യങ്ങൾ പെട്ടെന്നു അപ്രത്യക്ഷമായെന്നു വരുകയില്ല.

രാദപ്രസരണത്തിന്റെ മേഖലയ്ക്കുപരിയായ മറെറന്തെങ്കിലും സ്വാധീനങ്ങൾ വിവേചിക്കാൻ കഴിവില്ലാത്ത ഞാൻ എന്റെ പരിധികളിൽ ഒതുങ്ങിനില്ക്കുന്നു. സത്യസന്ധത അത്യാവശ്യപ്പെടുന്നു. പ്രശ്നങ്ങൾ തീർന്നില്ലെങ്കിലും ഭയപ്പെടാനുള്ള സ്വാധീനങ്ങളൊന്നും ഇപ്പോൾ പുരയിലും പുരയിടത്തിലുമില്ല എന്ന അറിവു വന്നയാളെ വളരെ സമാശ്വസിപ്പിച്ചു.

23. മെഴുത്ത ഒരു സ്ത്രീ. മനസ്സു നിറയെ വേദനകൾ. ആവശ്യത്തിനു സമ്പത്തുണ്ട്. പുഞ്ചിരി

www.malankaralibrary.com

വിടർന്നുനില്ക്കുന്ന മുഖം. ഭർത്താവിൽനിന്നു കിട്ടുന്നതു നിത്യവും ദുഃഖം മാത്രം.

ഒരു മകൾ പഠിച്ചു. അവൾക്കു ജോലി കിട്ടുന്നില്ല. ഒരു മകൻ പഠിക്കുന്നു. അവനു ധാരാളം ഭാവമാററങ്ങൾ. വേദനിപ്പിക്കുന്ന മാററങ്ങൾ. വിധേയത്വത്തിൽനിന്നു വിട്ടുനില്ക്കാനവൻ വെമ്പൽ കൊള്ളുന്നു. തന്നിഷ്ടവും ദുർവാശിയും അതിരു വിടുന്നു.

കുടുംബം നശിക്കുന്നതിന് ആരോ കൂടോത്രം ചെയ്തിട്ടുണ്ടെന്നു പലരും ഉരുവിടുന്നു. ദൈവപരിപാലന മാത്രം തകർച്ചയിൽനിന്നു വത്സരങ്ങളായി അവരെ ഒഴിച്ചു നിറുത്തുന്നെന്നവർ അറിയുന്നു. എങ്കിലും എന്തെങ്കിലും നാശകാരണങ്ങളുണ്ടോ എന്ന സംശയം അപ്പഴപ്പോൾ ഉയർന്നുവരും.

സഹായാഭ്യർത്ഥനയുമായി അവർ എന്നെ സമീപിച്ചു. വിദൂരരാദസംവേദനംവഴി അവരുടെ വീടും പറമ്പും ഞാൻ പരിശോധിച്ചു. പ്രധാന നടക്കല്ലിനു താഴെ അഞ്ചടി ആഴത്തിൽ ഉപദ്രവരാദപ്രസരണം കണ്ടെത്തി. അവിടെ അത്രയും കുഴിച്ചു മണ്ണു മാററുക. മററൊന്നുമാവശ്യമില്ല. ഞാൻ നിർദ്ദേശിച്ചു.

പക്ഷെ, നല്ല ഒരു നടക്കല്ല്. എങ്ങനെ അതു പൊളിക്കും? ആളുകളോട് എന്തു പറയും? ആ തേങ്ങലിൽ മാസങ്ങൾ കടന്നുപോയി. ഒരു ദിവസം അവർ ധൈര്യമണിഞ്ഞു. നിർദ്ദേശപ്രകാരം നടക്കല്ലു പൊളിച്ചു മണ്ണു താഴ്ത്തി. നിശ്ചിത താഴ്ചയ്ക്കു മുമ്പു എട്ടിഞ്ചു നീളമുള്ള ഒരു വലിയ ആണി കണ്ടുകിട്ടി. അര ഇഞ്ചു വ്യാസമുണ്ട് ആ ഇരുമ്പുതുണ്ടിന്. അവർ അതിവിടെ കൊണ്ടുവന്നു. ഉപദ്രവരാദശക്തി അതിൽനിന്നപ്പോഴും നിർഗ്ഗമിച്ചിരുന്നു.

അധികനാൾ കഴിയുന്നതിനു മുമ്പു മകൾക്കു ജോലി കിട്ടിയ വാർത്ത വന്നു.

www.malankaralibrary.com

മകളിലും മകനിലും കൈവിഷശല്യമുണ്ടെന്ന രാദസംവേദനത്തിൽനിന്ന വ്യക്തമായി. സമർത്ഥ മായ ചികിത്സ യഥാസമയം നിർദ്ദേശിച്ചുകൊടുത്തു.

നമ്മുടെ സാധാരണ ജനങ്ങൾ ഇത്തരം സാഹച ര്യങ്ങളിൽ പിന്നീട സംഭവിക്കുന്ന കാര്യങ്ങൾ അറി യിക്കുന്നതിന ശ്രദ്ധിക്കാറില്ല. പലപ്പോഴും വിവര ങ്ങൾ ലഭിക്കുന്നത് അടുത്ത പടിയെക്കുറിച്ചുള്ള അ ന്വേഷണത്തിനുവേണ്ടിയോ മററാർക്കെങ്കിലും സഹാ യത്തിനുവേണ്ടിയോ വരുമ്പോൾ മാത്രമാണ്. ഈ കുടുംബത്തിലെ പിന്നീട്ടുള്ള വാർത്തകൾ അറിവില്ല. എങ്കിലും ഞാൻ പ്രതീക്ഷിക്കുന്നു, വിടരുന്ന പുഞ്ചിരി ക്ക പിന്നിലുള്ള വേദനകൾ മാറിമാറി വരുന്ന ചരി ത്രമായിരിക്കും അവർക്കുള്ളതെന്ന്.

24. 'എനിക്ക നല്ല ശമ്പളമുള്ള ജോലിയാണ്. പക്ഷെ, വർഷങ്ങളായി എന്റെ വരുമാനം തികയു ന്നില്ല. പ്രധാന കാരണം എന്റെ ഭാര്യയ്ക്കു ചെലവു നിയന്ത്രിക്കാൻ സാധിക്കാത്തതാണ്. കാര്യങ്ങൾ നട ക്കട്ടെ എന്നു കരുതി അവൾ അമിതമായി കടം വാ ങ്ങും. ഞങ്ങൾ പട്ടണത്തിലാണ താമസം. സ്നേ ഹിതരും സഹായികളും സന്ദർശകരും ധാരാളം. പി ന്നെ എന്റെ മൂത്ത മകൾ ഒരു പ്രണയബന്ധത്തിലാ ണ്. ആ ബന്ധം എനിക്കൊട്ടും ഇഷ്ടമല്ല. അവ ളുടെ ഭാവി നശിപ്പിക്കാനല്ലാതെ മറെറാന്നും അവനു കഴിവില്ല. എല്ലാം പറഞ്ഞിട്ടും അവൾക്ക് ആ ബന്ധത്തോടാണ് ഉള്ള്. ചിലരു പറയുന്നു വീട്ടിൽ ക്ഷുദ്രമുണ്ടെന്ന്.' ഈ മുഖവുരയോടുകൂടെ അദ്ദേഹം എ ന്റെ സഹായം തേടി. വിദൂരരാദസംവേദനംവഴി അദ്ദേഹത്തിന്റെ വീടും പറമ്പും പരിശോധിക്കാൻ കഴിയുമെന്നും അതിനുവേണ്ടി വ്യക്തമായി വരച്ചു പ്ലാൻ കൊണ്ടുവരണമെന്നും ഞാനാവശ്യപ്പെട്ടു.

വീട്ടിൽച്ചെന്ന് അയാൾ പ്ലാൻ തയ്യാറാക്കി. വീ ണ്ടും എന്നെ വന്നു കാണുന്നതിനു മുൻപു സ്വന്തം ഇടവക

www.malankaralibrary.com

വികാരിയച്ചനെക്കണ്ടു. ഇങ്ങനെ രാദസംവേദന പരിശോധന നടത്തിക്കുന്നതിനെപ്പററി അഭിപ്രായം ചോദിച്ചു. വികാരിയച്ചന്റെ മറുപടി: 'ഒരു കാരണവശാലും പാടില്ല. അതു് ഒന്നാം പ്രമാണത്തിനെതിരായ പാപമാകും. ഇങ്ങനെ ചെയ്യാമെന്നു പറയുന്ന വൈദികൻ മുടക്കിൽ പെടുന്നു. അതുകൊണ്ടു പോകണ്ട.' ഈ വാക്കുകൾ വിശ്വസിക്കാൻ കേശവിക്കാരനു കഴിഞ്ഞില്ല. അയാൾ ഇപ്രകാരം വാദിച്ചു. ആ അച്ചൻ മുടക്കിലല്ല. ഒരു പള്ളിയിൽ വികാരിയാണു്. അച്ചന്റെ കുബ്ബാനയിൽ ഞാൻ പങ്കെടുത്തു. ബലിയും ദൈവവചന പ്രഭാഷണവും ഭക്തിനിർഭരവും സമാകർഷകവുമാണു്. അദ്ദേഹത്തിന്റെ ദേവാലയം നിറയെ ജനങ്ങൾ വന്നിരുന്നു.' അച്ചന്റെ പ്രതികരണം. 'വികാരിയാണെങ്കിൽ കുബ്ബാന ചൊല്ലാൻ അദ്ദേഹത്തെ അനുവദിക്കാൻ പാടില്ലാത്തതാണു്. അതു മെത്രാൻ ചെയ്യേണ്ടതായതുകൊണ്ടു് എനിക്കൊന്നും പറയാനില്ല. പക്ഷെ ആ അച്ചൻ തിരുസ്സഭയുടെ ഐക്യത്തിലല്ല. അയാളുടെ അടുക്കൽ പോകാൻ പാടില്ല.'

കർക്കശമായി മുടക്കിയിട്ടും ആ അത്മായ സഹോദരനു് ആ മുടക്കുകല്പനയനുസരിക്കാൻ സാധിച്ചില്ല. ആ മനുഷ്യൻ കുടുംബസമേതം എന്റെയടുക്കൽ വന്നു. ആദ്യമായി സംശയ നിവാരണമാണു് അദ്ദേഹത്തിന്റെ ആവശ്യം. വിവരങ്ങളെല്ലാം എന്നോടു പറഞ്ഞു. രാദസംവേദനത്തിന്റെ ശാസ്ത്രീയാടിസ്ഥാനത്തെയും സവിശേഷതകളേയും കുറിച്ചു ഞാൻ ചില വിശദീകരണങ്ങൾ നല്കി. ദീപിക ബുക്കു ഹൗസ് വിതരണം ചെയ്യുന്ന 'രോഗശാന്തി' 'രാദസംവേദനം' എന്നീ രണ്ടു പുസ്തകങ്ങളുടെ ഓരോപ്രതി വികാരിയച്ചനു സമ്മാനിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ അറിയിച്ചു. സസന്തോഷം ഇന്നുതന്നെ രണ്ടു പുസ്തകങ്ങളും വികാരിയച്ചനു നല്കുന്നതാണെന്നയാൾ പറഞ്ഞു.

www.malankaralibrary.com

പറമ്പും വീടും ഞാൻ പരിശോധിച്ചു. പറമ്പു ചെറുതു്. വീടു വലുതു്. പത്തുമുറികളുള്ള പുതിയ വീടു്. വീട്ടിലോ പറമ്പിലോ ഉപദ്രവരാദപ്രസരണമേയില്ല.

കുടുംബത്തിലെ അധികച്ചെലവു ഭാര്യയും ഭർത്താവും തമ്മിൽ ചർച്ച ചെയ്തു ധാരണയിലെത്തി പരിഹരിക്കുകയാണാവശ്യം.

പ്രണയബന്ധത്തിൽ കുടുങ്ങിയ യുവതിയെ രാദസംവേദന പരിശോധന നടത്തി. കൈവിഷമുണ്ടെന്നു മനസ്സിലായി. അതിനു മൂന്നുവർഷം പഴക്കം. ഈ ബന്ധം തുടങ്ങിയിട്ടു് ഇതേ കാലയളവായി എന്നു പിന്നീടു് അവർ പറയുകയുണ്ടായി. കൈവിഷചികിത്സയ്ക്കു് അനുയോജ്യമായ നിർദ്ദേശം നല്കി.

ആശങ്കയുടെ വലയത്തിൽനിന്നു പറന്നുവന്ന സംതൃപ്തി. തെററിദ്ധാരണയുടേയും ഭീതിയുടേയും ഭാരം താഴെ ഇറക്കിവച്ച സന്തോഷം. യാത്ര പറഞ്ഞപ്പോൾ അതായിരുന്നു അവരുടെ അനുഭവം.

25. ഒരദ്ധ്യാപികയുടെ പ്രശ്നം. ഭർത്താവു പത്തു വർഷമായി സ്ഥലം വിട്ടിരിക്കുന്നു. അതിനു മുമ്പുതന്നെ വഴക്കും അകൽച്ചയും രണ്ടുഭാഗത്തുനിന്നും വന്നുകഴിഞ്ഞു. ഇപ്പോൾ ഭർത്താവു കത്തുപോലും അയക്കുന്നില്ല. അദ്ധ്യാപികയ്ക്കു നിയന്ത്രണംവിട്ട ദേഷ്യം. മകൻ പഠിച്ചു വലിയവനാകണമെന്നമ്മയ്ക്കാഗ്രഹം. അവൻ പഠിക്കാത്തതിനു നിരന്തര ശാസനയും ശിക്ഷയും നല്കും. പൊതുവേ സാമ്പത്തികനിലവാരം താഴന്നു. വീട്ടിൽ ക്ഷുദ്രശല്യമുണ്ടെന്നു ചിലർ.

കടലോരപ്രദേശത്താണു് ഇവരുടെവീടു്. വിദൂരരാദസംവേദനംവഴി വീടും പറമ്പും ഞാൻ പരിശോധിച്ചു. പ്രധാന നടക്കല്ലിനുതാഴെ ഉപദ്രവരാദശേഷി ശല്യം ചെയ്യുന്നുണ്ടു്.

www.malankaralibrary.com

എന്റെ നിർദ്ദേശമനുസരിച്ച് അവിടെ അഞ്ചടി താഴ്ത്തി. മൂന്നടിയായപ്പോഴം കരിയും പൊട്ടിയ കുപ്പിച്ചില്ലുകളും കിട്ടി. എങ്കിലും അഞ്ചടി താഴുന്നതു വരെ ഉപദ്രവാരാദപ്രസരണം അവശേഷിച്ചിരുന്നു. അതിന്റെ പഴക്കം ഒരു വ്യാഴവട്ടം.

ശല്യം മാറിയ സന്തോഷത്തോടെ അദ്ധ്യാപിക തിരികെ പോയി, എങ്കിലും മൂന്നാഴ്ച കഴിഞ്ഞു് ഒരു പുതിയ പ്രശ്നവുമായി അവർ തിരികെ വന്നു.

അവർ മകനെത്തല്ലി. വീട്ടിൽനിന്നു് ഇറങ്ങിപ്പോകാൻ പറഞ്ഞു ശകാരിച്ചു. അവൻ പോയി. പിന്നെ വന്നില്ല ആഴ്ച ഒന്നാവാൻ പോകുന്നു. സമാധാനമില്ല. അടുത്ത സ്ഥലങ്ങളിലും ബന്ധുവീടുകളിലും അന്വേഷിച്ചു. അറിവൊന്നുമില്ല.

വീട്ടിൽ വല്ല പുതിയ ശല്യവുമുണ്ടോ? ചെറുക്കൻ എവിടെയാണു്? ഇത്രയും മാത്രമേ അവക്കറിയേണ്ടതുള്ളു. വീണ്ടും ഞാൻ പറമ്പും വീടും പരിശോധിച്ചു. തടസ്സമൊന്നുമില്ല.

മകനെ വിദൂരാരാദസംവേദനംവഴി കണ്ടുപിടിക്കുന്നതിനു് അവൻ ഉടുത്തു മുഷിഞ്ഞ ഒരു മുണ്ടു കൊണ്ടുവന്നിട്ടുണ്ടു്. ഞാൻ അതു പരിശോധിച്ചു. ആ മുണ്ടു മററാരോ ഉടുത്തതാണെന്നു ഞാൻ. മററാരും അതുടുക്കാറില്ല എന്നു ടീച്ചർ. തർക്കംകൊണ്ടു പ്രയോജനമില്ല. അവന്റെ ഒരു നോട്ടുബുക്കു കൊണ്ടുവരുന്നതിനു ഞാനാവശ്യപ്പെട്ടു. അവർ അതു കൊണ്ടുവന്നു. ഞാനതു പരിശോധിച്ചു. തിരുവനന്തപുരത്തിനടുത്തു വീട്ടുകാരുണ്ടോ എന്നു ഞാൻ ചോദിച്ചതു് അദ്ധ്യാപികയെ ആശ്ചര്യപ്പെടുത്തി. കഴക്കൂട്ടത്തുണ്ടെന്നവർ ഉത്തരം പറഞ്ഞു. ചെറുക്കൻ അവിടെ ചെന്നതായി കാണുന്നു; ഒരു പക്ഷെ താമസിയാതെ അവൻ തിരിച്ചെത്തും; ഉടനെ അവരോടു സമ്പർക്കം പുലർത്തുകയാണു ചെയ്യേണ്ടതെന്നു ഞാൻ പറഞ്ഞു.

www.malankaralibrary.com

മകനെ ശിക്ഷിക്കുമ്പോഴും ശാസിക്കുമ്പോഴും സ്നേഹമുള്ള അമ്മ തെററുതിരുത്താൻ സഹായിക്കുകയാണെന്ന് അവനു മനസ്സിലാകുംവിധം പ്രവർത്തിക്കുക. 'നിന്നെ ഇവിടെ ആവശ്യമില്ല. ഇറങ്ങിപ്പോടാ....' എന്ന ശൈലിയോ സൂചനയോ ശാസനയിലൊഴിവാക്കുക. വളർന്നുവരുന്ന ഒരു യുവാവിൻെറ മാനസിക നിലയേയും അഭിമാനത്തേയും കണക്കിലെടുക്കുക. ഇങ്ങനെ അല്പം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന നിർദ്ദേശം അദ്ധ്യാപികയ്ക്കു കൊടുത്തു.

മകൻ സ്വന്തജനങ്ങളുടെ അടുത്തെത്തിയെന്നും അവനു് ആപത്തൊന്നുമില്ലെന്നും അറിഞ്ഞ അമ്മ സമാശ്വസിച്ചു. അന്നു് അവർ വീട്ടിലെത്തുമ്പോൾ അന്നുതന്നെ മകൻ തിരിച്ചെത്തുമെന്നു് പ്രതീക്ഷിച്ചില്ല. എങ്കിലും അതു സംഭവിച്ചു.

അടുത്ത ദിവസം അദ്ധ്യാപിക നന്ദിപറയാൻ വന്നു. പലരും അതിനു മെനക്കെടാറില്ല. ചെറുക്കൻ അന്നുതന്നെ വന്നെന്നും അവൻെറ മുണ്ടു് ഇവിടെ കൊണ്ടുവരുന്നതിനുമുമ്പു വേറൊരു പയ്യൻ ഉടുത്തഴുക്കാക്കിയെന്നു പിന്നീടറിഞ്ഞെന്നും കഴിഞ്ഞ ദിവസം തക്കിച്ചതു ക്ഷമിക്കണമെന്നും അവർ പറഞ്ഞു. മകനെ തിരികെക്കിട്ടിയതിൽ ഞാൻ അവരെ അഭിനന്ദിച്ചു. അവരുടെ മുഖത്തു പൂർണ്ണപുഞ്ചിരി വിടർന്നു. അവരുടെ ആനന്ദത്തിനു് ആശ്ചര്യം പരിവേഷം ചാർത്തുന്നതുപോലെ തോന്നി.

26 എട്ടുപത്തംഗങ്ങളുള്ള കുടുംബം. മലനാടൻ പ്രദേശ . സമ്പത്തിനു കുറവൊന്നുമില്ല. എന്നും ആർക്കെങ്കിലും എന്തെങ്കിലും രോഗമുണ്ടായിരിക്കും. ഒരാൾക്കു സുഖമായാൽ അടുത്ത ആൾക്കു് അസുഖമായി. സഹോദരങ്ങളിൽ മുതിർന്നവർ തമ്മിൽ അല്പസ്വല്പം അകൽച്ചകാം വന്നുകൂടുന്നു. സാമ്പത്തികമായി നഷ്ടങ്ങൾ പലതുമുണ്ടു്. പ്രായോഗികമായി തകർച്ചയിലേയ്ക്കു നയിക്കുന്ന പരിപാടികളേറെറടുക്കണമെന്നു

www.malankaralibrary.com

കുടുംബത്തിലെ ഒരു യുവാവിനു ശാപ്യം. പലരും പറയുന്നു എന്തോ ക്ഷുദ്രദോഷമാണെന്നു്. ക്ഷുദ്രോമെടുക്കാമെന്നു പറഞ്ഞു കെട്ടികേററി ചിലർ വന്നു. എങ്കിലും അവരെ വെറുതെ പറഞ്ഞയച്ചു. ഇപ്പോൾ വളരെ അസ്വസ്ഥതകൾ വളരുന്നു. സംശയങ്ങൾ, ആശങ്കകൾ എന്നിവയുടെ ശല്യം. പരിഹാരംതേടി വന്നിരിക്കുകയാണു് അവർ.

നൂറു കിലോമീററിലധികം അകലത്തിലുള്ള വീടും പറമ്പും എൻെറ മുറിയിലിരുന്നുകൊണ്ടു ഞാൻ പരിശോധിച്ചു. പ്രധാന നടക്കല്ലു വളരെ നീട്ടികെട്ടിയിരിക്കുന്നു. അതിൻെറ നടുക്കുതന്നെ അഞ്ചടി താഴെനിന്നു ശല്യം ചെയ്യുന്ന രാദശേഷി സന്ദേശമയച്ചു കൊണ്ടിരിക്കുന്നു. അവിടെക്കുഴിച്ചു ശല്യകേന്ദ്രം നീക്കണം. അതാണു പരിഹാരമാർഗ്ഗം.

നടക്കല്ലിൻെറ നടുവു തകർത്തു. കുഴി വെട്ടിത്താഴ്ത്തി. രണ്ടടി കുഴിഞ്ഞപ്പോൾ കുറെ തകിടുകളും പൊതികളും കണ്ടു. വെളുത്ത ലോഹംകൊണ്ടുള്ള മനുഷ്യരൂപമാണു പൊതികളുടെ കാമ്പു്. നാലടി താഴ്ന്നപ്പോൾ വീണ്ടും തകിടുകൾ, ചരടുകൾ തുടങ്ങിയവയുടെ നിക്ഷേപങ്ങൾ. പിന്നീടു കൃത്രിമ വസ്തുക്കളൊന്നും കണ്ടുകിട്ടിയില്ല. പക്ഷേ, അഞ്ചടി താഴുന്നതുവരെ ഉപദ്രവരാദശേഷി പ്രകടമായിരുന്നു.

മാസം രണ്ടു കടന്നുപോയി. 'രാഷ്ട്രീയ'വും വിപ്ളവവും കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യവും തൊട്ടിയാട്ടംപോലെ ജീവിതത്തിൽ കറങ്ങിക്കഴിയണമെന്ന ചിന്ത പുലർത്തുന്ന ഒരു യുവാവു് എന്നെ കാണാൻ വന്നു. മുകളിൽ പറഞ്ഞ കുടുംബത്തിലെ ഒരംഗം. ക്ഷുദ്രമെന്നും കൈവിഷമെന്നും പറയുന്നതു് അശാസ്ത്രീയവും അസാദ്ധ്യവുമാണെന്ന മുൻവിധികൾ വളരെനാൾ കാത്തുസൂക്ഷിച്ചിരുന്ന ഒരു യുവാവു്. ഇപ്പോൾ അയാൾ വിനയാന്വിതനാണു്. അയാൾക്കു കൈവിഷശല്യമുണ്ടോ എന്നറിയാൻ വന്നിരിക്കുകയാ

www.malankaralibrary.com

ണിപ്പോൾ. ഞാൻ പരിശോധിച്ചു, ദോലകം പിടിച്ചുകൊണ്ടു്. നാലുവർഷംമുമ്പു ഭക്ഷണപദാർത്ഥത്തിലൂടെ കൈവിഷം ശരീരത്തിൽ കടന്നിട്ടുണ്ടെന്നായിരുന്നു രാദസംവേദന സന്ദേശം. വിദഗ്ധചികിത്സ കിട്ടുന്ന സ്ഥലം നിർദ്ദേശിച്ചുകൊടുത്തു.

പിന്നേയും രണ്ടു മാസംകൂടെ കഴിഞ്ഞു. ഒരാശങ്ക തീർക്കാനായി മുതിർന്ന സഹോദരൻ വീണ്ടും വന്നു. രണ്ടു മാസത്തിനുള്ളിൽ എന്തോ ഈ കുടുംബത്തിൽ സംഭവിക്കാൻ പോകുന്നു എന്നു് ഒരാശാരി പറഞ്ഞു. അതാണുപരിഭ്രമകാരണം. കൊച്ചിനെക്കണ്ടില്ലെങ്കിൽ കുളത്തിലും തപ്പണമെന്നു പറയുന്നതുപോലെ വീണ്ടും വീടും പറമ്പും വിശദമായി നിരീക്ഷണം നടത്തി. ഒരു പ്രത്യേകതയുമില്ല. ശല്യസന്ദേശമൊന്നുമില്ല. പ്രത്യേകമായി ഒന്നും സംഭവിക്കാനില്ലെന്നും നാം ദൈവതിരുക്കരങ്ങളിലാണെന്നോർക്കുക മാത്രമാണാവശ്യമെന്നും ഞാൻ ഉറപ്പു കൊടുത്തു.

മാസങ്ങൾ പലതു കഴിഞ്ഞു. ഒന്നും സംഭവിച്ചില്ല.

27. നഗരത്തിൻെറ നടുവിലാണു വീടു്. അതുകൊണ്ടു് ഉള്ള സ്ഥലം മുഴുവൻ കെട്ടിടമാണു്. കുടുംബനാഥനു കാൻസർ രോഗമാണോ എന്നു സംശയം. ഡോക്ടർമാർ രണ്ടഭിപ്രായക്കാർ. കുടുംബനാഥനെ കണ്ടാൽ ചെറുപ്പമാണെന്നു തോന്നും. നല്ല തടി. നല്ല ആരോഗ്യം. മദ്ധ്യവയസ്സു പണ്ടേ കഴിഞ്ഞു.

കുറെ നാളുകളായി വളരെ ആശങ്കകൾ. വീട്ടിൽ ക്ഷുദ്രദോഷമുണ്ടെന്നും അതു പരിഹരിക്കണമെന്നും ആരൊക്കെയോ പറഞ്ഞത്രെ.

രാദപ്രസരണത്തിൽ ദൂരം തടസ്സമല്ലല്ലോ. ആ വീടും പറമ്പും ഞാൻ പരിശോധിച്ചു, എൻെറ മേശപ്പുറത്തുള്ള പ്ളാൻ ഉപയോഗിച്ചു്.

www.malankaralibrary.com

ചെറിയ നടക്കല്ലിന്റെ താഴെ രാദപ്രസരണശല്യം ചെയ്യുന്ന സന്ദേശമാണു കിട്ടുക. അഞ്ചടി താഴെ നീന്നാണു വരുക. മൂന്നു വർഷമായി അതങ്ങനെ സ്പന്ദിച്ചുകൊണ്ടിരിക്കുന്നു. അവിടം കഴിച്ചു തടസ്സവസ്തു മണ്ണോടുകൂടെ മാററുക എന്ന നിർദ്ദേശം ഞാൻ നല്കി.

മൂന്നടി താഴ്ത്തിയപ്പോൾ പതിവിലേറെ കരി കിട്ടി. രണ്ടു റാത്തലിലധികം വരും. നാലടി താഴെ മറെറാരു നിക്ഷേപം കണ്ടു. പ്ളാസ്ററിക് ഉറയിൽ കടലാസുകൾ. അഞ്ചടി താഴ്ന്നപ്പോൾ മാത്രമേ ഉപദ്രവരാദസ്ഫുരണം നീങ്ങിയെന്നു ദോലകം അടയാളം തന്നുള്ളു.

അസ്വാസ്ഥതകളുടെ ഒരു കേന്ദ്രം നീങ്ങി. എങ്കിലും കുടുംബനാഥന്റെ രോഗാവസ്ഥ പ്രശ്നമായിത്തന്നെ തുടർന്നു. അടിക്കടി രോഗം അയാളെ അള്ളിപ്പിടിച്ചു, കീനാവള്ളിപോലെ. മാരകമായ കാൻസർ വളർന്നു മരണത്തിൽ കലാശിച്ചു.

രാദസംവേദനം ഇവിടെ പാഴ്വേലയായിരുന്നോ? ഇല്ല, രാദസംവേദനത്തിനു മാരകമായി വളർന്നു കഴിഞ്ഞ രോഗഫലങ്ങളെ ഇല്ലാതാക്കാനാകുമോ? ഇല്ല, കാൻസർ രോഗത്തിനു കാരണം ക്ഷുദ്രവസ്തുക്കളാണോ? തീർച്ചയില്ല. പക്ഷേ, ഒന്നുണ്ട്. ഈ പരിശോധന കുറെക്കൂടെ നേരത്തെയായിരുന്നെങ്കിൽ ഒരുപക്ഷേ രോഗചരിത്രം മാറി എഴുതേണ്ടിവരുമായിരുന്നു.

28. സുന്ദരമായ പ്രകൃതിദൃശ്യങ്ങളുള്ള മലനാട്ടിലെ ഒരു പുരയിടം. അതിൽ അഞ്ചെട്ടു മുറികളും വാക്പ്പണികളുമുള്ള ഒരു വീട്. വീട്ടിൽനിന്നല്പം അകലെ ഒരു ചെറുവ്യവസായശാല. വീടിനടുത്തു കുടികിടപ്പുകാരിയായ ഒരു സ്ത്രീ താമസിക്കുന്നു. അവൾ ഉടമസ്ഥനോടു യുദ്ധത്തിനു സദാ തയ്യാറാണ്. അല്പം അകലെ കൂടുതൽ സ്ഥലം കൊടുത്തു മാററാൻ അയാൾ ഒരുക്കമാണ്. പക്ഷേ, മാറാൻ അവൾക്കു മനസ്സില്ല.

www.malankaralibrary.com

കുറെനാളായി വീട്ടിലും വ്യവസായശാലയിലും അസ്വാസ്ഥതകളുടെ പുളിരസം സർവ്വത്ര പ്രസരിച്ചിരിക്കുന്നു. കുട്ടികൾക്കസുഖം. വ്യവസായം നിശ്ചലമായി. എല്ലായിടത്തും സ്തംഭനം. കുടികിടപ്പുകാരിയുടെ വഴക്കേറ്റത്തിന് അതിരില്ലാതായിരിക്കുന്നു. 'നിന്റെ വ്യവസായം നടക്കുന്നത് ഒന്നു കാണട്ടെ' എന്ന വെല്ലുവിളി!!

ഗൃഹനാഥൻ എന്നെ സമീപിച്ചു. വീട്ടിൽച്ചെന്നു പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കണമെന്നാണഭ്യർത്ഥന. പ്രശ്നങ്ങൾ ഞാനെങ്ങനെ പരിഹരിക്കും? അതിനെനിക്കു കഴിവില്ല. എന്നാൽ രാദസംവേദനപരിശോധനവഴി സാദ്ധ്യമായ സഹായം നല്കാനാവും. വിദൂരരാദസംവേദന പരിശോധനയാരംഭിച്ചു വീട്ടിലും പറമ്പിലും പ്രശ്നമൊന്നുമില്ല ഇനി വ്യവസായശാലകൂടി പരിശോധിക്കണം. ശാലയിൽ തടസ്സമൊന്നുമില്ല. എങ്കിലും അതിനോടു തൊട്ടുകിടക്കുന്ന ഒരു ഷെഡിൽ നിന്ന് ഉപദ്രവരാദപ്രക്ഷേപണം ദോലകത്തിൽ വന്നലയ്ക്കുന്നു. അവിടെ അഞ്ചടി ആഴത്തിൽ നിന്നുള്ള മണ്ണും കല്ലും നീക്കാൻ നിർദ്ദേശം കൊടുത്തു.

കുഴി താണു തുടങ്ങി. ചെമ്മണ്ണു കഴിഞ്ഞു ചോക്കളേറ്റു നിറമുള്ള പാറയാണ്. കട്ടി കുറവ്. കുറെക്കൂടി കഴിച്ചപ്പോൾ കോവയ്ക്കാ വലിപ്പത്തിൽ തലമുടിക്കെട്ടുകൾ നാലഞ്ചെണ്ണം. ചിലതിൽ നരച്ച മുടിയും കാണാം. അഞ്ചടിവരെയുള്ള പാറ മുഴുവൻ നീങ്ങിയപ്പോൾ ഉപദ്രവരാദപ്രസരണമില്ലാതായി.

ഒന്നു രണ്ടു മാസത്തേയ്ക്കു സ്വാസ്ഥ്യത കൈവന്ന പ്രതീതിയായി. എങ്കിലും വ്യവസായം സ്തംഭിച്ചു തന്നെ നില്ക്കുന്നു. ആവശ്യമായ അസംസ്കൃതസ്തു തരാനാളില്ല. തരാമെന്നു പറഞ്ഞു പണം മുൻകൂർ വാങ്ങുന്നവർ തിരികെ വരുന്നില്ല. കുറെ ദിവസം പണിയുന്നവർ പിരിഞ്ഞുപോകുന്നു. അല്ലെങ്കിൽ വഴക്കിടുന്നു. പുതിയ നിവേദനമാണീക്കാര്യം. വീണ്ടും

www.malankaralibrary.com

രാദസംവേദനപരിശോധന നടത്തി. ശല്യമൊന്നുമില്ല. പക്ഷേ, പണി നടക്കുന്നില്ല. യാഥാർത്ഥ്യത്തിൻെറ നേരേ എങ്ങനെ കണ്ണടയ്ക്കും?

പ്രാർത്ഥനാമനോഭാവവും പ്രത്യാശാമന്ദനാഭാവവും വളർത്തുക. ലാഭവിഹിതത്തിൽനിന്നല്പം ദേവാലയത്തിൽ കാഴ്ച സമർപ്പിക്കുക. ഈ ഉപദേശത്തോടെ ഞാൻ അയാളെ പറഞ്ഞയച്ചു. ആശ്ചര്യംതന്നെ. ദിവസങ്ങൾക്കുള്ളിൽ ആവശ്യമുള്ള സാധനങ്ങൾ കിട്ടി. കൃതജ്ഞത രേഖപ്പെടുത്തുന്ന കത്തുകൾ വിവരം നല്കി.

29 ഒരുകാലത്തു സമൃദ്ധിയിൽ കഴിഞ്ഞിരുന്ന ഒരു കുടുംബം. കച്ചവടത്തിൽനിന്നു് അന്നു നല്ല ലാഭമുണ്ടായിരുന്നു. അതുകൊണ്ടു പുരയൊന്നു പുതുക്കിപ്പണിതു. പക്ഷേ, പിന്നീടു കുറേശ്ശെ കച്ചവടം മന്ദമായി. അവസാനം നിറുത്തി.

മുതിർന്ന രണ്ടു് ആൺമക്കൾ തോന്നിയ രീതിയിലായി പെരുമാററം. വീട്ടിൽ വരണമെന്നില്ല. അനുസരണമില്ല. പഠിക്കുന്നതിനു മനസ്സില്ല. ക്ലാസും ഫീസും കളഞ്ഞുകുളിക്കും. അനുദിനാവശ്യങ്ങൾക്കുതന്നെ വീട്ടിൽ മുട്ടുണ്ടായിത്തുടങ്ങി.

കുടുംബനാഥൻ എന്നെ സമീപിച്ചു. വിദൂരരാദസംവേദനംവഴി അയാളുടെ വീടും പറമ്പും ഞാൻ പരിശോധിച്ചു. പുറകിലെ നടക്കല്ലിനു താഴെനിന്നു് ഉപദ്രവരാദപ്രസരണം അഞ്ചടി ആഴത്തിൽ കാണാമായിരുന്നു. അവിടെ കുഴിച്ചു മണ്ണു മാററാൻ നിർദ്ദേശം കൊടുത്തു.

നല്ല ചൊരിമണൽ പ്രദേശം. മഴക്കാലമല്ല. പക്ഷേ, മഴ ധാരാളം. എങ്കിലും കുഴിക്കാമെന്നുവച്ചു. മൂന്നടി താഴ്ത്തിയപ്പോൾ വെള്ളത്തള്ളലും മണ്ണിടിച്ചിലുംമൂലം പണി നിറുത്തിവച്ചു. മൂന്നുനാലു മാസങ്ങൾക്കുശേഷം വീണ്ടും പണി തുടർന്നു. അഞ്ചടി താഴ്ന്നു. ഉപദ്രവരാദപ്രസരണം തുടരുന്നു. നല്ല വെള്ളമണ്ണാണു കുഴിയിൽനിന്നു പുറത്തുവരുന്നതു്. കുഴിയുടെ

www.malankaralibrary.com

ആഴം ആറടിയായി. നാകത്തകിട്, കരി, ഈയ ശകലങ്ങൾ എന്നിവ കണ്ടുകിട്ടി. ഏഴടി താഴ്ചതോടെ ഉപദ്രവരാദപ്രസരണം നീങ്ങി.

ആഴ്ചകൾ കുറെ കഴിഞ്ഞു. വീട്ടിൽ ആർക്കും കാര്യമായ മാററമൊന്നുമില്ല. തെല്ലൊരാശ്വാസമുണ്ടെന്നു വേണമെങ്കിൽ പറയാം. അത്രമാത്രം.

മൂത്ത രണ്ടു മക്കളേയും രാദസംവേദനംവഴി പരിശോധിച്ചു. ഒരാൾക്കു കൈവിഷമുണ്ട്. മറേറയാൾക്കില്ല. രണ്ടുപേർക്കും കുടുംബത്തോടു സ്നേഹമില്ല. കൈവിഷമുള്ളവൻ മരുന്നു കഴിച്ചു. അല്പകാലത്തിനുള്ളിൽ അവനിൽ മാററങ്ങൾ വന്നു. ഇനിമുതൽ നന്നായി ജീവിക്കാനാഗ്രഹിക്കുന്നു എന്നും കഴിഞ്ഞ തെററുകളും സ്നേഹശൂന്യതയും മാതാപിതാക്കളും സഹോദരങ്ങളും ക്ഷമിക്കണമെന്നും അവനഭ്യർത്ഥിച്ചു.

അങ്ങനെ ആ കുടുംബത്തിന് അല്പം സമാധാനം കിട്ടി. എങ്കിലും അവർക്കു വിമോചനാനുഭവം കൈവന്നെന്നു പറഞ്ഞുകൂടാ.

30. പട്ടണത്തിൽ വാടക വീട്ടിൽ താമസിക്കുന്ന ഒരു കുടുംബം. ഭാര്യയും ഭർത്താവും തമ്മിൽ വഴക്കേറെ. ചിലപ്പോൾ തമ്മിൽ മിണ്ടാട്ടമില്ല. പലപ്പോഴും രോഗമാണ് ആർക്കെങ്കിലും. പഴയ വാടകയാണ്. അതു കുറവാണ്. ഒഴിഞ്ഞുകൊടുക്കണമെന്നുടമസ്ഥൻ. കൂടിയ വാടകയ്ക്കു മാറിത്താമസിക്കാൻ സാമ്പത്തിക ശേഷിയില്ല. ഇക്കാര്യത്തിനുവേണ്ടി കുടുംബനാഥൻ വഴക്കു കേസ്സും പതിവായി.

ഞാൻ ഈ വീടു പരിശോധിച്ചു വിദൂരരാദസംവേദനംവഴി. വീട്ടിലേയ്ക്കു കയറുന്ന ചവിട്ടുപടി ചെറുതാണ്. പട്ടണമല്ലേ? ഇടമില്ല. നടക്കല്ലിനടിയിലൂടെ ഒരു കാന ഒഴുകുന്നു. എങ്കിലും കാന കഴിഞ്ഞുള്ള മണ്ണിൽ ഉപദ്രവരാദപ്രസരണം അഞ്ചടി താഴെ കണ്ടെത്തി. അവിടെ താഴ്ത്തി മണ്ണുമാററാൻ നിർദ്ദേശിച്ചു.

www.malankaralibrary.com

മണ്ണു നീക്കാനാരംഭിച്ചു. വീട്ടുടമസ്ഥൻ ഉടൻ അതു തടഞ്ഞു. പിന്നെ പഞ്ചായത്തുകാരും നാട്ടുകാരും മദ്ധ്യസ്ഥത പറഞ്ഞു. കുഴി നാലടി കഴിഞ്ഞു. അപ്പോൾ തലമുടി, കരി, സ്ലേററു ചീളുകൾ മുതലായവ പുറത്തുചാടി. അഞ്ചടി താഴ്ന്നപ്പോൾ ഉപദ്രവരാദ ശേഷി മറഞ്ഞു.

കഥ തീർന്നില്ല. ശരീര പരിശോധന വ്യക്തമാക്കി. കഴിഞ്ഞ അഞ്ചുവർഷമായി ഭർത്താവിൻെറ ശരീരത്തിൽ കൈവിഷമുണ്ടെന്നു്. രോഗശാന്തിക്കുതകുന്ന ചികിത്സാ കേന്ദ്രം നിർദ്ദേശിച്ചുകൊടുത്തു.

ആ ഇടത്തരം കുടുംബം നെടുതായൊന്നു നിശ്വസിച്ചു.

31. കേരളത്തിലേററം ജനസാന്ദ്രതയുള്ള തുറമുഖ പട്ടണപ്രദേശം. നാലു മുറികളുള്ള ഒരു ചെറിയ വീടു്. ഒരു ചെറിയ പറമ്പു്.

വളരെ വർഷങ്ങൾക്കുമുമ്പു് ഇളയപ്പൻ ഈ വീട്ടിൽ നിന്നു പുറപ്പെട്ടുപോയി. ഇന്നു സഹോദരന്മാർ തമ്മിൽ വഴക്കാണു്. ഐക്യവും സ്നേഹവും നന്നാ പ്രയാസം. വീടുവിട്ടുപോകാൻ പലപ്പോഴും പ്രലോഭനം. കന്നുകാലികൾ കൂടെക്കൂടെ ചാകുന്നു. അതുകൊണ്ടുതന്നെ വലിയ നഷ്ടം.

അവർ സഹായാഭ്യർത്ഥനയുമായി വന്നു. വിദൂരരാദസംവേദനംവഴി വീടും പറമ്പും ഞാൻ പരിശോധിച്ചു. വീടിൻെറ പുറകിലെ നടക്കല്ലിനടിയിൽനിന്നു ഉപദ്രവരാദശേഷി പ്രസരിക്കുന്നു. അഞ്ചടി താഴെ നിന്നാണതു വരുന്നതു്. പന്ത്രണ്ടു വർഷങ്ങളായി ആ പ്രസരണങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. അവിടെ അഞ്ചടി കുഴിച്ചു തടസ്സവസ്തുക്കൾ നീക്കുക എന്നു ഞാനാവശ്യപ്പെട്ടു.

അവർ നിർദ്ദേശമനുസരിച്ചു കുഴിച്ചു. നാലര അടി താഴ്ന്നപ്പോൾ പഴയതും പൊട്ടിയതും പകുതി

www.malankaralibrary.com

യുള്ളതുമായ ഒരു വസ്തി കണ്ടു. അതിനകത്തു കടുംനീല നിറമുള്ള ചായത്തിൽ വീടുകളുടെ ചിത്രപ്പണികൾ കാണാം. ചൈനീസ് കലയോടാണവയ്ക്കു സാമ്യം. പൊട്ടപ്പാത്രത്തിലെ വിഭവങ്ങൾ: മൃഗത്തിന്റെ പല്ല്, എല്ല്, കരിക്കട്ടകൾ, പുഷ്പദളം, നൂൽ വിരകൾ മുതലായവ. പുഷ്പദളത്തിനു വിളറി വെളുത്ത നിറം. അതു് ഏതോ പച്ചിലനിറം കെട്ടുപോയതാവണം. ഒന്നരണ്ടടി നീളമുള്ള നൂൽവിരകൾ. അവയ്ക്കു ജീവനുണ്ടു്. വെളിയിൽ ജീവിക്കുന്ന നൂൽവണ്ണംമാത്രമുള്ള വിരകൾ ഈ വസ്തുക്കളിൽ കുടുങ്ങിയതാവും. അവയ്ക്കു മാത്രം ഉപദ്രവരാദശേഷിയില്ല. മററെല്ലാവസ്തുക്കൾക്കുമുണ്ടു്. മുപ്പത്തിആറുവർഷംമുമ്പു നിക്ഷേപിച്ച വസ്തുക്കളാവും. അഞ്ചടി വരെയുള്ള വെളി പൂർണ്ണമായി മാററിയപ്പോൾ ഉപദ്രവരാദസ്ഫുരണം ആ സ്ഥലത്തില്ലാതായി.

ആ പഴയ വീട്ടിൽ ഒരു പുതിയ ജീവിതമാണന്നു മുതൽ. സമാധാനമെന്തന്നവർ അറിഞ്ഞു തുടങ്ങി.

32. ചെറുതെങ്കിലും പുതിയ ഒരു വീടു്. മുൻവശം വാർത്തിട്ടുണ്ടു്. രണ്ടു മുറികളും വരാന്തകളും മാത്രം. അടുക്കളയും അറയും പുരയിൽനിന്നു വിട്ടാണു്. ചുററും മതിൽകെട്ടിയ ഒരു ചെറിയ പറമ്പു്. നല്ല പഞ്ചസാരമണൽ പ്രദേശം.

കുടുംബത്തിലും കുടുംബാംഗങ്ങളിലും വരുമാനത്തിലും ആരോഗ്യത്തിലും പല ക്ഷീണങ്ങൾ അനുഭവമാകുന്നു. വിമോചനത്തിനായി അവർ എന്റെയടുക്കൽ വന്നു.

വിദൂരരാദസംവേദനം വഴി വീടും പറമ്പും പരിശോധിച്ചു. പ്രധാന നടക്കല്ലിനു താഴെ എതിരായ രാദശക്തി തിരിച്ചറിഞ്ഞു. അവിടെ അഞ്ചടി താഴ്ത്തി മണ്ണു മാററുക എന്ന നിർദ്ദേശം ഞാൻ നല്കി.

നിർദ്ദേശമനുസരിച്ചവർ പ്രവർത്തിച്ചു. ചിരട്ടക്കരി, ഇരുമ്പുകഷണങ്ങൾ, അസ്ഥിശകലങ്ങൾ മുത

www.malankaralibrary.com

ലായി കുറെസാധനങ്ങൾ മാന്തിയെടുത്തു. പുതിയ മണ്ണും നടക്കല്ലും അവിടെ വന്നു.

അവിടെ പഴയതിൽനിന്നു ഭിന്നമായ രീതികൾ പുലരാൻ തുടങ്ങി. എന്തൊരാശ്വാസം!

33. വീട്ടിൽ സഹോദരന്മാർ തമ്മിൽ വഴക്ക്. ജോലികൾ തടസ്സം. മിക്കവാറും ആർക്കെങ്കിലും രോഗം. ഇടപാടുകളിൽ സാധാരണയായി സാമ്പത്തികനഷ്ടം. ഒരു തൊഴിലാളികുടുംബമാണത്. അവർക്ക് ക്ഷുദ്രദോഷമുണ്ടെന്ന ബോധം. സമീപത്തുള്ള സ്വന്തം ജനങ്ങളെല്ലാം അകന്നുകഴിഞ്ഞു. ജീവിതഭാരം മുഴുവൻ, മൂത്ത ഒരു ചേട്ടൻ താങ്ങിത്തളരുന്ന പ്രതീതി. ഹൈന്ദവനായ ആ സഹോദരൻ എന്റെ സഹായമാവശ്യപ്പെട്ടു.

വിദൂരരാദസംവേദനംവഴി അയാളുടെ വീടും പറമ്പുമായി ഞാൻ ബന്ധപ്പെട്ടു. അവിടെയെങ്ങും ഉപദ്രവരാദപ്രസരണം കണ്ടെത്താൻ പററുന്നില്ല. പക്ഷേ, പഞ്ചായത്തു റോഡിൽനിന്നും പറമ്പിലേക്കു പ്രവേശിക്കുന്ന വേലിയുടെ പടിക്കൽ അതുണ്ട്. അത് ആറടിയോ എട്ടടിയോ താഴെനിന്നു വരുന്നതുപോലെ തോന്നി. പടിക്കൽ താഴ്ത്തി കുഴിച്ചുനോക്കാൻ നിർദ്ദേശം കൊടുത്തു.

ഒത്ത പടിക്കൽത്തന്നെ ആറടി അവർ കുഴിച്ചു. നല്ല വെള്ള മണ്ണു മാത്രമേ കാണുന്നുള്ളു. ഇനിയും കുഴിക്കണോ എന്നറിയാൻ ആൾ വന്നു. വേണം, രണ്ടടികൂടെ താഴ്ത്തുക എന്നു ഞാൻ തറച്ചു പറഞ്ഞു. എട്ടടി താഴ്ന്നപ്പോൾ തലമുടി, ചകിരി, ദുർഗന്ധമുള്ളതും നിറംമാററമുള്ളതുമായ മണ്ണ് എന്നിവ പുറത്തെടുത്തു. അതോടെ ഉപദ്രവരാദപ്രസരണം നീങ്ങി.

താമസിയാതെ അയൽക്കാർ വീട്ടിൽ വന്നുതുടങ്ങി. മെച്ചപ്പെട്ട ഒരു ഭാവികൾ തുടക്കമൊണത്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുകിട്ടുമെന്നു വിവക്ഷയില്ല.

www.malankaralibrary.com

കൃത്രിമമായി വന്ന തടസ്സങ്ങൾ നീങ്ങുന്ന സാധാരണത്വത്തിലേയ്ക്കുള്ള തിരിച്ചുവരവാണു സൂചന.

34. വെള്ള മണൽപ്രദേശം. ഭർത്താവിനും ഭാര്യയ്ക്കും ജോലിയുള്ള ഒരു കുടുംബം. ഭർത്താവ് അവധിക്കാലത്തു മാത്രമേ വീട്ടിൽ വരൂ. അമ്മായിഅമ്മയും മരുമകളും തമ്മിൽ ചേർച്ചയില്ല. അമ്മായിഅമ്മയുടെ തന്നിഷ്ടവും വാശിയുമാണു പ്രശ്നമെന്നു മരുമകൾ. മകളുടെ ധിക്കാരവും വച്ചുപൂട്ടും അധികാരഭ്രമവും അസഹ്യമാണെന്ന് അമ്മായിഅമ്മ. കുട്ടിയാനയെപ്പോലുള്ള മരുമകളേയും കൊതുമ്പുപോലെയിരിക്കുന്ന അമ്മായിഅമ്മയേയും കാണുന്ന അയലക്കാർ പറയുന്നതു സമൃദ്ധിയുടെ ആ വീട്ടിൽ അമ്മായിഅമ്മ കരിഞ്ഞുപൊരിയുകയാണെന്ന്. ഭർത്താവിന് അമ്മ ജീവനായിരുന്നു, അടുത്ത കാലംവരെ. ഇപ്പോൾ ആ നില മാറി. അയാൾ പൂർണ്ണമായി ഭാര്യയുടെ വശത്തേയ്ക്കു ചാഞ്ഞുകഴിഞ്ഞു എന്നാണവർക്കു മനസ്സിലാവുക.

അസുഖവും വഴക്കുമെന്നുമുണ്ട്. വീട്ടിൽ ക്ഷുദ്രമുണ്ടെന്ന് ആരോ പറഞ്ഞു. പരിഹാരം തേടുകയാണവർ.

വീട്ടുഭൂരാദസംവേദന പരിശോധന നടത്തി. ചെറിയ വീട്. രണ്ടു മുറികളും രണ്ടു ചാർത്തുകളും. പറമ്പും ചെറുതാണ്. അടുക്കളയിൽനിന്നു പുറത്തേയ്ക്കുള്ള വാതിലിന്റെ നടക്കല്ലിനടിയിൽ അഞ്ചടി താഴെനിന്ന് ഉപദ്രവരാദശക്തി ഉയരുന്നുണ്ട്. പന്ത്രണ്ടു വർഷമായി അതു തുടരുന്നു. അവിടം കുഴിച്ചു മണ്ണു മാററുക എന്നു ഞാൻ നിർദ്ദേശിച്ചു.

നിർദ്ദേശപ്രകാരം മണ്ണു നീക്കി. മൂന്നടിയായപ്പോൾ ഭിത്തിയുടെ ആണിക്കല്ലുകൾ ഇളകി ചൊരിമണൽ അടിയിൽനിന്നുതിർന്നുപോയി. അത്യാഹിതമൊഴിവാക്കാൻ പണി നിറുത്തി കുഴി മൂടി.

www.malankaralibrary.com

പിന്നീട കാലാവസ്ഥ അനുകൂലമായി. മണ്ണു മാററാനുള്ള ധൈര്യം അവർ ആർജ്ജിച്ചു. സംരക്ഷണ വ്യവസ്ഥകളോടെ അഞ്ചടി താഴ്ത്തി. തരിപ്പഞ്ചസാരപോലുള്ള മണൽ മാത്രമാണു മാന്തിക്കിട്ടിയത്. കൃത്രിമമായ യാതൊരു വസ്തുവും നിറംമാററമുള്ള മണ്ണും കണ്ടുകിട്ടിയില്ല. എങ്കിലും എതിർ രാദപ്രസരണം നീങ്ങിയിരുന്നു. ക്ഷുദ്രവസ്തുക്കളൊന്നും കണ്ടെടുക്കാൻ കഴിയാതിരുന്നതിൽ അവർക്കു നേരിയ നിരാശ തോന്നിയിരിക്കാം. പുതിയ മണ്ണു വന്നു. കുഴി നികന്നു. പുതിയ നടക്കല്ലുയർന്നു.

കുറെ മാസങ്ങൾക്കു ശേഷം ആ വീട്ടിലെ വിശേഷം അറിയാൻ കഴിഞ്ഞു. എന്താണെന്നല്ലേ? അമ്മായിഅമ്മയും മരുമകളും തമ്മിൽ അടയും ചക്കരയും പോലെ അങ്ങടുത്തു. ജീവിതത്തിൽ ഉന്മേഷവും കുടുംബത്തിൽ ഉന്മേഷവും ആനന്ദവും വളർന്നുനില്ക്കുന്നു. മാനുഷികബന്ധങ്ങളിൽ തകർച്ചകൾ സൃഷ്ടിക്കാൻ ദൂഷിദരാദപ്രസരണത്തിനുള്ള ശേഷിയുടെ ശരിയായ തെളിവായിരുന്നു ഈ കുടുംബത്തിലെ മുൻ അലങ്കോലങ്ങൾ. ഉപദ്രവരാദപ്രസരണത്തിന്റെ കേന്ദ്രമന്വേഷിച്ചു ചെല്ലുമ്പോൾ കൃത്രിമ വസ്തുക്കൾ കണ്ടുപിടിക്കാൻ കഴിയുന്നതല്ല പ്രശ്നപരിഹാരത്തിന്റെ കാതൽ. രാദസംവേദകന മാത്രമേ കൃത്രിമ വസ്തു കണ്ടാലും ഇല്ലെങ്കിലും ഉപദ്രവരാദപ്രസരണത്തിന്റെ സാന്നിദ്ധ്യമോ അഭാവമോ തിരിച്ചറിയാൻ കഴിയൂ. പലപ്പോഴും പ്രത്യേകവസ്തു വേർതിരിച്ചറിയാൻ കഴിവില്ലാത്തവിധം മണ്ണിൽനിന്ന് ഉപദ്രവരാദസ്ഫുരണമുണ്ടാകുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ ആ മണ്ണു മുഴവൻ മാററുകയാണ് ആവശ്യം.

35. ഭർത്താവ് അമിതമായി മദ്യപിക്കുന്നു. മദ്യപിച്ചു വരുമ്പോൾ ഭാര്യയേയും മക്കളേയും മൃഗീയമായി മർദ്ദിക്കും. മക്കൾക്കു വിവാഹപ്രായമായി. ഒരമ്മയുടെ വേദനനിറഞ്ഞ ജീവിതകഥയാണിത്.

www.malankaralibrary.com

പലപ്പോഴും ഭർത്താവു വീട്ടിൽ വന്നില്ലെന്നുവരും. വന്നാലോ? ഭാര്യയും മക്കളും അന്യവീടുകളിൽ അഭയം കണ്ടെത്തണം. കുടുംബം നശിക്കാൻ ആരോ ക്ഷുദ്രം ചെയ്യുതാണെന്ന സംശയവും സംസാരവും നാട്ടിലുണ്ടു്.

ഈ കുടുംബത്തിനു സമാശ്വാസം നല്കണമെന്നപേക്ഷ വന്നു. വിദൂരരാദസംവേദന തലത്തിലേയ്ക്കു ഞാൻ കടന്നു. വീടു ചെറുതാണു്. രണ്ടു മുറികൾ. മുൻപിലും പിൻപിലും വരാന്തകൾ. പ്രവേശന നടക്കല്ലിനു മൂന്നു പടികൾ. അതിനു് അഞ്ചടി താഴെ നിന്നു് ഉപദ്രവരാദപ്രസരണമുണ്ടു്. കഴിഞ്ഞ പതിനാലു വർഷങ്ങളായി അതു തുടങ്ങിയിട്ടു്. അവിടെ അഞ്ചോ എട്ടോ അടി താഴ്ത്തി മണ്ണു നീക്കുന്നതിനു ഞാൻ നിർദ്ദേശിച്ചു. അതനുസരിച്ചു് അഞ്ചടി താഴ്ത്തിയശേഷം ആൾ വന്നു. ഇനിയും താഴ്ത്തണോ എന്നറിയണം. 'മൂന്നടികൂടെ താഴ്ത്തണം. സാധിക്കുമെങ്കിൽ ചെയ്താൽ മതി. അപകടം കൂടാതെ താഴ്ത്താവുന്നിടത്തോളം താഴട്ടെ' ഞാൻ പറഞ്ഞു. അവർ പിന്നെയും കുഴി താഴ്ത്തി. എട്ടടിയായി. ക്ഷുദ്രവസ്തുവൊന്നും കണ്ടുകിട്ടിയില്ല. പക്ഷെ, അപ്പോഴേയ്ക്കും മുൻവശത്തെ വരാന്തയുടെ ഭിത്തി ഇടിഞ്ഞുവീണു. അതുകൊണ്ടു മുൻവശത്തെ വാർക്കയ്ക്കും തൂണുകൾക്കും കേടുപററി. എങ്കിലും പിന്നേയും ഇവിടെ ആളുവന്നു താഴ്ത്തിയതു മതിയോ എന്നറിയാൻ. ഉപദ്രവരാദപ്രസരണം മിക്കവാറും നീങ്ങിയിരിക്കുന്നതായാണു പരിശോധനാഫലം.

വീടിനു് അല്പം കേടു വന്നു. അയൽക്കാർ ആക്ഷേപിച്ചു. പക്ഷെ, അല്പനാളുകൾക്കുള്ളിൽ ഭർത്താവിൽ മാററങ്ങൾ വന്നു. അയാൾ മദ്യാസക്തിയെ നിയന്ത്രിച്ചു. കുടുംബത്തിൽ സ്നേഹപൂർവം ജീവിതമാരംഭിച്ചു.

www.malankaralibrary.com

36. കടപ്പുറം പ്രദേശം. ഓലമേഞ്ഞ കുടിൽ. ഒരമ്മയും മകനുമാണതിൽ. ജീവിതത്തിൻെറ സർവ്വസ്വവുമായി അവരം അവനെ വളർത്തി. അവൻ സ്നേഹത്തിലും സ്വാതന്ത്ര്യത്തിലും വളർന്നുവന്നു. കരുത്തുററ അവൻെറ കരങ്ങരം പണിയെടുത്തു. കിട്ടുന്നതെല്ലാം അമ്മയെ ഏല്പിച്ചുവന്നു. അങ്ങനെ സമൃദ്ധിയിലും സമാധാനത്തിലും നാളുകരം കടന്നുപോയി.

അപ്പോഠം അവനുവേണ്ടി ഒരു സ്ത്രീ വല വീശി. ഭർത്താവും ഒരു കുട്ടിയുമുള്ള ഒരു സ്ത്രീ. അവനതിൽ കുടുങ്ങി. സാവധാനത്തിൽ അവൻ അവളുടെ അധീനതയിലമർന്നു. അവൻ മദ്യപിച്ചു. അവൻ അമ്മയെ വെറുത്തു. അഭിസാരിണി അമ്മയെ വെല്ലുവിളിച്ചു. 'നിൻെറ വീട്ടിൽനിന്നു നിന്നെ ഞാൻ ഇറക്കിവിടും. അവൻ ഇനി നിൻേറതല്ല, എൻേറതാണു്.' അവരം പറയുന്നതു് അവനു പ്രമാണം.

മരിക്കേണ്ടിവന്നാലും ദൈവകല്പന ലംഘിച്ചുകൂടാ. അതാണു് അമ്മയുടെ പ്രമാണം. അവരം തീച്ചൂളയിൽ എരിഞ്ഞുകൊണ്ടിരുന്നു. മകനെ വേശ്യയുടെ അടിമത്തത്തിൽനിന്നു വീടർത്തണം. അതിനു് എന്തു ത്യാഗവും സഹിക്കാൻ ആ അമ്മ ഒരുങ്ങി. അവരം എന്തോ കൂടോത്രം ചെയ്തു് അവനെ മയക്കിയെന്നാണു് ആളുകരം പറയുക. അതിനു പ്രതിവിധിയുണ്ടാകണം. അതിനുവേണ്ടി വന്നിരിക്കുകയാണു് അമ്മ.

ആ കുടിലും അതിരിക്കുന്ന പത്തു സെൻറും ഞാൻ പരിശോധിച്ചു, വിദൂരരാദസംവേദനംവഴി. മുൻവശത്തു് ഒരു വാതിലേയുള്ളു. നടക്കല്ലില്ല. ആ സ്ഥാനത്തു് ഒരു ചെറു ചതുരപ്പലകയുണ്ടു്. അതിനു് ആറേഴടി താഴെനിന്നു് ഉപദ്രവരാദസ്ഫുരണം തിരിച്ചറിയാൻ എനിക്കു സാധിച്ചു. അവിടെ ആറടി താഴ്ത്താൻ നിർദ്ദേശം നല്കി.

www.malankaralibrary.com

ആ സ്ഥലത്തു മൂന്നടി കുഴിച്ചപ്പോൾ മൂന്നിഞ്ചു നീളമുള്ള ഒരസ്ഥി കണ്ടുകിട്ടി. ആറടി താഴ്ചയിൽ പശുവിന്റെ ചെറിയ ഒരു കൊമ്പ്. അതിനുള്ളിൽ എന്തോ നിറച്ചിരിക്കുന്നു. ആ കൊമ്പിൽനിന്ന് ഉപദ്രവരാദശക്തി നിർഗ്ഗമിക്കുന്നുണ്ടപ്പോഴും. അതു മാററിയതോടെ ഉപദ്രവരാദപ്രസരണം നീങ്ങി.

ഈ കുടുംബത്തിനെന്തു സംഭവിച്ചു എന്ന വാർത്ത ഇതുവരെ കിട്ടിയില്ല. മകനു മനംമാററമുണ്ടായി എന്നു കേട്ടാൽ ആശ്ചര്യത്തിനു വകയില്ല. അത്രയധികം അടിമത്തത്തിലേയ്ക്ക് ഒരു മനുഷ്യനെ ഉപദ്രവരാദ പ്രസരണം ആഴ്ത്തി നിറുത്താം.

37. സ്വർണ്ണപ്പണിക്കാർ. ഉയർന്നുവന്ന ഒരു കുടുംബം. കുറെ നാളുകളായി അവരുടെ വ്യവസായം തകർച്ചയിലാണ്. പണിചെയ്യുന്ന കടയിലേയ്ക്കു കയറാൻ തോന്നുന്നില്ല. ഇറങ്ങിപ്പോണമെന്നുതന്നെ വിചാരം. കടയിലിരിക്കുമ്പോഴും പണി നടക്കുന്നില്ല. ഒന്നല്ലെങ്കിൽ മറെറാന്നു തടസ്സം. പണി നടന്നാലും നഷ്ടത്തിലാണു ചെന്നു ചാടുക.

സഹായത്തിന് അവർ എന്നെ സമീപിച്ചു. രാദസംവേദനംവഴി ഞാൻ അവരുടെ കട പരിശോധിച്ചു, എന്റെ മുറിയിലിരുന്നുകൊണ്ടു്. കടയ്ക്കകത്തു ശല്യമൊന്നുമില്ല. എന്നാൽ കടയിലേയ്ക്കു കയറുന്ന ചവിട്ടുകല്ലിനു താഴെ.നിന്ന് ഉപദ്രവരാദസ്ഫുരണം കണ്ടെത്തി. അവിടെ അഞ്ചടി താഴ്ത്തി മണ്ണു നീക്കി വേറെ മണ്ണിടാൻ നിർദ്ദേശം നല്കി.

അവർ അതനുസരിച്ച് ഒരടി താഴ്ത്തിയപ്പോൾ ആറിഞ്ചു നീളം രണ്ടരഇഞ്ചു വീതിയുള്ള ഒരു ചെമ്പുതകിടു കിട്ടി. അതുകൊണ്ടു പ്രശ്നംതീർന്നെന്ന സങ്കല്പത്തിൽ അതുംകൊണ്ടു നൂറുമൈൽ യാത്രചെയ്ത്

www.malankaralibrary.com

അവർ എന്റെയടുക്കലെത്തി. തകിടിനു ഉപദ്രവരാദശേഷിയുണ്ടായിരുന്നു. എങ്കിലും സ്ഥലപരിശോധന വീണ്ടും നടത്തിയതിൽ നാലടി ഇനിയും താഴ്ത്തേണ്ടതാണെന്നു ദോലകം സൂചന നല്കി. അത്രയും താഴ്ന്നതുവരെ ഉപദ്രവരാദപ്രസരണം നിലനിന്നിരുന്നു. മററുവസ്തുക്കളൊന്നും കണ്ടുകിട്ടിയില്ലെങ്കിലും അഞ്ചടിവരെയുള്ള മണ്ണുമാററിയപ്പോഴാണു ഉപദ്രവരാദപ്രസരണം നീങ്ങിയതു്.

സന്തോഷത്തോടും പ്രത്യാശയോടുംകൂടെ അയാൾ യാത്ര പറഞ്ഞു. അഭ്യുദയത്തിന്റെയും അഭിവൃദ്ധിയുടെയും പാതയിലൂടെ അവർ ഇപ്പോൾ മുന്നോട്ടു നീങ്ങുന്നു.

38. സാമ്പത്തികമായി ഇടത്തരം കുടുംബം. നാലഞ്ചുവർഷങ്ങളായി അംഗങ്ങൾ തമ്മിൽ യോജിപ്പില്ല. തമ്മിൽ അകന്നുകൊണ്ടിരിക്കുന്നു. ഒരു പുതിയ പുര പണിയുന്നതിനു പല പ്രാവശ്യം വട്ടംകൂട്ടി. എങ്കിലും പണി ആരംഭിക്കാൻ സാധിക്കുന്നില്ല.

ആ പുരയിടവും താല്ക്കാലിക പുരയും വിദൂരരാദസംവേദനംവഴി ഞാൻ പരിശോധിച്ചു. മുൻവശത്തെ നടക്കല്ലിനു് അഞ്ചടി താഴെനിന്നു് എതിർപ്രസരണം കണ്ടെത്തി.

എന്റെ നിർദ്ദേശമനുസരിച്ചു് അവിടെ അവർ അഞ്ചടി താഴ്ത്തി. നാലേമുക്കാൽ അടി താഴെ ഒരു മൺകുടം കണ്ടു. അതിനു് ഒരടി വ്യാസം. അതിൽ ഒരു കൈനിറയാൻമാത്രം കക്ക നിറംകെട്ടു കിടന്നിരുന്നു. കുടം ഭദ്രമായി മൂടിക്കെട്ടിയിരുന്നു. കുടം മാററിയതോടെ ഉപദ്രവരാദപ്രസരണം അപ്രത്യക്ഷമായി.

ധാരണയുടെ ജീവിതം അവർ ആരംഭിക്കുകയായി.

www.malankaralibrary.com

39. ഒരു വ്യവസായ സ്ഥാപനം. കഴിഞ്ഞ കുറെ വർഷങ്ങളായി ലക്ഷക്കണക്കിനു രൂപാ നഷ്ടം. ഉടമയുടെ കുടുംബാംഗങ്ങളിൽ സമർത്ഥമായി കാര്യങ്ങളന്വേഷിക്കുന്ന ചിലർക്കു സ്ഥാപനത്തിലേയ്ക്കു കടന്നുചെല്ലാൻ മനസ്സു വരുന്നില്ല.

എന്റെ സേവനം അവർ അഭ്യർത്ഥിച്ചു. വിദൂരരാദസംവേദനംവഴി സ്ഥലവും കെട്ടിടങ്ങളും ഞാൻ പരിശോധിച്ചു. രണ്ടു സ്ഥാനങ്ങളിൽ ദൂഷിതരാദപ്രസരണമുണ്ട്. ഓഫീസിലേയ്ക്കു കയറുന്നിടത്തുള്ള നടക്കല്ലാണ് ആദ്യത്തേതു്. രണ്ടാമത്തേതു വ്യവസായത്തിൽ വളരെ പ്രാധാന്യമുള്ള അടുപ്പാണ് രണ്ടിടത്തും അഞ്ചടി ആഴത്തിൽ നിന്നാണു ശല്യം പുറപ്പെടുക. അതുകൊണ്ടു് അഞ്ചടിവച്ചു രണ്ടിടത്തും കുഴിക്കുക ആവശ്യമാണു പ്രശ്നപരിഹാരത്തിനു്.

അപ്രകാരം അവർ കുഴിച്ചു. നടക്കല്ലിനുതാഴെ നിന്നു കരിയും ഇരുമ്പിന്റെ ശകലങ്ങളും കിട്ടി. മറ്റേസ്ഥലത്തുനിന്നു കൃത്രിമ വസ്തുക്കളൊന്നും കണ്ടുകിട്ടിയില്ല. മണ്ണുമാററി വേറെ മണ്ണിട്ടു.

അത്ഭുതങ്ങളൊന്നും നടന്നില്ല. എങ്കിലും വലിയ വ്യത്യാസമുള്ളതുപോലെ തോന്നുന്നു. സ്ഥാപനത്തിലേയ്ക്കു കയറിച്ചെല്ലുന്നതിനുള്ള തടസ്സം നീങ്ങിവരുന്നു എന്നവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കു് ഇനിയും സമയം വേണ്ടിവരും.

40. ചെങ്കല്ലിന്റെ നാട്ട്. രണ്ടേക്കർ സ്ഥലവും പഴയതെങ്കിലും നല്ല ഒരു വീടും. ഭാര്യയും അഞ്ചാറു മക്കളുമുള്ള ഒരു കുടുംബനാഥൻ. കുറെ വർഷങ്ങളായി പരിധിവിട്ടു മദ്യപിക്കുന്നു. ദേഷ്യം മൂത്താൽ ആരേയും ആക്രമിക്കും. മൃഗങ്ങളെക്കാൾ കഷ്ടമായി മക്കളെ തല്ലും. മദ്യപിച്ചിട്ടു് ഇയാൾ വരുമ്പോൾ ഭാര്യയും മക്കളും കിടുകിടാ വിറയ്ക്കും. ചിലപ്പോൾ അയാൾ കോപമടക്കുന്നതു മുഴുത്ത കരിങ്കല്ലുകൊണ്ടു സ്വയം നെഞ്ചത്തിടിച്ചാണ്. ചുരുക്കം ചില അവസരങ്ങളിൽ

www.malankaralibrary.com

ഒരു മുറിയിൽ കയറി അകത്തുനിന്നടച്ചുപൂട്ടി പല ദിവസങ്ങളോളംതന്നെ അകത്തിരിക്കുകയായി. ആത്മഹത്യയുടെ വിചാരവും സംസാരവും ഇടയ്ക്കിടെ ഉണ്ട്.

ഈ കുടുംബനാഥൻ എന്റെ സഹായമഭ്യർത്ഥിച്ചു. അയാളുടെ പുരയും പുരയിടവും രാദസംവേദനംവഴി പരിശോധിച്ചു. മുൻവശത്തെ നടക്കല്ലിനടിയിൽ അഞ്ചടി താഴെനിന്ന് ഉപദ്രവരാദസ്ഫുരണമുണ്ട്. കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി അതു ശല്യം ചെയ്യുന്നു. അവിടെ അഞ്ചടി കുഴിച്ചു മണ്ണു മാററണം.

ആ മനുഷ്യന്റെ ശരീരപരിശോധനയിൽനിന്നു കൈവിഷത്തിന്റെ സ്വാധീനം പ്രകടമായിക്കണ്ടു. അതുമൂലം കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി അയാൾ രോഗിയാണ്. ശരീരത്തിനു ക്ഷീണമില്ലെങ്കിലും ചിത്തഭ്രമം പോലുള്ള മാനസിക വ്യാപാരങ്ങൾ അയാളെ അവശനാക്കുന്നു.

നിശ്ചിതസ്ഥാനത്ത് അഞ്ചടി ആഴത്തിൽനിന്നു കരിക്കട്ടകൾ കിട്ടി. കായംപോലെ എന്തോ ചില വസ്തുക്കൾ മാന്തിയമണ്ണിൽ കണ്ടെത്തി. അവ മാററിയതിനെത്തുടർന്നു ഉപദ്രവരാദപ്രസരണം നീങ്ങി.

വർഷങ്ങളായി ക്ഷൗരശകം സ്വീകരിക്കാതെ കഴിഞ്ഞ ആ മനുഷ്യനിൽ സ്വയം തിരുത്താനുള്ള സന്മനസ്സു വന്നു. മദ്യത്തിൽനിന്നകലാൻ അയാൾ തീരുമാനിച്ചു. കഴിഞ്ഞകാലത്തെ ക്രൂരതകളിൽ മനംനൊന്തു പശ്ചാത്തപിച്ചു. പുതിയൊരു ജീവിതത്തിനു തയ്യാറെടുത്തുകൊണ്ടാണയാൾ വീടവാങ്ങിയത്.

41. കടലോരം. അഴിയടുത്താണ്. ഒരു തൊഴിലാളികുടുംബം. ചില വർഷങ്ങളായി പണിയെടുക്കുന്ന മക്കൾ തമ്മിൽ യോജിപ്പില്ല. നന്നായി ജോലി ചെയ്തിരുന്ന ഒരു മകൻ ആശുപത്രിയിലായി. മരുന്നു പലതും ചെയ്തിട്ടും കാലിൽ വ്രണം ഉണങ്ങുന്നില്ല. മത്സ്യം പിടുത്തമാണു കുടുംബത്തൊഴിൽ.

www.malankaralibrary.com

തൊഴിലിന്റെ തടസ്സങ്ങളാണു പുറകേ പുറകേ. എല്ലാ തടസ്സങ്ങളേയും തട്ടിനീക്കിപ്പണിയെടുത്താൽ അവസാനം നഷ്ടമാണു ഫലം. എന്തോ ചടങ്ങ് അവിടെയുണ്ടെന്നാണവർക്കു തോന്നുക. 'ചടങ്ങ്' എന്നു പറഞ്ഞാൽ കൂടോത്രം എന്നാണവർ അർത്ഥമാക്കുക.

അപേക്ഷപ്രകാരം ഈ വീടും പറമ്പും ഞാൻ പരിശോധിച്ചു, വിദൂരരാദസംവേദനത്തിലൂടെ. പത്തു സെൻറാണു സ്ഥലം. അതിൽ നീട്ടിക്കെട്ടിയിരിക്കുന്ന ഓല മേഞ്ഞ കുടിൽ. മെടലുകൾ കൊണ്ടു് അഞ്ചു മുറികൾ തിരിച്ചിട്ടുണ്ടു്, മുൻവശത്തു രണ്ടു മുറികളിലേയ്ക്കു കയറാൻതക്കവിധം നീണ്ട നടപ്പടി. അടുക്കളയിൽനിന്നു പുറത്തേയ്ക്കിറങ്ങുന്നിടത്തു് ഒരു പലകയുണ്ടു ചവിട്ടുപടിയായി. അതിനു് അഞ്ചടി താഴെനിന്നു് ഉപദ്രവരാദപ്രസരണം വരുന്നുണ്ടു്. അവിടെ അത്രയും താഴ്ത്തി മണ്ണുമാററാൻ ഞാനാവശ്യപ്പെട്ടു.

ആ സ്ഥലത്തു മൂന്നടി താഴ്ത്തിയപ്പോൾ ഇരുപത്തിനാലൗൺസുകുപ്പി അവിടെ നിക്ഷേപിച്ചിരിക്കുന്നതു കണ്ടു. പച്ചനിറം അകത്തു മണ്ണുതന്നെ. അതിന്റെ പരിസരത്തിന്റെ നിറമല്ലെന്നുമാത്രം. നിശ്ചിത താഴ്ചയായതോടെ ഉപദ്രവകരമായ പ്രസരണം നീങ്ങി. വേറെ മണ്ണിട്ടു കുഴി മൂടി.

വ്രണം ഉണങ്ങാതെ ആശുപത്രിയിൽക്കഴിഞ്ഞിരുന്ന യുവാവിനു് അന്നു മുതൽ ആശ്വാസം കിട്ടി. ആശ്ചര്യകരമാംവിധം അയാൾ രോഗവിമുക്തനായി. കുടുംബത്തിലെ അന്തരീക്ഷം മെച്ചപ്പെട്ടുതുടങ്ങി.

42. അദ്ധ്വാനശീലനും സൽസ്വഭാവിയുമായ ഒരു യുവാവു്. തൊഴിൽ പാൽകച്ചവടം. ദിവസം എട്ടുലിററർ പാലു നല്കുന്ന ഒരു എരുമ. പെട്ടെന്നു രോഗംവന്നു ചത്തു. അടുത്ത ഒരെരുമ പ്രസവിച്ചു

www.malankaralibrary.com

രണ്ടു് ആഴ്ചകഠം കഴിഞ്ഞപ്പോഠം പാലിനു പകരം വെള്ളംപോലെ വെളുത്ത ഒരു ദ്രാവകമാണു കറന്നാൽ കിട്ടുക. മൃഗഡോക്ടർ പറയുന്നു രോഗമില്ലെന്നും അയാഠംക്കു മനസ്സിലാകാത്ത എന്തോ സംഭവിക്കുന്നുണ്ടെന്നും.

പാൽകച്ചവടത്തിൽ മത്സരിക്കുന്ന ഒരാഠംക്കു് എതിർപ്പുണ്ടെന്നും അതുമൂലം ക്ഷുദ്രദോഷമുണ്ടെന്നും നാട്ടിൽ സംസാരമുണ്ടു്. പക്ഷെ ക്ഷുദ്രമെന്നൊന്നുണ്ടാവാൻ വഴിയില്ല. ഉണ്ടെങ്കിൽത്തന്നെ അതൊന്നും അയാഠംക്കു ഏല്ക്കുകയില്ല. അതാണു കഥാനായകന്റെ ബോധം. എങ്കിലും ഡോക്ടറുടെ നിർദ്ദേശപ്രകാരം അയാഠം പ്രതിവിധി തേടുകയാണു് ഇപ്പോഠം. അങ്ങനെ എന്റെയടുക്കൽ വന്നു.

ഞാൻ വിദൂരരാദസംവേദന പരിശോധന നടത്തി. വീടിന്റെ ഒരു ചാർത്തുതന്നെ തൊഴുത്തായി ഉപയോഗിക്കുന്നു. വീട്ടിൽനിന്നു് ആ ചാർത്തിലേക്കിറങ്ങുന്ന വാതുക്കൽത്തന്നെ ഉപദ്രവകരമായ രാദപ്രസ്ഫുരണം തിരിച്ചറിഞ്ഞു. അതു് അഞ്ചടി ആഴത്തിൽനിന്നു വരുന്നു. മൂന്നു വർഷം മുമ്പുള്ളതാവണം. അവിടെ അഞ്ചടി കുഴിച്ചു മണ്ണു നീക്കാൻ നിർദ്ദേശം നല്കി. അതനുസരിച്ചു് അവിടെ നാലടി കുഴിച്ചപ്പോഠം കരിക്കട്ടകഠം കണ്ടുകിട്ടി. നിശ്ചിത താഴ്ചയെത്തിയപ്പോഠം രാദപ്രസരണം നീങ്ങി.

എരുമയെ ആ തൊഴുത്തിൽ കുറെ നാഠം കെട്ടണ്ട എന്നു ഞാൻ അഭിപ്രായപ്പെട്ടു. ഉടമസ്ഥൻ ഒരു ചെറിയ കച്ചവടം അതിനുള്ളിൽ നടത്തി. ഇറച്ചി വിലയ്ക്കു വില്ക്കാതിരിക്കാൻ ഇറച്ചിയുടെ ഇരട്ടി വിലയ്ക്കും അസൽ വിലയുടെ നാലിലൊന്നിനുമായി എരുമയുടെ കൈമാററം കഴിഞ്ഞിരുന്നു.

43. കത്തോലിക്കാ സന്യാസിനികഠം നടത്തുന്ന ഒരു ചികിത്സാലയം. അവിടെ വരുന്ന ഡോക്ടർ

www.malankaralibrary.com

മാർ പഴകുന്നില്ല. എന്തെങ്കിലും കാരണമുണ്ടായി അവർ പോകും. ഡോക്ടർ മാറുന്നതുകൊണ്ടു രോഗികൾ വരുന്നതിനു തടസ്സം. പോരെങ്കിൽ നാട്ടുകാരിൽ കുറെ ആളുകൾക്കു് അവരുടേതല്ലാത്ത ഒരാശുപത്രി അവിടെ ഉയരുകയോ വളരുകയോ ചെയ്യുന്നതിലെതിർപ്പുണ്ടു്.

എക്സ്റേ സൗകര്യങ്ങളുള്ള ആ ചികിത്സാലയത്തിൽ ശുശ്രൂഷചെയ്യുന്ന സഹോദരികളുടെ സേവനത്തിനു വേണ്ടത്ര ആളുകൾ വരുന്നില്ല. മിക്കവാറും ഒഴിഞ്ഞ മുറികളും കട്ടിലുകളും കാണാം. എന്തെങ്കിലും തടസ്സങ്ങളില്ലെങ്കിൽ ഈ ദുർഗ്ഗതി എങ്ങനെയുണ്ടാകും?

രാദസംവേദനത്തെപ്പററി അറിയാമായിരുന്ന സഹോദരികൾ എൻെറ സഹായം തേടി. ചികിത്സാലയം മുഴുവൻ ഞാൻ പരിശോധിച്ചു. തടസ്സങ്ങളൊന്നുമില്ല. ഡോക്ടർ താമസിക്കുന്നതു മറെറാരു പറമ്പിലാണു്. ആ പറമ്പും വീടും പരിശോധിച്ചു. ആ വീടിൻെറ പ്രാധാന്യം കുറഞ്ഞ ഒരു നടക്കല്ലിനടിയിൽനിന്നു ദൂഷിതരാദപ്രസരണം കണ്ടെത്തി. അവിടെ അഞ്ചടി കുഴിച്ചു മണ്ണുമാററുന്നതിനു നിർദ്ദേശം കൊടുത്തു. നാലടി താഴ്ത്തിയപ്പോൾ കരിക്കട്ടകളുടെ ആദ്യനിക്ഷേപവും അഞ്ചടി ആയപ്പോൾ രണ്ടാമത്തെ നിക്ഷേപവും പുറത്തെടുത്തു. അതോടെ ഉപദ്രവരാദപ്രസരണം തീർന്നതായി ദോലകത്തിൽനിന്നു സന്ദേശം വന്നു.

ഉപദ്രവരാദപ്രസരണകേന്ദ്രം നീക്കം ചെയ്തതിനു ശേഷം ആ സ്ഥാപനത്തിലെ അനുഭവമെന്തെന്നറിയാൻ സമയമായില്ല.

44. ഒരു സന്യാസ ഭവനം. അംഗങ്ങൾക്കു ശരീരത്തിനും മനസ്സിനും സ്വാസ്ഥ്യതയില്ല. വരവിൻെറ വലിയ ഭാഗം രോഗചികിത്സയ്ക്കു ചിലവാകുന്നു.

www.malankaralibrary.com

സഹോദരികൾ അവിടെവന്ന് അധികം കഴിയുന്നതിന മുമ്പ ശോഷിച്ചും ക്ഷീണിച്ചും വരുന്നു പൊതുവേ.

മഠത്തിന്റെ പറമ്പിൽ ഒരു കടപ്ളാവുണ്ട്. അവിടെ മഠം വരുന്നതിന മുമ്പ് ഒരു മനുഷ്യൻ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നു പ്രായം കൂടിയ ഒരു സഹോദരി പറയുന്നു. ആ മരത്തിൽ രാത്രി വാവൽ വന്നലയ്ക്കും. അതു് ആ സഹോദരിക്ക ഭയമാണ്. ഭയത്തിൽനിന്ന വിമോചനത്തിനായി അവർക്ക് ഒരു പരിപാടിയുണ്ട്. കടപ്ളാവിൽ ഇരുമ്പുതുടൽ തൂക്കിയിടുക. ഇരുമ്പിനോടു പൈശാചാന ഭയമാണെന്നു് അവർ കുഞ്ഞിലേ കേട്ടിട്ടുണ്ട്.

ആ പറമ്പിൽ എന്തോ ക്ഷുദ്രശല്യമുണ്ടെന്നു് അയൽക്കാർ പറയുന്നു. സന്യാസിനികൾക്കതിൽ വിശ്വാസമില്ല. രാദസംവേദനത്തിന്റെ ശാസ്ത്രീയവശത്തെക്കുറിച്ച് അറിവും അനുഭവവുമുള്ള ചില സഹോദരികൾ ആ മഠത്തിലുണ്ടായിരുന്നു. അഭ്യർത്ഥനപ്രകാരം ഞാൻ രാദസംവേദനപരിശോധന നടത്തി. കൃത്രിമമായി ഉപദ്രവരാദപ്രസരണം അവിടെ എങ്ങും ഇല്ലെന്നു സ്പഷ്ടമായി.

പക്ഷെ പ്രകൃതിയിലുള്ള ദൂഷിതരാദപ്രസരണവലയങ്ങളുണ്ട്, ആ പറമ്പിൽ ചില സ്ഥലങ്ങളിൽ. ഇപ്പോൾ ഉപയോഗിക്കുന്ന ഉറക്കമുറികൾ പകുതിയിലേറെ സഹോദരികളുടെ ശരീരത്തിന് ഉപദ്രവകരമാണ്. തല്ക്കാലം അവർക്കുറങ്ങാൻ അനുയോജ്യമായ ചില മുറികൾ ഞാൻ നിർദ്ദേശിച്ചുകൊടുത്തു. സൗകര്യമായ കെട്ടിടം പണിയുന്നതുവരെ അങ്ങനെ ശ്രദ്ധിക്കണം.

മുത്തശ്ശിക്കഥകളിൽ നാം കേട്ടിട്ടുണ്ട് പച്ച ഇരുമ്പിനോടു പിശാചു് അടുക്കുകയില്ലെന്നു്. ഇരുമ്പിന രാദപ്രസരപ്രവർത്തനങ്ങളിൽ ചിലതു നിർവീര്യമാക്കാൻ കഴിയും. ശാസ്ത്രീയമായ ഈ യാഥാർത്ഥ്യത്തിൽനിന്ന

www.malankaralibrary.com

ദിച്ചതായിരിക്കണം പച്ച ഇരുമ്പിനോടു പിശാച്ച് അടുക്കുകയില്ലെന്ന ആശയം.

വാവൽ വന്നലയ്ക്കുന്നതുകൊണ്ടു കടപ്ളാവിൻെറ ശിഖരങ്ങളുണങ്ങുന്നു. അതു തടയാനുള്ള പദ്ധതിയാണ് ഇരുമ്പു തുടൽ തൂക്കുന്നതെന്നാണു പ്രായമായ ആ സന്യാസിനി പറയുക. പക്ഷെ വാവൽ വന്നു തൂങ്ങുന്നതും ഏതോ പ്രേതത്തിൻെറ ചലനവുമായി ആ സഹോദരി, ചില ബന്ധങ്ങരം, ഉപബോധമനസ്സിൽ മാത്രമായിരിക്കാം, സങ്കല്പിക്കുന്നു. കടപ്ളാവിൻെറ കൊമ്പുലയുമ്പോരം വന്ദ്യയായ ആ സഹോദരി പലരേയും ക്ഷണിക്കും കൊന്ത ചൊല്ലാൻ. ഒരു കാര്യം ഞാൻ വ്യക്തമാക്കി. കടപ്ളാവു നില്ക്കുന്നിടത്തു ദൂഷിതരാദശക്തിയുടെ പ്രസരണമില്ല. അതുകൊണ്ടു് ഇരുമ്പിനു ശാസ്ത്രീയമായി അവിടെ ഒന്നും ചെയ്യാനില്ല.

ആ സന്യാസ ഭവനത്തിൽ താമസിക്കുന്നവരിൽ പകുതിയാളുകരംക്കു ദൂഷിതരാദപ്രസരണമേല്ക്കാതെ ഉറങ്ങാനുള്ള സാഹചര്യം ഇങ്ങനെ ദൃപംകൊണ്ടു.

45. കൽപ്രദേശം. മെച്ചമായ സാമ്പത്തികശേഷിയുള്ള ഒരു കുടുംബം. ഒററ മകൻ. സഹോദരികരം മിക്കവരും സന്യാസജീവിതം തെരഞ്ഞെടുത്തു.

മകനുദ്യോഗമുണ്ടു്. മകനു മദ്യം ധാരാളം വേണം. തോരാതെ സിഗരററു വലിക്കണം. അപ്പനും മകനും തമ്മിൽ അഭിപ്രായഭിന്നതയാണ്. ഭിന്നത മൂത്തു മിണ്ടാതായി. അപ്പനുള്ളിടത്തു മകൻ നില്ക്കുകയില്ല. മകനുള്ളിടത്തു നില്ക്കണമെന്നു് അപ്പനുമില്ല. മകൻ വീട്ടുകാര്യങ്ങരം അന്വേഷിക്കാതായി. നല്ല ഒരു കുടുംബം നാശത്തിലേയ്ക്കു് അടുക്കുന്നതുപോലെ.

അവർ സഹായാഭ്യർത്ഥനയുമായി വന്നു. വിദൂരരാദസംവേദനംവഴി പറമ്പും പുരയും ഞാൻ പരിശോധിച്ചു. നടക്കല്ലിനു മൂന്നുനാലടി താഴെനിന്നു. ഉപദ്രവരാദപ്രസരണം സ്പഷ്ടമായി തിരിച്ചറിഞ്ഞു. അവിടെ

www.malankaralibrary.com

മണ്ണു മാററാൻ നിർദ്ദേശംകൊടുത്തു. മൂന്നടി താഴ്ത്തിയ പ്പോഠം മുതൽ കട്ടിയുള്ള പാറയാണു്. ഇനി താഴ്ത്താൻ വളരെ പ്രയാസമാണെന്നറിയിച്ചു. അതുവരെ യാതൊരു ക്ഷുദ്രവസ്തുവും കണ്ടില്ല. പരിശോധന ആവർത്തിച്ചതിൽ ഉപദ്രവരാദപ്രസരണം മിക്കവാറും നീങ്ങിയതുപോലെ കണ്ടു. പക്ഷെ പരിപൂർണ്ണമായിട്ടില്ല. എങ്കിലും വേറെ മണ്ണിട്ടു കുഴി നികത്താൻ ഞാനനുവദിച്ചു. ഇത്രയും പാഴ്പണി ചെയ്യേണ്ടിയില്ലായിരുന്നു എന്നു വീട്ടുകാർക്കും തോന്നിയിരിക്കും.

മകൻെറ ശരീരപരിശോധന രാദസംവേദനംവഴി നടത്തി. പതിനൊന്നു വർഷമായി അയാൾക്കു കൈവിഷമുണ്ടെന്നു കണ്ടു. മദ്യപാനവും പുകവലിയുമുപേക്ഷിക്കണമെന്നും ചികിത്സ നടത്തണമെന്നും ഞാൻ പറഞ്ഞു. മദ്യം വേണമെങ്കിൽ ഉപേക്ഷിക്കാം. മരുന്നും കഴിച്ചേക്കാം. പക്ഷേ, പുകവലിയില്ലാതെ ജീവിക്കാൻ അയാൾക്കു മനസ്സില്ല എന്നാണയാളുടെ നിലപാടു്. എങ്കിൽ കരിസ്മാററിക് ധ്യാനംകൂടി ആന്തരികശാന്തിയും രോഗശാന്തിയും പ്രാപിച്ചാൽ നന്നായിരിക്കുമെന്നുഞാൻ ചൂണ്ടിക്കാട്ടി.

അയാൾ കൈവിഷത്തിനും വിദഗ്ദ്ധ ചികിത്സ സ്വീകരിച്ചു. കരിസ്മാററിക് ധ്യാനത്തിൽ സംബന്ധിച്ചു. ആന്തരികശാന്തിയും രോഗശാന്തിയും പ്രാപിച്ചു. മദ്യവും പുകവലിയുമുപേക്ഷിച്ച് അപ്പനോടു രമ്യതയിലായി. 'ഇത്രയും കാലം ഞാൻ ജീവിതം പാഴാക്കി. ഇനിയുള്ള വർഷങ്ങൾ പാഴാക്കാതെ ജീവിക്കണം. ക്രൈസ്തവസാക്ഷ്യം നല്കണം' എന്നു തുറന്നു പറഞ്ഞു. വിദ്വേഷവും നിരുത്തരവാദിത്വവും ധൂർത്തും അസ്വസ്ഥതയുംമൂലം തകർച്ചയിലെത്തിയിരുന്ന ഒരു ജീവിതം സ്നേഹത്തിൻേറയും സമാധാനത്തിൻേറയും സദ്ഫലങ്ങൾ അനുഭവിച്ചുതുടങ്ങി. ഉപദ്രവരാദപ്രസരണം നീക്കുന്ന ഒരു കണ്ണിയിൽനിന്നു തുടർച്ചയായി പല അനുഭവങ്ങളുടെ കണ്ണികൾ ചേർന്നു നില്ക്കുന്നതാണു നാം ഇവിടെ കാണുക.

www.malankaralibrary.com

രാദസംവേദനമാണോ ഈ വ്യതിയാനങ്ങളുണ്ടാക്കിയത്? രാദസംവേദനം അത്ഭുതഫലങ്ങളുളവാക്കാൻ കഴിവുള്ളതല്ല. ദൈവദാനങ്ങൾ ഫലമണിയുന്നതാണ് നാം കാണുക. മഹത്വം അവിടുത്തേതാകുന്നു.

ഉപദ്രവരാദസ്ഫുരണം നീക്കാനുള്ള പരിശ്രമങ്ങളിൽ തിരിച്ചറിയാവുന്ന കൃത്രിമവസ്തുക്കൾ കണ്ടുകിട്ടാത്തപ്പോഴും നല്ല ഫലങ്ങളുണ്ടാകുന്നതിന് ഒരുദാഹരണമാണീ അനുഭവം.

46. വീട്ടിൽ പൊരുത്തക്കേറവുണ്ട്. സഹോദരന്മാർ തമ്മിൽ യോജിപ്പിനു പരിശ്രമിക്കുന്നു. പക്ഷെ തടസ്സങ്ങൾ.

സ്വന്തം പണം മുടക്കി വ്യവസായം നടത്താൻ ധനമില്ല. ലാഭവീതം, കടം എന്നീ വ്യവസ്ഥകളിൽ പല പദ്ധതികളും ഓടിക്കുന്നു. പക്ഷെ കുറേനാളായി അദ്ധ്വാനഫലംപോലും കിട്ടുന്നില്ല. എല്ലാം ശരിപ്പെടും, ലാഭം കിട്ടും എന്നാണു കണക്കുകൂട്ടൽ. എങ്കിലും എവിടെയെങ്കിലും ഒരു കണ്ണി പൊട്ടും. പിന്നെ എല്ലായിടത്തും നഷ്ടം. അവർ പരിഹാരം തേടുന്നു.

തീരപ്രദേശം. മൺത്തട്ടും ചെളിത്തട്ടുമുള്ള ഭൂമി. ചെറിയ ഒരു പുരയും പുരയിടവും. വിദൂര രാദസംവേദനത്തിലൂടെ ഞാൻ നിരീക്ഷണം നടത്തി. പുരയുടെ ഒരുവശത്തെ നടക്കല്ലിനു നാലടി താഴെനിന്ന് ഉപദ്രവരാദപ്രസരണം കണ്ടുപിടിച്ചു. അവിടെ കുഴിച്ചു മണ്ണു മാററാൻ നിർദ്ദേശം കൊടുത്തു.

ഇന്നാവാം, നാളെയാവാം. അങ്ങനെ മാസങ്ങൾ എട്ടു നീണ്ടു. അപ്പോഴാണു വിവാഹനിശ്ചയവും പുതിയ ഒരു വ്യവസായത്തിന്റെ ആരംഭവും വഴതിമാറി ഒളിച്ചുകളി തുടങ്ങിയത്. അതൊരടി ഏററതുപോലെയായിരുന്നു. സുബോധം വന്നു. നിശ്ചിതസ്ഥാനത്തു നടക്കല്ലു പൊളിച്ചുകഴിച്ചു. ആദ്യം ഒരു ചെറിയ കുപ്പി കിട്ടി. മൂന്നിഞ്ചു നീളം. വ്യാസം അര ഇഞ്ച്, അകം

www.malankaralibrary.com

മിക്കവാറും ശൂന്യം. നാലടി താഴ്ത്തിയപ്പോൾ സ്വർണ്ണനിറമുള്ള ഒരു കമ്പി. അതിനു ത്രികോണാകൃതി. ചെമ്പുകമ്പിയാണതു്. നല്ല ഭാരം. അതു പിന്നീടു് ഇവിടെ അവർ കൊണ്ടുവന്നു. അപ്പോഴും ഉപദ്രവരാഭ പ്രസരണമുണ്ടതിനു്. കണ്ടുകിട്ടിയ വസ്തുക്കൾ വീട്ടിൽനിന്നു വിദൂരത്തിൽ കളയുന്നതിനു നിർദ്ദേശം കൊടുത്തു.

ആ കുടുംബത്തിനു് ഇതുവരെ അടഞ്ഞിരുന്ന ഒരു വാതിൽ തുറന്നു. കുറെ ഏറെ തടസ്സങ്ങളിൽനിന്നുള്ള വിമോചനം.

47. ഒരു സ്ത്രീ. ഒരു ദശകത്തിനുമുമ്പു ഭർത്താവു മരിച്ചു. അന്നുമുതലിന്നുവരെ ക്ലേശത്തിലൂടെത്തന്നെ ജീവിതയാത്ര തുടരുന്നു. രാത്രിയിൽ സുഖനിദ്രയ്ക്കുന്നും തടസ്സം. സ്വപ്നങ്ങളുടെ സന്ദേശത്തിൽനിന്നവർക്കു മനസ്സിലാവുക അവരുടെ സ്ഥലത്തു ക്ഷുദ്രശല്യമുണ്ടെന്നാണു്.

ഭർത്താവിന്റെ മരണശേഷം പുരപണി ഒരുവിധം പൂർത്തിയാക്കി. ഒരു ചെറിയ കടയുണ്ടു്. പച്ചക്കറി. അതു നിറുത്തിപ്പോകാൻ കടയുടമസ്ഥൻ നിരന്തരം പ്രേരണ നല്കുന്നു. പക്ഷേ, ഉപജീവനമാർഗ്ഗം ആ കട മാത്രമാണു്. അതെങ്ങനെ ഉപേക്ഷിക്കും? അതു സാദ്ധ്യമല്ല.

മൂത്തമകൻ പഠിക്കാൻ സമർത്ഥനാണു്. അവനെ പഠിപ്പിക്കാൻ അമ്മയ്ക്കു് അതിയായ ആഗ്രഹം. പക്ഷെ മുമ്പിലത്തേതുപോലെ പഠിക്കാൻ അവനു താല്പര്യമില്ല. പററുന്നില്ലെന്നാണവൻ പറയുക. പരീക്ഷ എഴുതാനും അവനു സാധിക്കുന്നില്ലത്രേ. പരീക്ഷാഹാളിൽനിന്നു് അവൻ ഇറങ്ങിപ്പോന്നു. മക്കൾ തമ്മിൽ ശണ്ഠ ധാരാളം. വർഷങ്ങളായി ഒന്നിനൊന്നു കുടുംബം നശിച്ചുവരുന്നു. വിമോചനമന്വേഷിച്ചു് അവർ വന്നു.

www.malankaralibrary.com

വീട്ടരാദസംവേദനംവഴി അവരുടെ വീട്ടം പറമ്പും ഞാൻ പരിശോധിച്ചു. ചെറുതാണു പ്രധാന നടക്കല്ല്. അതിൻെറ താഴെ അഞ്ചടി ആഴത്തിൽനിന്നു ഉപദ്രവരാദപ്രസരണം കണ്ടുപിടിച്ചു. അതിനു പതിനൊന്നു വർഷത്തെ ചരിത്രമുണ്ടെന്നു ദോലകം സന്ദേശം നല്കി. അവിടെ അഞ്ചടി താഴ്ത്താൻ ഞാൻ നിർദ്ദേശം കൊടുത്തു.

നടക്കല്ലു പൊളിച്ചുമാററി അവിടെ കുഴിച്ചാൽ ഭിത്തി ഇടിഞ്ഞുപോയേക്കുമെന്നു ഭയം. പോരെങ്കിൽ കർക്കടകമാസം. അതുകൊണ്ടു മകരംവരെ അവർ കാത്തിരുന്നു. നടക്കല്ലു പൊളിക്കാതെ അതിൻെറ അടി മാന്തി. നാലടിയോടടുത്തപ്പോഠം മൂന്നിഞ്ചു നീളവും ഒരിഞ്ചു വ്യാസവുമുള്ള ഒരു കുപ്പി കിട്ടി. മൺവെട്ടി തട്ടി കുപ്പി പൊട്ടി. എങ്കിലും അകത്തുള്ള വസ്തുക്കഠം ഒന്നും നഷ്ടപ്പെടാതെ കുപ്പിയെടുത്തു. പിരിയടപ്പുണ്ടു്. അകത്തു ചെമ്പുതകിടിൻെറ ഒരു ചെറിയ ചുരുഠം. വേറെ രണ്ടു ചെറിയ ചെമ്പുതകിടുകഠം. അവയിൽ എന്തോ രൂപങ്ങഠം അടിച്ചിരിക്കുന്നു. കുറെ കടുകു്. കറുത്ത കുറെ ചരടു്. അതിൽ ഒൻപതു കെട്ടുകഠം കാണാം. ആറിഞ്ചു നീളം വരും. ഞെരിഞ്ഞിലിൻെറ പച്ചനിറം കെടാത്ത മുള്ളുകളും നാമ്പും.

കുപ്പി മാററിയിട്ടും ഉപദ്രവരാദപ്രസരണം നീങ്ങിയതായിക്കാണുന്നില്ല. സാധിക്കുമെങ്കിൽ ഒരടി മണ്ണുകൂടി മാററുന്നതു നന്നായിരിക്കുമെന്നു ഞാൻ അനുസ്മരിപ്പിച്ചു.

പ്രശ്നങ്ങഠംക്കു തെല്ലൊരാശ്വാസം കാണുകയായി. കഴിഞ്ഞതിൽനിന്നു ഭിന്നമായിരിക്കും അതിൻെറ അഭിവൃദ്ധിയുടെ ചരിത്രം. പക്ഷേ, അതറിയാൻ ഇനിയും കാലം മുന്നോട്ടു പോകണം.

48. വിവാഹം കഴിഞ്ഞിട്ടു് ഒരു വർഷമായി, ഭാര്യയ്ക്കു് എന്നും അസുഖമാണു്. അവഠം ഇതുവരെ ഗർഭിണിയായിട്ടില്ല. വീട്ടിൽ സ്ത്രീകഠംക്കു പൊതുവേ

www.malankaralibrary.com

അസ്വാസ്ഥതകളും രോഗവുമാണനുഭവം, ഒരു ഭർത്താവു നിവേദനവുമായി വന്നിരിക്കുകയാണ്.

വീടും പറമ്പും ഞാൻ പരിശോധിച്ചു. വീടിനു കല്ലുകെട്ടിയ തറയില്ല. രണ്ടു മുറികളുള്ള ഓലക്കുടിൽ. എങ്കിലും തറ സിമിൻറിട്ടിരിക്കുന്നു. പ്രാർത്ഥനാമുറിയിൽ നടുവിലായി അഞ്ചടി താഴെ ഉപദ്രവരാദപ്രസരണം തിരിച്ചറിഞ്ഞു. അതു കുഴിച്ചു പുറത്തെടുത്തുകളയാൻ നിർദ്ദേശം കൊടുത്തു.

കുഴി നാലടി താഴ്ന്നപ്പോൾ മുതൽ ഭയങ്കര ദുർഗന്ധം പരന്നു. ചെളിയും വെള്ളവുമുള്ള പ്രദേശം. ആ സ്ഥലത്ത് അവർ താമസം തുടങ്ങിയിട്ട് എട്ടുപത്തു വർഷങ്ങളായി. എങ്കിലും കുഴിച്ചെടുത്ത ദുർഗന്ധമുള്ള അഴുക്കുകളിൽ പച്ച വാഴയില, ഉണങ്ങാത്ത ചെമ്പരത്തിപ്പൂവ് മുതലായവ കണ്ടു. അസ്ഥിക്കഷണങ്ങളും കിട്ടി. അവയെല്ലാം നീക്കം ചെയ്തപ്പോൾ ഉപദ്രവരാദപ്രസരണം നീങ്ങി.

അസ്വാസ്ഥതകൾ വേഗം മാഞ്ഞുമറഞ്ഞു തുടങ്ങി. ഒരു വർഷത്തിനുള്ളിൽ ആ ദമ്പതികൾക്ക് ഒരു ശിശു ജനിച്ചു.

49. 'കുറെ നാളായി എനിക്കു പ്രത്യേകിച്ചും എൻെറ മകനും വീട്ടിലിരിക്കാൻ പ്രയാസംതോന്നുന്നു. ഇറങ്ങി വല്ലിടത്തും പോയാൽ സൈ്വര്യമുണ്ട്. മകൻ പല ബിസ്നസ്സ് ചെയ്തു. പക്ഷേ, എല്ലാം നാശത്തിലും നഷ്ടത്തിലും കലാശിച്ചു. അവനു തീരെ സുഖമില്ല. എനിക്ക് ഒരു സമാധാനവും കിട്ടുന്നില്ല. അച്ചൻ ഞങ്ങളെ സഹായിക്കണം.' വാർദ്ധക്യത്തിലെത്തി വിശ്രമജീവിതം നയിക്കുന്ന ഒരു പിതാവിൻെറ അഭ്യർത്ഥനയാണിത്.

രാദസംവേദനത്തിൻെറ സൂക്ഷ്മനിരീക്ഷണത്തിനു പുരയും പുരയിടവും ഞാൻ വിധേയമാക്കി. പുരയുടെ മുൻവശത്തു പുതിയ വാർക്കയുള്ള മുറികൾ കൂട്ടി

www.malankaralibrary.com

ച്ചേർത്തിരിക്കുന്നു. അതിലെ നടുവിലെ മുറിയിൽ നടുവിലെ ജന്നലിനടുത്തു പഴയ പുരയ്ക്കു പുറത്തും പുതിയ മുറിക്കകത്തും ഉപദ്രവ രാദപ്രസരണകേന്ദ്രം കണ്ടു. അതു വീട്ടിലേയ്ക്കു പ്രവേശിക്കുന്ന മിക്കവരേയും തടസ്സപ്പെടുത്തുന്നുണ്ട്. അഞ്ചടി താഴെനിന്ന് ആ ഉറവിടം നീങ്ങാൻ തക്കവിധം മണ്ണുമാററാൻ ഞാൻ നിർദ്ദേശിച്ചു. പുതിയ സിമൻറിട്ട തറ അവർ വെട്ടിക്കുഴിച്ചു നിശ്ചിത ആഴത്തിൽനിന്നു മണ്ണുമാററി. കൽപ്പൊടിയും പൂഴിയുമല്ലാതെ മററൊന്നും പ്രത്യേകമായി കാണാനില്ലായിരുന്നു. എങ്കിലും അതോടെ ഉപദ്രവരാദപ്രസരണം നീങ്ങി.

അടുത്ത ദിവസം അവരുടെ കടയിൽ പണിയുന്ന ഒരാശാരി അരയിൽ ധരിക്കുന്നവിധമുള്ള ഒരു ചെമ്പുകൂട കൊണ്ടുവന്നു. അതു മുതലാളിയുടെ കടയിലുള്ള മേശയിൽനിന്നു വീണതാണെന്നറിയിച്ചു. അതിനകത്തുള്ള വസ്തു അയാറം കത്തിച്ചു കളഞ്ഞെന്നു പറഞ്ഞു.

വീട്ടിലെ അസ്വസ്ഥത വളരെയേറെ നീങ്ങിയെന്ന് അപ്പൻ കുറെ ദിവസങ്ങറംക്കുള്ളിൽ എന്നെ അറിയിച്ചു. ഇനിമുതൽ ബിസ്നസ് ഒക്കെ ശരിയാകുമെന്നല്ല. സമർത്ഥമായും ഉത്തരവാദിത്വത്തോടുംകൂടി ബിസ്നസ് കൈകാര്യം ചെയ്യണം. അതിനു പകരമായി മറേറതെങ്കിലും മതിയായെന്നു വരുകയില്ല.

50. ഒരു ഹൈന്ദവകുടുംബം. വിവാഹപ്രായമായ മൂത്ത മകറം. സൗന്ദര്യവും പണവും ആവശ്യത്തിനുണ്ട്. പക്ഷേ, വിവാഹം നടക്കുന്നില്ല.

സഹായാഭ്യർത്ഥനയനുസരിച്ച് അവരുടെ വീടും പറമ്പും രാദസംവേദനംവഴി ഞാൻ പരിശോധിച്ചു. ഒററ മുറിയുള്ള പൂമുഖം. അതിന് ഒരു ചെറിയ നടപ്പടി. അതിനു താഴെനിന്നു ദൂഷിത രാദശക്തിയുടെ ശക്തമായ പ്രസരണം. അവിടെ നാലടി താഴ്ത്താൻ ഞാൻ ആവശ്യപ്പെട്ടു.

www.malankaralibrary.com

അപ്പോഠം വീട്ടിലെ അമ്മ ഒരനുഭവം പറഞ്ഞു. അടുത്ത ബന്ധത്തിൽ ഒരാഠം ഒരു ദിവസം എന്തോ നിക്ഷേപങ്ങഠം ഇടുന്നതുപോലെ കാണാൻ കഴിഞ്ഞ രഹസ്യം.

നിർദ്ദേശപ്രകാരം മണ്ണു മാററിയതോടെ ദൂഷിതരാദപ്രസരണം നീങ്ങി.

ഏതോ ബന്ധനത്തിൽനിന്നു വിമോചനം ലഭിച്ച പ്രതീതിയായിരുന്നു കുടുംബാംഗങ്ങഠംക്കു്.

അനുഭവങ്ങളുടെ പരമ്പര ഇവിടെ അവസാനിപ്പിക്കുന്നു.

www.malankaralibrary.com

# 2

## രാദസംവേദനശേഷി

പഞ്ചേന്ദ്രിയങ്ങാം കൊണ്ടാണു നാം ബാഹ്യലോകത്തോടു ബന്ധപ്പെടുക. നമുക്കു ചുററും നടക്കുന്ന കാര്യങ്ങളെ നാം കാണുന്നു, കേൾക്കുന്നു. അതുപോലെ ചിലതു മണത്തറിയുന്നു. ചിലതു രുചിമൂലമാണറിയുക. വേറെ ചിലതു തൊട്ടറിയുന്നു. ഇങ്ങനെ പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനത്തിനു ദൂരം, കാലം മുതലായവ തടസ്സമുണ്ടാക്കുന്നു.

പഞ്ചേന്ദ്രിയങ്ങാംകൊണ്ടു നിരീക്ഷിക്കാവുന്നതിലേറെ പ്രപഞ്ചവസ്തുക്കാം തമ്മിൽ ആശ്ചര്യകരമാം വിധം പരസ്പരം ബന്ധപ്പെടുന്നുണ്ടു്. അത്തരം ബന്ധങ്ങളുടെ മേഖലയാണു റേഡിയേഷൻ അല്ലെങ്കിൽ രാദശക്തി. രാദശേഷി പ്രവർത്തിക്കുന്നിടത്തു ദൂരം, കാലം, പദാൎത്ഥങ്ങാം മുതലായവ തടസ്സമാകുന്നില്ല. നിമിഷംകൊണ്ടു പതിനായിരം മൈൽ സഞ്ചരിക്കാനുള്ള വേഗതയുണ്ടതിനു്. വസ്തുക്കാം തമ്മിലുള്ള ബന്ധങ്ങളിൽ കാലത്തിനു മുൻപും പിൻപും അതിനു കുറെയൊക്കെ പിടികിട്ടും. എക്സ് റേ മാംസപേശികളേയും പല പദാൎത്ഥങ്ങളേയും തുളച്ചുപോകുന്നതുപോലെ രാദശക്തിക്കും പദാർത്ഥങ്ങളിലൂടെ കടന്നുപോകാൻ കഴിവുണ്ടു്.

രാദശക്തിയെ തൊട്ടറിയുന്നതിനേയാണു രാദസംവേദനമെന്നു പറയുക. രാദസംവേദനമെന്ന വാക്കു

www.malankaralibrary.com

മലയാളഭാഷയിൽ ആദ്യമായി ഞാനാണു പ്രയോഗിച്ചതു്.

ഊർജ്ജതന്ത്രത്തിൽനിന്നു വികസിക്കുന്ന ഒരു ശാസ്ത്രശാഖയായി രാദസംവേദനത്തെ മനസ്സിലാക്കാം.

നിശ്ചലമായ ഒരു കുളത്തിലേക്കു് ഉയരത്തിൽ നിന്നു് ആഞ്ഞു വീഴുന്ന ഒരു കല്ലിനെ സങ്കല്പിക്കുക. അതു വലിയ ഓളങ്ങളുണ്ടാക്കും. അവ അങ്ങോളം ഇങ്ങോളം സഞ്ചരിക്കും. കതനാവെടിയുടെ ഉഗ്രമായ പൊട്ടലിനുശേഷം മുഴക്കത്തിന്റെ ശബ്ദതരംഗങ്ങൾ സഞ്ചരിക്കുന്നതു നമുക്കു കേൾക്കാം. ഓളവും ശബ്ദവും ഇങ്ങനെ വിറയ്ക്കുകയും ചലിക്കുകയും ചെയ്യുന്നതു പോലെ എല്ലാ വസ്തുക്കൾക്കും അവയിൽനിന്നു പുറത്തേയ്ക്കു് ഒഴുകുന്ന ശക്തികളുണ്ടു്. കത്തുന്ന തിരിക്കു ചുററും പ്രകാശവലയമുണ്ടു്. അതു നമുക്കു കാണാം. ശബ്ദിക്കുന്ന വീണയ്ക്കു ചുററും സ്വരവലയമുണ്ടു്. അതു നമുക്കു കേൾക്കാം. പനിനീർപൂവിനു ചുററും സുഗന്ധവലയമുണ്ടു്. അതു നമുക്കു മണക്കാം. ഇതുപോലെ എല്ലാ വസ്തുക്കൾക്കും അവയുടെ ഉപരിതലത്തിനു പുറത്തേയ്ക്കൊഴുകുന്ന പ്രവർത്തനശേഷിയുണ്ടു്. കാന്തത്തിന്റെ ആകർഷണവലയത്തെക്കുറിച്ചു നമുക്കറിവുണ്ടു്. അതിൽ കടന്നുവരുന്ന ഇരുമ്പിനെ കാന്തം വലിച്ചടുപ്പിക്കുന്നതു കാണാൻ സാധിക്കുന്നു. വസ്തുക്കളിൽനിന്നു പുറത്തേയ്ക്കൊഴുകുന്ന ശക്തിവലയം രാദശക്തിയുടേതായാണു സങ്കല്പിക്കുക. സ്വർണ്ണം മുതലായവ ലോഹങ്ങൾ, മണ്ണു് മുതലായവ ഘനവസ്തുക്കൾ. ജലംപോലെയുള്ള ദ്രവവസ്തുക്കൾ, പ്രാണവായു പോലെയുള്ള വാതകങ്ങൾ ആദിയായ എല്ലാ പദാർത്ഥങ്ങൾക്കും ഉപരിതലത്തിൽനിന്നു വിട്ട പ്രവർത്തനശേഷി അല്ലെങ്കിൽ കാന്തവലയമുണ്ടു്. മററൊരു വിധത്തിൽ പറഞ്ഞാൽ സകല വസ്തുക്കളും രാദശക്തിയെ പുറത്തേയ്ക്കു് അയച്ചുകൊണ്ടിരിക്കുന്നു. ഇതു മൂലം വസ്തുക്കൾ പരസ്പരബന്ധം പുലർത്തുന്നു.

www.malankaralibrary.com

എല്ലാ വസ്തുക്കളും പരസ്പരം ആകർഷിച്ചുകൊണ്ടിരിക്കുന്നു എന്നതു് ഊർജ്ജതന്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്നാണു്. ഈ പരസ്പരാകർഷണശേഷിയാണു രാദപ്രസരണ തലം.

ഇത്തരം ശക്തികളെ തിരിച്ചറിയുന്നതിനാണു സംവേദനമെന്നു പറയുക. രാദശേഷിയെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിനേയാണു രാദസംവേദനമെന്നു വിളിക്കുക.

മനുഷ്യശരീരം ഈ ശക്തികളെ അല്ലെങ്കിൽ സന്ദേശങ്ങളെ സ്വീകരിക്കുന്നു എന്ന യാഥാർത്ഥ്യം വ്യക്തമാണു്. എങ്കിലും ഈ സ്വീകരണത്തിന്റെ രീതിയെക്കുറിച്ചു് ഇന്നു് കാര്യമായ അറിവില്ല. രാദസംവേദനശേഷിയുടെ പ്രവർത്തനരഹസ്യം നാഡീവ്യൂഹമാണു്. മനുഷ്യശരീരത്തിന്റെ വലതുവശത്തെ നാഡികളുടെ സവിശേഷതയാണിതു്. വലതു കാൽ ഭൂമിയിൽ പതിച്ചുനില്ക്കുകയോ കാൽപത്തി പതിഞ്ഞിരിക്കത്തക്കവിധം ഇരിക്കുകയോ ചെയ്യുക. അപ്പോൾ ഭൂമിയിൽനിന്നു രാദശക്തി ശരീരത്തിലേയ്ക്കു വലതു കാൽവഴി മേല്പ്പോട്ടൊഴുകി ശരീരത്തിലൂടെ കടന്നു വലതുകൈയുടെ വിരലുകൾവഴി പുറത്തേയ്ക്കും താഴേയ്ക്കും ഒഴുകുന്നു. ഈ ഒഴുക്കിനു വലതുകൈയുടെ ചൂണ്ടുവിരലും തള്ളവിരലുമാണു് ഏററം അനുയോജ്യം. പിംഗളനാഡിയുടെ പ്രവർത്തനഫലമായിരിക്കണം ഈ പ്രത്യേകത, ആയുർവേദത്തിന്റെ ശൈലിയിൽ. ഭാരതീയയോഗികൾ മനുഷ്യശരീരത്തിന്റെ ഇടതുവശത്തു ചന്ദ്രശക്തിയും വലതുവശത്തു സൂര്യശക്തിയും പ്രവർത്തിക്കുന്നതായി സങ്കല്പിക്കുന്നു. ഈ സങ്കല്പത്തിൽനിന്നാണു ഹഠയോഗം എന്ന പദപ്രയോഗം. ഹ ചന്ദ്രശക്തിയേയും ഠ സൂര്യശക്തിയേയും കുറിക്കുന്നു. യോഗികളുടെ സങ്കല്പത്തിൽ രാദസംവേദനശേഷി സൂര്യശക്തിയുടെ പ്രവർത്തനഫലമാണു്.

www.malankaralibrary.com

മനുഷ്യശരീരത്തിലെ നാഡീവ്യൂഹംവഴിയുള്ള, മുകളിൽപറഞ്ഞ, ഒഴുക്ക് എല്ലാ മനുഷ്യരിലും നടക്കുന്നില്ല. അതു ചിലരിൽമാത്രമേയുള്ളു: കാരണമെന്താണെന്നു വ്യക്തമല്ല. പിംഗളനാഡിയുടേയോ സഹഭാവ നാഡിയുടേയോ പ്രത്യേകത മൂലമായിരിക്കാം ഇങ്ങനെയുണ്ടാവുക. മനശ്ശാസ്ത്രത്തിൽ പഞ്ചേന്ദ്രിയങ്ങൾക്കതീതമായ പ്രവർത്തനശേഷികളെക്കുറിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണല്ലോ പാരാസൈക്കോളജി. സമാന്തര മനശ്ശാസ്ത്രമെന്നോ അതീത മനശ്ശാസ്ത്രമെന്നോ മലയാളത്തിൽ പറയാം. പഞ്ചേന്ദ്രിയങ്ങൾക്കതീതമായ ദർശനശേഷിയെന്നു മലയാളത്തിൽ പറയാവുന്ന ഇ. എസ്. പി. (Extra sensory perception)യുടെ പ്രവർത്തനതലമാണിതു്. ഒരുപക്ഷേ മനസ്സിന്റെ മാത്രം സവിശേഷതയായിരിക്കാം ഇതു്. ഹസ്തരേഖാശാസ്ത്രമെന്നു പറയപ്പെടുന്ന സങ്കല്പങ്ങളിൽ ജീവരേഖയും ഹൃദയരേഖയും തമ്മിലുള്ള അകലത്തിന്റെ ആധിക്യം പാരാസൈക്കിക് ശക്തികളുടെ (അതീന്ദ്രിയ മനശ്ശാസ്ത്ര ശക്തികളുടെ) അടയാളമാണെന്നു ചിലർ പറയുന്നു. മുമ്പു പറഞ്ഞ രാദശക്തിയുടെ ഒഴുക്കിന്റെ കാരണമോ പ്രവർത്തനതലമോ അടയാളമോ സംബന്ധിച്ച ഊഹങ്ങൾ ശരിയായാലും ഇല്ലെങ്കിലും ആ ഒഴുക്കുള്ള ആളുകളെ രാദസംവേദകരെന്നു വിളിക്കാം. ഈ ശക്തി അനേകരിൽ ഉറങ്ങിക്കിടക്കുന്നുണ്ടാവും. സാധാരണ ഗതിയിൽ അഞ്ചിൽ ഒന്നു് എന്ന ക്രമത്തിലോ അൻപതിൽ ഒന്നു് എന്ന ക്രമത്തിലോ ഈ ശക്തി ആളുകൾക്കുണ്ടായിരിക്കും. അതുള്ളവർ അതിനെ ഉണർത്തുകയും വളർത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യാൻ നിരന്തരപരിശ്രമം നടത്തുകയാണു വേണ്ടതു്.

രാദപ്രസരണത്തിന്റെ വേഗത ശാസ്ത്രതലത്തിൽ അംഗീകാരം നേടിയ വസ്തുതയാണു്. അതിനു പ്രകാശത്തിന്റെ വേഗതയുണ്ടു്. ഒരു സെക്കൻഡിൽ മൂന്നു ലക്ഷം കിലോമീററായി അതിനെ പരി

www.malankaralibrary.com

ഗണിക്കാം. തന്മൂലം രാദശക്തി പ്രവർത്തിക്കുന്നിടത്തു ദൂരം തടസ്സമല്ല. അതായതു് അയ്യായിരം കിലോമീററർ സഞ്ചരിക്കുന്നതിനു് ഒരു സെക്കൻഡിൻെറ അറുപതിലൊന്നു മതിയാകും. അതുകൊണ്ടു ഭൂമിയുടെ എത്ര അകലത്തിലുള്ള പദാർത്ഥത്തേയും സമീപിക്കാനും പരിശോധിക്കാനും ഒരു നിമിഷത്തിൻെറ ദശാംശ സമയംപോലും വേണ്ടിവരുന്നില്ല. ഇക്കാരണത്താൽ രാദസംവേദനപരിപാടിയിൽ അന്വേഷണവസ്തുവോ വ്യക്തിയോ പത്തോ പതിനായിരമോ കിലോമീററർ അകലെയായാലും ദൂരം തടസ്സമുണ്ടാകുന്നില്ല.

രാദസംവേദനമെന്തെന്നു് ഇത്രയും പറഞ്ഞതിൽ നിന്നു വ്യക്തമായിരിക്കും. ആ ധാരണയെ ഒരു നിർവ്വചനം സഹായിക്കും. അതുകൊണ്ടു് അതു ഞാൻ നല്കുകയാണു്. പദാർത്ഥങ്ങളിൽനിന്നു നിർഗ്ഗമിക്കുന്ന രാദപ്രസരണസന്ദേശങ്ങളെ ദോലകത്തിൻെറ ഇടനിലവഴി തിരിച്ചറിഞ്ഞു സ്വീകരിച്ചു വ്യാഖ്യാനിക്കുന്ന ശാസ്ത്രശാഖയാണു രാദസംവേദനം.

നിരന്തരമായ പഠനവും അന്വേഷണവും ഗവേഷണവും ആവശ്യകമാണു് ഈ ശാസ്ത്രശാഖ കൈകാര്യം ചെയ്യുന്നതിനു്. ഇവിടെ സർവപ്രധാന സ്ഥാനം അനുഭവയാഥാർത്ഥ്യങ്ങൾക്കാണു്. അവയെ നിഷേധിക്കുക സാദ്ധ്യമല്ല. ഈ അനുഭവങ്ങളിൽനിന്നു് അനുമാനങ്ങളും വ്യാഖ്യാനങ്ങളുമെടുക്കുക ആവശ്യകമാവും. അവയിൽ ചിലതു് എല്ലാ ശാസ്ത്രശാഖകളിലുമെന്നതുപോലെ തെററായെന്നു വരാം. അങ്ങനെ തെററുപററിയാലും അനുഭവങ്ങൾ തെററില്ലാത്തവയായിത്തന്നെ അവശേഷിക്കും.

## മൂന്നു തലങ്ങൾ

രാദസംവേദനത്തിൽ മൂന്നു തലങ്ങൾ സുപ്രധാനമാണു്.

www.malankaralibrary.com

1. വസ്തുക്കളുടെ രാദശക്തി
2. മനുഷ്യശരീരത്തിലൂടെ ഒഴുകുന്ന രാദശക്തി
3. ദോലകത്തിൽ പ്രകടമാകുന്ന രാദശക്തി

## 1. വസ്തുക്കളിലെ രാദശക്തി

എല്ലാ പദാർത്ഥങ്ങൾക്കും രാദശക്തിയുണ്ട്. പുറത്തേയ്ക്കൊഴുകുന്ന അല്ലെങ്കിൽ പ്രസരിക്കുന്ന ഒരു സവിശേഷതയാണിത്. വസ്തുവിനും അതിന്റെ ഉപരിതലത്തിനും അതീതമായി ഇതു പ്രവർത്തിക്കുന്നു എന്നു മുകളിൽ കണ്ടതാണ്. ഇതിനെ രാദസംവേദനവലയമെന്നോ കാന്തവലയമെന്നോ പറയാം. ഈ രാദശക്തി എപ്പോഴും പദാർത്ഥങ്ങൾക്കുണ്ടായിരിക്കും. ഒരു പദാർത്ഥത്തിന്റെ രാദശക്തി ഒരുപോലെതന്നെ എപ്പോഴും പ്രവർത്തിക്കുന്നു. ഈ പ്രവർത്തനം പഞ്ചേന്ദ്രിയങ്ങൾവഴി തിരിച്ചറിയാൻ സാധിക്കുന്നില്ല.

## 2. മനുഷ്യശരീരത്തിലൂടെ ഒഴുകുന്ന രാദശക്തി

മനുഷ്യശരീരത്തിന്റെ നാഡീവ്യൂഹം പദാർത്ഥങ്ങളിൽനിന്നൊഴുകിവരുന്ന ശക്തിയെ സ്വീകരിക്കുന്നു. ഈ സ്വീകരണശക്തി അല്ലെങ്കിൽ രാദസംവേദനശേഷി ജന്മസിദ്ധമാണ്. പരിശ്രമംകൊണ്ട് ഈ ശക്തി ആർക്കും വികസിപ്പിച്ചെടുക്കാവുന്നതാണ് എന്ന അഭിപ്രായമില്ലാതില്ല. എങ്കിലും അതിനു സാദ്ധ്യത കുറവാണെന്നാണു ഞാൻ കരുതുക.

വലതു കാൽപ്പത്തി നിലത്തുന്നുക. ചെരുപ്പുമാറ്റണമെന്നില്ല. കാരണം ഇന്നു ശാസ്ത്രവിജ്ഞാനത്തിൽ അറിയപ്പെടുന്ന ഏതു പദാർത്ഥത്തിലൂടെയും രാദശക്തിക്കു കടന്നുപോകാം. അതിനെ തടഞ്ഞുനിർത്താൻ ഒരു പദാർത്ഥത്തിനും ശക്തിയില്ല. വലതുകൈ ഭൂമിയിലേയ്ക്കു നീട്ടുക (ഇടതുകൈ ശീലിച്ചവർക്ക് അതാവാം). കൈയ്ക്ക് അയവുണ്ടായിരിക്കണം. തള്ള

www.malankaralibrary.com

വിരലിനും ചൂണ്ടുവിരലിനുമിടയ്ക്കു ദോലകം ശരിയാംവിധം പിടിക്കുക. ശരിയായി ദോലകം പിടിക്കാൻ കുറെ പരിശീലനമാവശ്യമാകും. മുൻവിധികൾ മാററുക. സ്വയം പ്രേരണ ഒഴിവാക്കുക. പ്രത്യായനങ്ങളകന്നു നില്ക്കട്ടെ. സത്യത്തെമാത്രം അന്വേഷിക്കുക. ദോലകത്തിനു ചലനസ്വാതന്ത്ര്യം പരിപൂർണ്ണമായി നല്കുക. കിട്ടുന്ന ചലനങ്ങളെ നിഷ്പക്ഷമായി നിരീക്ഷിക്കുക. വ്യാഖ്യാനങ്ങളിൽ തെററു പററാതെ ജാഗ്രത പുലർത്തുക. ഉള്ളിൽനിന്നോ അന്യരിൽനിന്നോ സാഹചര്യത്തിൽനിന്നോ തടസ്സങ്ങളെ ഒഴിവാക്കാൻ ശ്രദ്ധിക്കുക. പരിശീലനവും പരിചയവുമില്ലെങ്കിൽ വളരെ പരാജയങ്ങളെ നേരിടേണ്ടിവരുമെന്നു നേരത്തെ അറിഞ്ഞിരിക്കുക.

## 3. ലോകത്തിൽ പ്രകടമാകുന്ന രാദശക്തി

രാദസംവേദനത്തിൽ പെൻഡുലം അല്ലെങ്കിൽ ദോലകം വളരെ പ്രധാനമാണ്. ഭാരമുള്ള ഏതു വസ്തുവും ദോലകമായി ഉപയോഗിക്കാം. ഉദാഹരണം: തടി, കല്ല്, ഗ്ലാസ്സ്, ലോഹം മുതലായവ. ചലനശേഷിയുള്ള ഒരു ചരടിൽ ഭാരവസ്തു തൂക്കിയിടണം. അതാണു ദോലകം. ചരടിനു മാലയോ നൂലോ ഉപയോഗിക്കാം. അതിനു കുരുക്കുകൾ ഇല്ലാതിരിക്കണം. അതു വഴങ്ങുന്നതാവണം. വടിപോലെയിരിക്കരുത്.

ഏതു വസ്തുവും ദോലകമായുപയോഗിക്കാമെങ്കിലും വസ്തു, ആകൃതി, വലുപ്പം മുതലായവ ഏററം അനുയോജ്യമായിരിക്കുന്നതാവശ്യകമാണ്. പഞ്ചലോഹങ്ങളുടെ ദോലകമാണ് ഏററം മെച്ചം എന്നാണ് എൻെറ അനുഭവം. പഞ്ചലോഹങ്ങൾ തുല്യതൂക്കത്തിലെടുക്കുന്നതുത്തമം. തടസ്സങ്ങളില്ലാത്ത ആകൃതി സഹായകമാണ്. ദോലകത്തിനു ഭാരം കൂടുന്തോറും ശക്തി കൂടുതലായി ഒഴുകേണ്ടിവരും. അതുമൂലം രാദസംവേദകനു ക്ഷീണം അനുഭവപ്പെടും.

www.malankaralibrary.com

നിരന്തരമായ പരിശീലനവും തെററുതിരുത്തലും ആവശ്യകമാവും ഈ രംഗത്തു പ്രവർത്തിക്കുന്ന ആൾക്കു നിതാന്ത ജാഗ്രത വിജയത്തിലേയ്ക്കുള്ള രാജപാത തന്നേ.

## ദോലകചലനങ്ങൾ

ദോലകത്തിലൂടെ ഒഴുകിവരുന്ന രാദശക്തി മൂന്നു തരം ചലനങ്ങളാണു നല്കുക.

1. ആട്ടം
2. കറക്കം
3. ദീർഘവൃത്തം

1. **ആട്ടം:** ഊഞ്ഞാൽപോലുള്ള ചലനമാണിതു്. ആടുമ്പോൾ ആടുന്ന ആദ്യചലനം കഴിഞ്ഞു് അടിയദൂരം തിരിയെ വരുന്നു. അങ്ങനെ മുന്നോട്ടും പിന്നോട്ടും ആടുന്നു. പിന്നെ ഇതേ ആട്ടങ്ങൾ ആവർത്തിക്കുന്നു.

2. **കറക്കം:** ദോലകം വട്ടത്തിൽ കറങ്ങുന്നു. പിന്നെ വൃത്തങ്ങൾ തന്നെ ആവർത്തിക്കും. വലതുവശത്തേയ്ക്കും ഇടതുവശത്തേയ്ക്കും കറക്കങ്ങളുണ്ടാവാം.

3. **ദീർഘവൃത്തം:** ആട്ടം കറക്കമായിമാറുന്നതിനുമുമ്പും കറക്കം ആട്ടമായി മാറുന്നതിനുമുമ്പും രണ്ടോ മൂന്നോ വീതം ദീർഘവൃത്തങ്ങളുടെ ആകൃതിയിൽ ദോലകം ചലിക്കും.

ദോലകത്തിൻെറ ചലനം അർത്ഥം നിറഞ്ഞതാണു്. ദോലകത്തിൻെറ കറക്കത്തിൽനിന്നു് ആശ്ചര്യകരമായ അസംഖ്യം രഹസ്യങ്ങൾ പുറത്തുവരുന്നു.

ഓരോ പദാർത്ഥത്തിനും കറക്കത്തിൻെറ എണ്ണം പ്രത്യേകമായിരിക്കും. ഈ എണ്ണം എപ്പോഴും ഒന്നു തന്നേയായിരിക്കും ആ പദാർത്ഥത്തിനു്.

www.malankaralibrary.com

അപ്രകാരംതന്നെ കറക്കത്തിനു മുമ്പുള്ള ആട്ടത്തിൻെറ ദിശ, ചെരിവ് എന്നിവ ഓരോ പദാൎത്ഥത്തിനും പ്രത്യേകമായിരിക്കും.

ഉദാഹരണം: അല്പം വെള്ളിലോഹത്തിനു മേൽ ദോലകം പിടിക്കുക. ആദ്യം ആറ് ആട്ടങ്ങളും പിന്നെ ആറു കറക്കങ്ങളും കിട്ടും. അതുകൊണ്ടു വെള്ളിയുടെ കറക്കങ്ങളുടെ ക്രമസംഖ്യ ആറ്. വെള്ളിയുടെ ദിശ അല്ലെങ്കിൽ ദിക്ക് കിഴക്ക്. ദിക്കു കിഴക്ക് എന്നു പറയുന്നതിൻെറ അൎത്ഥമിതാണ്. ആട്ടം എപ്പോഴും ഒരേ കോണിൽനിന്നാരംഭിക്കും. അതു നാലു ദിക്കുകളും മൂലവും മുന്നൂററി അറുപതു ഡിഗ്രി ചെരിവുവഴിയും നാം അളക്കുന്നു. വെള്ളിയുടെ ദിക്കു നേരേ കിഴക്കായതുകൊണ്ടു ചെരിവിൻെറ ഡിഗ്രിയില്ല. ഈ ദിക്കും ചെരിവും ഓരോ പദാൎത്ഥത്തിനും എപ്പോഴും ഒരുപോലെയിരിക്കും. ഈ ദിക്കും ചെരിവും മൗലികരശ്മിയെക്കുറിക്കുന്നു. എന്താണു മൗലിക രശ്മിയെന്നു താഴെ വിശദമാക്കും.

ദോലകചലനത്തിൽ കിട്ടുന്ന ക്രമസംഖ്യ, ദിക്ക് എന്നിവയിൽനിന്നും പദാർത്ഥങ്ങളെ വിവേചിച്ചറിയാനും കണ്ടുപിടിക്കാനും കഴിയും. അതിനു സഹായകമായ ഒരു പട്ടിക താഴെ കൊടുക്കുന്നു.

| വസ്തു | ക്രമസംഖ്യ | ദിക്ക് (മൗലിക രശ്മി) |
|---|---|---|
| 1. ഇരുമ്പ്, ഉരുക്ക് | 4 | തെക്ക് |
| 2. നിക്കൽ | 5 | 55° തെക്കുകിഴക്ക് |
| 3. വെള്ളി | 6 | കിഴക്ക് |
| 4. ചെമ്പ്, പിച്ചള | 7 | 45° തെക്കു പടിഞ്ഞാറ് |
| 5. വെള്ളം | 7 | 30° വടക്കു പടിഞ്ഞാറ് |
| 6. വെളുത്തീയം | 7 | 27° വടക്കു കിഴക്ക് |

www.malankaralibrary.com

| | | | |
|---|---|---|---|
| 7. | സ്വർണ്ണം | 11 | 1. പടിഞ്ഞാറ്<br>2. വടക്ക്<br>3. കിഴക്ക് |
| 8. | രസം | 15 | 37° വടക്കുകിഴക്ക് |
| 9. | നാകം | 17 | 45° തെക്കുകിഴക്ക് |
| 10. | കറുത്തീയം | 21 | 60° വടക്കുപടിഞ്ഞാറ് |
| 11. | കരി | 30 | 75° തെക്കുപടിഞ്ഞാറ് |

ദോലകത്തിൽ പ്രകടമാകുന്ന രാദശക്തിയെക്കുറിച്ചുള്ള പ്രതിപാദനം ഇവിടെ അവസാനിക്കുന്നു. രാദസംവേദനത്തിലെ പ്രവർത്തനരഹസ്യങ്ങളിലേയ്ക്കു നാം കടന്നു ചെല്ലുകയാണടുത്തതായി.

## പഞ്ചരശ്മിസിദ്ധാന്തം

രാദസംവേദനപദ്ധതിയിൽ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്ന പല ഘടകങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവയെ ഒന്നിച്ചണിനിരത്തുന്നതിനുള്ള പരിശ്രമമാണു പഞ്ചരശ്മിസിദ്ധാന്തം. അഞ്ചുതരം രശ്മികളെക്കുറിച്ചുള്ള ചർച്ചയിൽ രാദസംവേദനത്തിൻെറ പ്രവർത്തനശേഷിയുടെ മിക്ക രഹസ്യങ്ങളിലേയ്ക്കും വെളിച്ചം വീശാം.

സിദ്ധാന്തമെന്ന വാക്കു കൃത്യമായ അർത്ഥത്തിലല്ല, വ്യാപകമായ അർത്ഥത്തിലാണിവിടെ പ്രയോഗിക്കുക. കുറെക്കൂടെ വിനീതമായി പറഞ്ഞാൽ പഞ്ചരശ്മികളുണ്ടെന്ന സങ്കല്പത്തെയാണു സിദ്ധാന്തമെന്നു വിശേഷിപ്പിക്കുന്നത്. രാദശക്തിയെ രശ്മിയായി ചിത്രീകരിച്ചിരിക്കുകയാണ്. അവയിൽ ഓരോന്നിനേയും കുറിച്ച് അല്പം കാണാം.

1. **മൗലികരശ്മി:** ഓരോ വസ്തുവിനും മൗലികരശ്മിയുണ്ട്. ഈ രശ്മിയുടെ ദിക്കും ചരിവും

www.malankaralibrary.com

എപ്പോഴും ഒന്നുതന്നെയായിരിക്കും. ദോലകം ഒരു വസ്തുവിന്മേൽ ആട്ടം ആരംഭിക്കുമ്പോഴുള്ള ചലനം നിരീക്ഷിക്കുക. മൗലിക രശ്മിയെക്കുറിച്ചുള്ള സൂക്ഷ്മമായ അറിവു കിട്ടും.

ഉദാഹരണം:—

വെള്ളി—ദിക്ക്: കിഴക്ക്, ചെരിവ്: ഇല്ല
ചെമ്പ്—ദിക്ക്: തെക്കുപടിഞ്ഞാറ്, ചെരിവ്: 45° തെക്കുപടിഞ്ഞാറ്

2. **മാനസരശ്മി:** എല്ലാ വസ്തുക്കളിൽനിന്നും ഇത്തരമൊരു രശ്മി പ്രസരിക്കുന്നു. വസ്തുവിൽനിന്നു നേരിട്ടു തലച്ചോറിലേയ്ക്ക് ഇതു സഞ്ചരിക്കുന്നു. (മറിച്ചു തലച്ചോറിൽനിന്നു വസ്തുവിലേക്കാണ് ഇതു സഞ്ചരിക്കുന്നതെന്ന സങ്കല്പവുമില്ലാതില്ല.) പ്രകൃതിയുടെ സംവിധാനത്തിൽ താളം തെററാത്തപ്പോഴെല്ലാം ഇതു പ്രവർത്തിക്കും. തലച്ചോറിലേയ്ക്കു നേരിട്ടു വരുന്നതുകൊണ്ടു പാദം ഭൂമിയിൽനിന്നുയർത്തുമ്പോഴും ഈ രശ്മി പ്രവർത്തിക്കുന്നു. നിമിഷത്തിനുള്ളിൽ വസ്തുവിൻെറ സാന്നിദ്ധ്യം, സ്വഭാവം, ദിക്ക്, ദൂരം മുതലായവ കൃത്യമായി ഇതുമൂലം സമർത്ഥനായ രാദസംവേദകനു കണ്ടെത്താം.

3. **സാക്ഷിരശ്മി:** ഓരോ വസ്തുവും അതിനെപ്പോലുള്ള മറെറാരു വസ്തുവിലേയ്ക്കു ശക്തിയെ അല്ലെങ്കിൽ സന്ദേശത്തെ അയച്ചുകൊണ്ടിരിക്കും. ഉദാ: രണ്ടുസ്വർണ്ണാഭരണങ്ങൾ തമ്മിൽ സന്ദേശത്താൽ ബന്ധപ്പെടുന്നു. അതുകൊണ്ട് അവയിലൊന്ന് ഒരിടത്തു കാണാതാവുകയും അവിടെ മറഞ്ഞിരിക്കുകയും ചെയ്താൽ കാണാതായതു വേഗം കണ്ടുപിടിക്കാൻ കഴിയും. സാക്ഷിരശ്മി പ്രവർത്തിക്കുന്നതുകൊണ്ടാണിതു സാധിക്കുക. ഒരു വൃത്തത്തിൻെറ 360 ഡിഗ്രിയിൽ ഈ സന്ദേശം നടക്കുന്ന ചെരിവു കടന്നുപോകാൻ തക്കവിധം രാദസംവേദകൻ ദോലകം പിടിച്ചുകൊണ്ടു നട

www.malankaralibrary.com

ക്കണം. ഈ ചെരിവിന്റെ കൃത്യം സ്ഥാനമെത്തുമ്പോഠം ദോലകം സ്വർണ്ണത്തിന്റെ ക്രമസംഖ്യ കറക്കത്തിലൂടെ നല്കും.

4. **ഭാസുരരശ്മി:** രാദശക്തി പ്രകാശത്തിന്റെ ഒരു രശ്മിയെ കടമെടുക്കുകയോ ക്കൂട്ടപിടിക്കുകയോ ചെയ്യുന്നതാണു ഭാസുരശ്മി. സൂര്യനിൽനിന്നു വരുന്ന പ്രകാശരശ്മി എല്ലാ വസ്തുക്കളേയും സൂര്യനോടു ബന്ധിപ്പിക്കും. ഭാസുരരശ്മി വസ്തുവിന്റെയോ അതിന്റെ കാന്തവലയത്തിന്റെയോ മുമ്പിൽ നിശ്ചലമാകുന്നില്ല. പിന്നെയോ അവിടെത്തട്ടി തിരിയെ പോകും.

5. **ലംബരശ്മി:** പ്രകൃതിയുടെ പ്രവത്തനം താളംതെററാത്തവിധം സാധാരണമായിരിക്കുമ്പോഠം ലംബരശ്മി പ്രവർത്തിക്കുന്നു. എല്ലാവസ്തുക്കഠംക്കും ലംബരശ്മിയുണ്ട്. അതു വസ്തുവിന്റെ മുകളിലും താഴെയുമുണ്ടായിരിക്കും. തന്മൂലം ദോലകം വസ്തുവിന്റെ മുകളിൽ ലംബമാനമായി പിടിച്ചാൽ വസ്തുവിന്റെ ക്രമസംഖ്യ കിട്ടും.

അന്തരീക്ഷത്തിൽ ഈതർ എന്നു വിളിക്കപ്പെടുന്ന വസ്തു അല്ലെങ്കിൽ ശക്തി വ്യാപിച്ചു കിടക്കുന്നു എന്നാണു ശാസ്ത്രജ്ഞന്മാരുടെ സങ്കല്പം. ഏതെങ്കിലും കാരണത്താൽ ഈതറിന്റെ സമാവസ്ഥയ്ക്കു തടസ്സം വരുമ്പോഠം ലംബരശ്മി ചിതറിപ്പോകും. കാററു പുകയെ ചിതറിക്കുന്നതുപോലെ ഇതിനെ സങ്കല്പിക്കാം. അപ്പോഠം വസ്തുക്കഠംക്കു വഞ്ചനാപരമായ അടയാളങ്ങഠം അല്ലെങ്കിൽ മരീചികാരൂപങ്ങളുണ്ടാവാം. ഒരു വസ്തുവിനു ചുററും മായാരൂപങ്ങഠം വരുന്നതുപോലെയോ ഇല്ലാത്ത വസ്തുവിന്റെ മായാരൂപങ്ങഠം പോലെയോ ആണ് ഇവ. ഇവമൂലംവസ്തുവിനെപ്പററിയുള്ള കണക്കുക്കൂട്ടൽ തെററിപ്പോകാം. മരീചികാരൂപങ്ങളെപ്പോലെതന്നെ പ്രകൃതിക്ഷോഭമുള്ള കാലാവസ്ഥയിൽ മാഞ്ഞുപോകൽ എന്നൊരു പ്രതി

www.malankaralibrary.com

സന്ധിയുണ്ടാവാം. അപ്പോൾ ദോലകം നിശ്ചലമാകുന്നു. ലംബരശ്മി വീണ്ടും പ്രവർത്തിക്കാൻതക്കവിധം ഈതറിന്റെ നില സാധാരണമാകുമ്പോഴേ ദോലകം വീണ്ടും ചലിക്കുകയുള്ളു.

അടുത്തതായി വിദൂരരാദസംവേദനത്തെ സംബന്ധിച്ച് അല്പം കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഈ ഭാഗം സമാപിപ്പിക്കാം.

## വിദൂരരാദസംവേദനം

പഞ്ചരശ്മീസിദ്ധാന്തത്തിൽ പറഞ്ഞ കാര്യങ്ങൾ മനസ്സിലായാൽ വിദൂരരാദസംവേദനത്തെപ്പററി കൂടുതലായൊന്നും പറയണമെന്നില്ല.

രാദസംവേദനത്തിൽ ദൂരം തടസ്സമല്ലെന്നു നേരത്തേ കണ്ടു. രാദസംവേദനരശ്മികൾ വർണ്ണരാജിയിൽ ചുവപ്പിനു താഴെയുള്ള രശ്മികൾ (Infra red rays) പോലെ പ്രവർത്തിക്കുന്നു. തന്മൂലം മററു വസ്തുക്കളുടെ സാന്നിദ്ധ്യം രാദശക്തിയുടെ പ്രവർത്തനത്തിനു തടസ്സമല്ല.

വിദൂരരാദസംവേദനംവഴി ഒരു വസ്തുവിന്റെ ക്രമസംഖ്യ, മൗലിക രശ്മി, ദിശ, ഭാരം, ദൂരം, വലിപ്പം മുതലായവ രാദസംവേദകന്റെ സാമർത്ഥ്യവും പരിചയവുമനുസരിച്ചു വളരെ വേഗത്തിൽ കണ്ടുപിടിക്കാം. സ്ഥലം, പ്രദേശം, വീട് എന്നിവയുടെ പ്ലാൻ ശരിയായും കൃത്യമായും വരച്ച് അവയ്ക്കു മുകളിൽ രാദസംവേദകൻ ദോലകം പിടിച്ചു പരിശോധിച്ചാൽ അനേകം രഹസ്യങ്ങളുടെ തിരശ്ശീലകളുയരും. വെള്ളം, കര, ലോഹങ്ങൾ, വൃക്ഷങ്ങൾ ഇങ്ങനെ നിരവധി വസ്തുക്കളെ യഥാസ്ഥാനത്തു കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യാം.

വിദൂരത്തിലിരുന്നുകൊണ്ടു വസ്തുക്കളും സ്ഥലവും മാത്രമല്ല ആളുകളേയും തിരിച്ചറിയാൻ കഴിയും

www.malankaralibrary.com

ആരെ അന്വേഷിക്കുന്നുവോ അയാളുടെ രാദപ്ര സരണമുള്ള വസ്തുവോ കത്തോ ഫോട്ടോയോ വേണം. കത്തിൽ മററാരും തൊട്ടിരിക്കരുത്. സമ ത്ഥനായ രാദസംവേദകനു ഫോട്ടോപോലും കൂടാതെ ഇതു സാധിക്കും. ആളിനെക്കുറിച്ചു കിട്ടിയ വിവര ങ്ങൾ മനസ്സിൽ സംഗ്രഹിച്ചു സങ്കല്പിച്ചു ബന്ധം സ്ഥാപിച്ചു പരിശോധന നടത്താം.

വിദൂരരാദസംവേദനത്തിൽ ഉപയോഗിക്കുന്നതു ഫോട്ടോ, പ്ളാൻ മുതലായി സമീപത്തുള്ള വസ്തു ക്കളാണെങ്കിലും യഥാർത്ഥത്തിൽ വിദൂരതയിലുള്ള സ്ഥലത്തോടും ആളിനോടുമാണു ബന്ധം സ്ഥാപി ക്കുക. അവയിൽനിന്നു വരുന്ന മാനസരശ്മിയെ അല്ലെങ്കിൽ കൃത്യമായി പറഞ്ഞാൽ മകുടരശ്മിയേ യാണു ഉപയോഗിക്കുക. മകുടരശ്മിയേയോ മാനസര ശ്മിയേയോ തടസ്സപ്പെടുത്തുന്ന യാതൊരു പദാർത്ഥ വും ഭൂമിയിലില്ല.

വിദൂരരാദസംവേദനം പരിശീലിക്കുന്ന തോതിൽ ലോകത്തിന്റെ ഏതു ഭാഗത്തുള്ള മനുഷ്യവ്യക്തിയോ ടും വസ്തുവിനോടും ബന്ധപ്പെടാൻ രാദസംവേദക നു സാധിക്കും. പദാർത്ഥങ്ങളേയും മനുഷ്യരേയും തമ്മിൽ പ്രപഞ്ചനാഥനും അനന്തവിജ്ഞാനിയുമായ ദൈവം എത്ര ആശ്ചര്യകരമാംവിധം ബന്ധിപ്പി ക്കുന്നു എന്നു വ്യക്തമാക്കുകയാണു വിദൂരരാദ സംവേദനം.

www.malankaralibrary.com

# 3

## ധാർമ്മിക വീക്ഷണം

ഇവിടെ ഉദ്ദേശിക്കുന്ന ധാർമ്മികത ക്രൈസ്തവ മൂല്യങ്ങളെ സംബന്ധിക്കുന്നതാണ്.

ക്രൈസ്തവൻ ക്രിസ്തുനാഥനെ അനുകരിക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ സർവ്വപ്രധാനമായ കർത്തവ്യം ദൈവാരാധനയാണ്. മുഴുഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നതിന്റെ വലിയ ഉത്തരവാദിത്വമാണു ദൈവാരാധന.

ജീവനും സത്യവും സ്നേഹവുമായ ദൈവത്തിൽ നിന്നു ജീവനും സത്യവും സ്നേഹവും സ്വീകരിക്കുകയാണു ക്രൈസ്തവകർത്തവ്യം. ഓരോ ക്രൈസ്തവനും ഈ കർത്തവ്യത്തിൽ മററു മനുഷ്യരെ സഹായിക്കുന്നതിനു കടപ്പെട്ടിരിക്കുന്നു. ഈ ലക്ഷ്യത്തിനു വിരുദ്ധമായവ ക്രൈസ്തവർ ഒഴിവാക്കണം. തന്മൂലം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ മൗലിക സുകൃതങ്ങൾക്കു വിരുദ്ധമായ യാതൊന്നും ക്രൈസ്തവ ജീവിതത്തിൽ കടന്നുവന്നുകൂടാ.

വിശ്വാസം ദൈവത്തെ കാണുന്നതിനും കേൾക്കുന്നതിനുമുള്ള ശേഷിയാണ്. ഈ കാഴ്ചപ്പാടും കേൾവിക്കും അനുസരണമായി ജീവിതത്തെ രൂപപ്പെടുത്തണം. സത്യം തന്നേയായ ദൈവത്തിനു മനുഷ്യജീവിതത്തിന്റെ ഓരോ അനുഭവത്തേയും സമർപ്പിക്കുന്ന സവിശേഷതയാണു വിശ്വാസം.

www.malankaralibrary.com

ദൈവം രക്ഷ നല്കുമെന്ന വാഗ്ദാനത്തിന്റെ സ്വീകരണവും അതനുസരിച്ച ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളേയും ദൈവത്തിനു സമർപ്പിക്കുന്ന സവിശേഷതയുമാണു പ്രത്യാശ.

ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്ന സവിശേഷതയാണു സ്നേഹം. ജീവിതത്തിൽ എന്തിനേയും ജീവനേയുംകാൾ ദൈവത്തെ വിലമതിക്കാത്തവന് ഈ ഐക്യാനുഭവം അസാദ്ധ്യമാണ്. ദൈവത്തോട് ഒന്നിക്കുന്നതിനു നിരുപാധികം മനുഷ്യജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കുക എന്നതാണു സ്നേഹത്തിന്റെ സാരാംശം.

ഇപ്രകാരം ക്രൈസ്തവന്റെ ജീവിതം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാൽ ദൈവാനുഭവമാകുന്നു. തന്മൂലം ഇവയ്ക്കു വിരുദ്ധമായി ഒന്നിനോടും അതു പൊരുത്തപ്പെടുന്നില്ല. ഇക്കാരണത്താലാണു ക്രൈസ്തവജീവിതത്തിൽ മന്ത്രവാദം, അന്ധവിശ്വാസം മുതലായ കാര്യങ്ങൾക്കൊന്നിനും സ്ഥാനമില്ലാതെവരുക. മന്ത്രവാദമെന്ന വാക്കുപയോഗിക്കുന്നതു പൈശാചികമായ ഇടനിലയുള്ള ഏതു പ്രവൃത്തിയേയും കുറിക്കുന്നതിനാണ്. അന്ധവിശ്വാസമെന്ന വാക്കു കൊണ്ടുദ്ദേശിക്കുന്നതു പ്രകൃതിവസ്തുക്കൾക്കസാദ്ധ്യമായ പ്രവർത്തനശക്തി അവയ്ക്കുണ്ടെന്ന സങ്കല്പത്തേയാണ്. മന്ത്രവാദത്തെക്കുറിച്ചാണ് ആദ്യമായി നാം ചിന്തിക്കുക.

## മന്ത്രവാദം

മന്ത്രത്തിനു സ്തോത്രം, രഹസ്യം, വശീകരണം എന്നൊക്കെ അർത്ഥമുണ്ട്. അക്ഷരങ്ങൾക്കോ ഉച്ചാരണശബ്ദങ്ങൾക്കോ ഉള്ള ശക്തികളിൽ കവിഞ്ഞ സങ്കല്പങ്ങളാണിവിടെയുള്ളതു്. വാക്കിൽ ധ്വനി ഇല്ലെങ്കിലും പിശാചിനോടുള്ള ബന്ധമാണു മന്ത്രവാദത്തിലെ പ്രധാന ഘടകം.

www.malankaralibrary.com

പിശാചിന്റെയോ പൈശാചികപ്രവൃത്തികളുടെയോ ഇടനില തേടി കാര്യലാഭങ്ങൾക്കോ, നാശനഷ്ടങ്ങളുടെ പരിഹാരത്തിന്നോ, അന്യർക്കു ദ്രോഹഫലങ്ങൾക്കോ അത്തരം ദ്രോഹഫലങ്ങളിൽനിന്നുള്ള വിമോചനത്തിനോ വേണ്ടിയുള്ള പരിശ്രമങ്ങളോ പരിപാടികളോ ആണു മന്ത്രവാദം.

മന്ത്രവാദത്തിന്റെ മുഖ്യഘടകം ക്ഷുദ്രം അല്ലെങ്കിൽ ആഭിചാരമാണെന്നു പറയാം. മഹാഭിചാരം, ക്ഷുദ്രാഭിചാരം എന്നിങ്ങനെ രണ്ടുതരമായി ദ്രോഹശക്തിയുടെ കൂടുതൽകുറവനുസരിച്ചു ചിലർ അതിനെ വിഭജിക്കുന്നു.

## ക്ഷുദ്രം

ക്ഷുദ്രമെന്നൊന്നുണ്ടോ? ഇല്ലെന്നു തറച്ചുപറയുന്നവർ ധാരാളമുണ്ടാവാം. പ്രത്യേകിച്ചു ക്രൈസ്തവരിൽ പലർക്കും ഈ ധാരണയാണ്.

അന്യർക്കു ദ്രോഹഫലങ്ങളുളവാക്കാനായി ചില പ്രത്യേക വസ്തുക്കൾ പറമ്പിലോ പുരയിലോ നിക്ഷേപിക്കുകയോ, ചില പ്രവർത്തനശക്തികളെ നിവേശിപ്പിക്കുകയോ ചെയ്യുന്നതാണു ക്ഷുദ്രം അല്ലെങ്കിൽ ആഭിചാരം.

മന്ത്രവാദത്തിൽ അഷ്ടകർമ്മങ്ങളുണ്ട്. സ്തംഭനം, മോഹനം, മാരണം, ഉച്ചാടനം, ആകർഷണം, വശ്യം, വിദ്വേഷണം, ഭേദനം എന്നിവ. ഇവയെ യന്ത്രങ്ങളെന്നും പറയും. യന്ത്രമെന്നു പറഞ്ഞാൽ മന്ത്രമെഴുതിയ തകിട് എന്നർത്ഥം. തന്ത്രമെന്നും ഇവയെ വിശേഷിപ്പിക്കും. തന്ത്രത്തിനു മന്ത്രത്തിലെ പ്രധാന കർമ്മം, ഭാഗം എന്നൊക്കെയർത്ഥം. മോഹനയന്ത്രത്തിനു കറുത്തീയം, മാരണയന്ത്രത്തിനു വെള്ളി, ഉച്ചാടന യന്ത്രത്തിനു വെളുത്തീയം, മിക്ക യന്ത്രങ്ങൾക്കും ചെമ്പ് എന്നിവയുടെ തകിടുകളുപയോഗിക്കുന്നു.

www.malankaralibrary.com

ആഭിചാരത്തേയും അഷ്ടമന്ത്രകർമ്മങ്ങളേയും കുറിക്കുന്ന ചില ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ പൈശാചിക ഇടനിലയുടെ സൂചനകളല്ല നിഷ്പക്ഷ മനോഭാവമുള്ള ഒരാൾക്കു ലഭിക്കുക. ജോതിഷം, രാശികൾ, രാശികളുടെ അധിപന്മാർ, അക്ഷരങ്ങളുടെ ഉച്ചാരശേഷി മുതലായ ഘടകങ്ങൾക്കു് അന്ധവും അശാസ്ത്രീയവുമായ ഫലങ്ങൾ സങ്കല്പിച്ചിരിക്കുന്നതായി മനസ്സിലാക്കാം. മാത്രമല്ല യോഗാസനങ്ങൾ, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, പ്രത്യായനം മുതലായ അനുഷ്ഠാനങ്ങൾക്കു വളരെ പ്രാധാന്യം നല്കിക്കാണുന്നു. പത്മാസനം, ഭ്രൂമധ്യജോതിയെ മനക്കണ്ണുകൊണ്ടു നോക്കിക്കാണൽ, ബ്രഹ്മമുഹൂർത്തം, ഉപവാസം മുതലായ സൂചനകളിൽനിന്നു് ഇക്കാര്യം വ്യക്തമാകുന്നു. സർവ്വപ്രധാനമായി പറയുന്നതു മന്ത്രോച്ചാരണമാണെങ്കിലും സർവ്വപ്രധാനമായി നിരീക്ഷകനു മനസ്സിലാക്കാൻ സാധിക്കുന്നതു രാസപദാർത്ഥങ്ങളിൽനിന്നുള്ള രാസശക്തിയുടെ പ്രവർത്തനമാണു്. തങ്കം, വെള്ളി, ചെമ്പു മുതലായ ലോഹങ്ങൾ, ഗോരോചനം, ചെറുകടലാടി, വിഷ്ണുക്രാന്തി, വെള്ളക്കുന്നി, കടുകു്, തേൻ, മഞ്ഞൾ, കുങ്കുമം, ഉമ്മം, കാട്ടുവെള്ളരി, പാമ്പുവിഷം, പാമ്പിന്റെ എല്ലു്, എരുമച്ചോര മുതലായ രാസപദാർത്ഥഘടകങ്ങൾ, ചന്ദ്രഗ്രഹണം, കാർത്തികയും ചൊവ്വായും ചേർന്നദിവസം, ചതയം നക്ഷത്രം മുതലായി ഗ്രഹനിലയനുസരിച്ചു് അനുകൂലമായ സമയം എന്നിങ്ങനെ അനേകം കാര്യങ്ങൾ സൂചന നല്കുന്നതു ശാസ്ത്രീയഘടകങ്ങളെക്കുറിച്ചാണു്.

മന്ത്രവാദത്തിലും ആഭിചാരത്തിലും പൈശാചികമായ ഇടനിലയ്ക്കു സാദ്ധ്യതയുണ്ടു്. പിശാചു് അരൂപിയും അശരീരിയുമാണല്ലൊ. പിശാചിനെ പൂജിക്കുന്ന കർമ്മങ്ങളിലും ക്ഷണിക്കുന്ന സാഹചര്യങ്ങളിലും പിശാചു് ഇടപെടാൻ ദൈവം അനുവദിക്കാം.

www.malankaralibrary.com

അതുമൂലം പൈശാചിക പ്രവർത്തനഫലം കണ്ടെന്നു വരാം.

പൈശാചിക ഇടപെടലിന്റെ സാദ്ധ്യത അംഗീകരിച്ചശേഷം ക്ഷുദ്രം എന്ന പേരിൽ നടക്കുന്ന അനേകം പരിപാടികളെ നിഷ്പക്ഷമായി നിരീക്ഷിക്കുമ്പോൾ പിശാചിനോട് ഒരു ബന്ധവും ഇല്ലാത്തതും ആവശ്യകമല്ലാത്തതുമായ ഒരു സംവിധാനമാണു മനസ്സിലാവുക.

ക്ഷുദ്രപ്രയോഗത്തിനു സാധാരണമായി ചില പ്രത്യേക രാസപദാർത്ഥങ്ങൾ നിക്ഷേപിക്കുക എന്നൊരു വ്യവസ്ഥയുണ്ട്. ലയിക്കാത്ത വസ്തുക്കളാണതിനു തെരഞ്ഞെടുക്കുക. ഉദാ: തകിട്, കരി, എല്ല്, പല്ല്, കന്നുരുക്കം, ഈയം, ഇരുമ്പ് മുതലായവ. എന്തുകൊണ്ട് ഇത്തരം രാസപദാർത്ഥങ്ങൾ ആവശ്യമാകുന്നു? പൈശാചിക ഇടപെടലിനു പ്രത്യേക രാദഗുണങ്ങളുള്ള രാസപദാർത്ഥങ്ങൾതന്നെ വേണമെന്നുണ്ടോ? അരൂപിയായ പിശാചിനു പദാർത്ഥങ്ങളുടെ ഇടനിലക്കൂടാതെ മനുഷ്യവ്യക്തികൾക്കു ദ്രോഹം വരുത്താമെന്നു പിശാചുബാധിതർ തെളിയിക്കുന്നു. ശാസ്ത്രീയ മനോഭാവത്തോടെ ക്ഷുദ്രനിക്ഷേപങ്ങളെ കൈകാര്യം ചെയ്യുന്ന ഒരാൾക്കു മനസ്സിലാവുന്നതു ശരീരത്തേയും ശരീരംവഴി മനസ്സിനേയും ദ്രോഹിക്കാൻ തക്ക രാദശേഷി പുറപ്പെടുവിക്കുന്ന രാസപദാർത്ഥങ്ങളാണിവയെന്നാണ്. തന്മൂലം പിശാചിന്റെ പ്രവർത്തനത്തിനു മററുവിധത്തിൽ തെളിവില്ലാത്തിടത്തോളം പിശാചിന് ഈ രംഗത്തു സ്ഥാനമുണ്ടെന്നു വിചാരിക്കേണ്ടതില്ല. കൃത്രിമമായ വിധത്തിൽ ഉപദ്രവരാദപ്രസരണമുളവാക്കുന്ന വസ്തുക്കളാണു ക്ഷുദ്രനിക്ഷേപങ്ങളിൽ കാണുക.

ഉപദ്രവരാദപ്രസരണമുള്ള വസ്തുക്കൾ ധാരാളമുണ്ട്. മിക്ക വിഷവസ്തുക്കളും അത്തരമാണ്. ചില രാസപദാർത്ഥങ്ങൾക്കു കൂടുതൽകുറവോടെ ഈ പ്രവർത്തനശേഷി കാണാം. മണ്ണിലും മണ്ണിനടിയി

www.malankaralibrary.com

ലുള്ള പാളികളിലും കല്ലിലും ലോഹമിശ്രണങ്ങളുള്ള പാറകളിലും ജലത്തിലും ചെളിത്തട്ടുകളിലുമൊക്കെ പ്രകൃതിയിലുള്ള ഉപദ്രവരാദശേഷി പ്രകടമാകുന്ന ഘടകങ്ങളുണ്ടാകാം. ഇത്തരം പ്രസരണമുള്ള സ്ഥലങ്ങൾ മനുഷ്യവാസയോഗ്യമല്ല. അവിടെ വീടുകൾ പണിയാനിടയായാൽ ദൂഷിതരാദശക്തിയുടെ പ്രവർത്തനം മൂലം അവിടെ താമസിക്കുന്നവർക്കു രോഗബാധയുണ്ടാവും. ഇതുപോലുള്ള സ്ഥലങ്ങൾ ഒഴിച്ചിട്ടുകൊണ്ടുവേണം പുരയ്ക്കു സ്ഥാനം കാണാൻ. ദൂഷിതരാദപ്രസരണമുള്ള സ്ഥലങ്ങളിൽ പണുതുകഴിഞ്ഞ ഭവനങ്ങളിൽ താമസിക്കുന്നവർ ശല്യമുള്ള ചില സ്ഥാനങ്ങൾ ഒഴിച്ചിടേണ്ടിവരും. പ്രത്യേകിച്ച് സാധാരണയായി ഇരുന്നു ജോലി ചെയ്യുന്നതിനോ രാത്രി ഉറങ്ങുന്നതിനോ ഇത്തരം സ്ഥലങ്ങൾ ഉപയോഗിച്ചുകൂടാ. രാദപ്രസരണമേല്ക്കുന്നതു കാരണം ഞരമ്പുകൾ, ഗ്രന്ഥികൾ, രക്തം മുതലായവ ക്ഷീണിക്കുകയും രോഗാതുരമാവുകയും ചെയ്യാം. ആരംത്താമസമുള്ള ചില ഭവനങ്ങളിൽ അറുപതടി താഴെനിന്നുവരുന്ന ദൂഷിതരാദപ്രസരണം ദോലകംവഴി ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയ്ക്കു ക്ഷുദ്രത്തോട് ഒരു ബന്ധവുമില്ല.

പ്രകൃതിയിലുള്ള ഉപദ്രവരാദപ്രസരണം കൃത്രിമമായി ഉണ്ടാക്കി മനുഷ്യശരീരത്തിനും മനസ്സിനും ദ്രോഹമുളവാക്കുകയാണു ക്ഷുദ്രവസ്തുക്കളുടെ ലക്ഷ്യം. ഉപദ്രവരാദപ്രസരണമുള്ള എല്ലാ സ്ഥലങ്ങളിൽനിന്നും കൃത്രിമമായി നിക്ഷേപിച്ച വസ്തുക്കൾ കണ്ടുകിട്ടണമെന്നില്ല. കാരണം, തിരിച്ചറിയാൻപാടില്ലാത്തവിധം മണ്ണിനോടോ കല്ലിനോടോ അലിഞ്ഞുചേർന്ന പദാർത്ഥങ്ങൾ വേർതിരിക്കുക അസാദ്ധ്യമാണെന്നതുതന്നെ. തന്മൂലം ഉപദ്രവരാദപ്രസരണം കാണുന്നിടത്തുനിന്നു പ്രസരണകേന്ദ്രത്തെ നീക്കിക്കളയുക എന്നതാണാവശ്യം. ഉപദ്രവരാദപ്രസരണകേന്ദ്രം പ്രകൃതിയിലുള്ള വസ്തുവായാലും തിരിച്ചറിയാൻ പററാത്ത വസ്തുവായാലും കൃത്രിമമെന്നു തിരിച്ചറിയാൻ പററുന്ന

www.malankaralibrary.com

വസ്തുവായാലും വസ്തുവിനെ നീക്കുകയാണു പ്രശ്നപരിഹാരമാർഗ്ഗം.

ക്ഷുദ്രവസ്തുക്കൾവഴി മനുഷ്യനു ദ്രോഹഫലങ്ങളുണ്ടാകുന്നതിൽ പിശാചിനു പങ്കില്ല എന്നതാവാം പലപ്പോഴും യാഥാർത്ഥ്യം. പിശാചിനു പങ്കുണ്ടെങ്കിലും ഇല്ലെങ്കിലും ഉപദ്രവരാദപ്രസരണകേന്ദ്രം രാദസംവേദനപരിശോധനവഴി എവിടെയെല്ലാം തിരിച്ചറിയാൻ സാധിക്കുമോ അവിടെയെല്ലാം അവയെ നീക്കം ചെയ്യുക മാനുഷികാവകാശമാണ്. മാനുഷികതയെ സഹായിക്കുന്നു എന്ന കാരണത്താൽ അതു ക്രൈസ്തവമായ അവകാശവുമാണ്. പൈശാചിക പങ്കുണ്ടെങ്കിൽ അതിനെ ബന്ധിക്കുന്നതിനു ക്രിസ്തുനാഥന്റെ നാമവും ശക്തിയും ക്രൈസ്തവൻ ആലംബമാക്കണം.

നാലു സുവിശേഷങ്ങളും വ്യക്തമാക്കുന്ന ഒരു സത്യമുണ്ട്. അതു യേശുനാഥൻ രോഗശാന്തി നല്കിയ വിവരമാണ്. സമ്പൂർണ്ണ മനുഷ്യന്റെ വിമോചനമാണു യേശുനാഥൻ നല്കിയതും നല്കാൻ ആഗ്രഹിച്ചതും. വിശ്വാസത്തോടെ അങ്ങയെ സമീപിച്ച ആരേയും അവിടുന്നു സുഖപ്പെടുത്താതിരുന്നില്ല. മനസ്സിനും ശരീരത്തിനും ആത്മാവിനും രോഗശാന്തി നല്കി പൂർണ്ണവിമോചനത്തിലേയ്ക്കു മനുഷ്യരെ നയിക്കുകയാണ് യേശുനാഥൻ. അവിടുന്നു ചെയ്തതു് അവിടുത്തെ സഭ തുടരുന്നു. അവിടുത്തെ സഭയിൽ ആദ്യത്തെ പന്തക്കുസ്തായിലെന്നപോലെ ഇന്നും പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നു. രോഗശാന്തിയും ആന്തരികശാന്തിയും അതിന്റെ അടയാളമാണെന്നു കരിസ്മാററിക് പ്രസ്ഥാനം ലോകത്തെ അറിയിക്കുന്നു. സമ്പൂർണ്ണമനുഷ്യന്റെ വിമോചനം ഉയർത്തെഴുന്നേററ ക്രിസ്തുനാഥന്റെ അഭിലാഷമാണ്, പരിശുദ്ധാത്മാവിന്റെ ദാനമാണ്. ആകയാൽ മനുഷ്യമനസ്സിനും ശരീരത്തിനും രോഗവും ദ്രോഹവുമുണ്ടാകുന്ന ഉപദ്രവരാദപ്രസരണവസ്തുക്കളെ നീക്കുക ക്രിസ്തുനാഥന്റെ വിമോ

www.malankaralibrary.com

ചന പ്രക്രിയയിൽ സഹകരിക്കുന്ന അനുഭവമാണെന്നു താച്ചപറയാം. പ്രകൃതിയിലുള്ളതോ കൃത്രിമമോ ആയ ഉപദ്രവരാദവസ്തുക്കളെ നീക്കുക എന്ന പ്രവൃത്തി മഹത്തായ മനുഷ്യസേവനമാണ്. രോഗത്തിൽനിന്നും മാനസികക്ലേശങ്ങളിൽനിന്നും വിമോചനവും നിവാരണവുമാണത്. തന്മൂലം അത്ര മനോഹരതരമായ ക്രൈസ്തവ സുകൃതമാണ്.

ചില ഭവനങ്ങളിൽ താമസിക്കുവർക്കു തക്കകാരണംകൂടാതെ ആരോഗ്യം ക്ഷയിക്കുന്നു. ക്ഷീണം വളരുക, പ്രവർത്തനശേഷി മന്ദീഭവിക്കുക, മനസ്സു തളരുക, വിഭ്രമങ്ങൾ വരുക, വീടുവിട്ടു പോകാൻ തോന്നുക, വഴക്കു സാധാരണമാവുക മുതലായ പലതുമുണ്ടാവാം. ഈ സാഹചര്യങ്ങളിൽ പ്രകൃതിയിലുള്ളതോ ക്ഷുദ്രംമൂലം വന്നതോ ആയ ഉപദ്രവരാദപ്രസരണമുണ്ടോ എന്നു പരിശോധിക്കുന്നതുത്തമം. ക്ഷുദ്രശല്യമുണ്ടെന്നു സംശയിക്കുകയോ തെളിയുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആരെ സമീപിക്കണം? ക്രൈസ്തവർക്കു ഈ കാര്യത്തിൽ മാർഗ്ഗനിർദ്ദേശം ആവശ്യകമാണ്. ആരെ സമീപിക്കണമെന്നറിഞ്ഞുകൂടാത്തവർ ധാരാളമുണ്ടെങ്കിലും ക്രൈസ്തവർക്കു വിശ്വാസത്തിന്റേയും സന്മാർഗ്ഗത്തിന്റേയും പ്രമാണലംഘനസാദ്ധ്യത ഗുരുതരമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നു. വീട്ടിൽനിന്നു മാറി നിന്നാൽ ശല്യം കുറയും. വീട്ടിൽ വന്നാൽ പിന്നെയും കൂടും. ഡോക്ടർക്കു സഹായിക്കാൻ കഴിഞ്ഞില്ലെന്നുവരാം. വികാരിയച്ചനും സഹായിക്കാൻ കഴിഞ്ഞില്ലെന്നുവരാം. വെഞ്ചെരിപ്പുകൊണ്ടു ശല്യം തീരാത്തതാവാം കാരണം. ക്രൈസ്തവരും അക്രൈസ്തവരും ഈ സാഹചര്യത്തിൽ സമീപിക്കേണ്ടതു രാദസംവേദകനെയാണ്. ഉപദ്രവരാദപ്രസരണം കണ്ടുപിടിക്കാൻ അയാൾക്കു കഴിയും. അക്രൈസ്തവർക്കു ഈ സാഹചര്യത്തിൽ പല വാതിലുകൾ തുറന്നുകിടക്കുന്നതായാണു സങ്കല്പം. കണിയാൻ, ജോത്സ്യൻ, മന്ത്രവാദി, ചാത്തൻസേവക്കാരൻ

www.malankaralibrary.com

ഇങ്ങനെ പലരേയും അവർ സമീപിക്കുന്നു. ക്രൈസ്തവൻ ഈ വാതിലുകളിൽ മുട്ടാൻ പാടില്ല. കാരണം വിശ്വാസവിരുദ്ധമോ പൈശാചികമോ ആയ സ്വാധീനങ്ങൾ ക്രൈസ്തവനുൾക്കൊള്ളാൻ പാടില്ല. വിശ്വാസത്തിനും ദൈവാനുഭവത്തിനും അനുഗുണമായ രീതികളിൽ മാത്രമേ ക്രൈസ്തവനു ജീവിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പാടുള്ളു.

ഇവിടെ ഒരു സംശയമുദിക്കാം. ഇക്കാര്യത്തിൽ രാദസംവേദകനെ സമീപിക്കാമെങ്കിൽ എന്തുകൊണ്ടു ജോത്സ്യനേയോ മന്ത്രവാദിയേയോ സമീപിച്ചുകൂടാ? ഉത്തരം വ്യക്തമാണ്. ലക്ഷ്യം ഒന്നായാലും മാർഗ്ഗം ഒന്നല്ല. സ്വീകാര്യമായ മാർഗ്ഗങ്ങളേ ലക്ഷ്യപ്രാപ്തിക്കുപയോഗിക്കാവൂ. മന്ത്രവാദി പൈശാചികമോ പൈശാചികമെന്നു വിചാരിക്കപ്പെടുന്നതോ ആയ മാർഗ്ഗങ്ങളുപയോഗിക്കുന്നു. ജോത്സ്യൻ ഗ്രഹനിലയും നാളും വച്ചു കണക്കു കൂട്ടി പരിഹാരം നിർദ്ദേശിക്കുന്നു. തന്മൂലം അന്ധവിശ്വാസത്തോടു് ഇണങ്ങുന്നു. ഈ രണ്ടു കൂട്ടരും പറയുന്നതു ശരിയാണെങ്കിൽപോലും ക്രൈസ്തവനു സ്വീകാര്യമല്ല. കാരണം അവർ വിശ്വാസവിരുദ്ധ സ്വാധീനങ്ങളെ ആശ്ലേഷിച്ചുനില്ക്കുന്നു. രണ്ടു കൂട്ടരും പറയുന്നതു തെററാവാം. ഈ രണ്ടു കൂട്ടരേയും സമീപിച്ചശേഷം പ്രയോജനമില്ലാതെ എന്നെ സമീപിച്ചിട്ടുള്ളവർ ധാരാളമുണ്ടു്. ശരിയായ പരിഹാരം നിർദ്ദേശിക്കാൻ സമർത്ഥനായ രാദസംവേദകനു സാധിക്കും. രാദസംവേദകനു തെററു പററുകയില്ലെന്നോ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ അയാൾ എപ്പോഴും വിജയിക്കുമെന്നോ പറയുന്നില്ല. തികച്ചും ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രശ്നം കൈകാര്യം ചെയ്യാൻ അയാൾക്കു മാത്രമേ സാധിക്കൂ. രാദസംവേദകനെന്ന പേരിനല്ല പ്രാധാന്യം. ശാസ്ത്രീയവും ധാർമ്മികവുമായ സമ്പ്രദായത്തിനാണു പ്രസക്തി. ഇങ്ങനെ പ്രശ്നം കൈകാര്യം ചെയ്യുന്ന ആരേയും സമീപിക്കാം.

www.malankaralibrary.com

രോഗി ആരെ സമീപിക്കണമെന്നു ചോദിച്ചാൽ വൈദ്യനെ എന്നാണുത്തരം. രോഗത്തേയും രോഗശാന്തിയേയും കുറിച്ച് അറിവും പഠനവുമുള്ള ചികിത്സ എവിടെയുണ്ടോ അവിടെ ചെന്നു രോഗശാന്തി നേടുകയാണു മനുഷ്യൻ ചെയ്യുന്നതും ചെയ്യേണ്ടതും. ഇതുപോലെതന്നെ ക്ഷുദ്രവസ്തുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് ഉപദ്രവരാദപ്രസരണത്തിൻെറ ഉറവിടം മാററി ശല്യങ്ങളിൽനിന്നു വിമോചനം നല്കാൻ കഴിവുള്ള രാദസംവേദകനെ സമീപിക്കുകയാണു ക്ഷുദ്രശല്യങ്ങളേല്ക്കുന്ന ഒരാൾ ചെയ്യേണ്ടത്. രാദസംവേദനം വഴി ഇങ്ങനെ ഒരു വിമോചനമോ നിവാരണമോ നിർദ്ദേശിക്കുന്നതിൽ ക്രൈസ്തവ വിശ്വാസത്തിനോ സന്മാർഗ്ഗത്തിനോ വിരുദ്ധമോ അനുചിതമോ ആയി യാതൊന്നുമില്ല. രോഗാണുക്കളെ ഇല്ലാതാക്കി ശരീരചൈതന്യം വളർത്തുന്ന ചികിത്സപോലെയാണു രാദസംവേദനം. ദ്രോഹഫലങ്ങളുളവാക്കുന്ന കേന്ദ്രത്തെ നീക്കം ചെയ്യുക എന്നതാണു രാദസംവേദനത്തിലെ പരിഹാരമാർഗ്ഗം. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ഈ പ്രവർത്തനപദ്ധതി ഒരുവിധത്തിലും ക്രൈസ്തവ ധാർമ്മിക പ്രമാണങ്ങൾക്കോ അനുഷ്ഠാനങ്ങൾക്കോ അനുയോജ്യമാകുന്നില്ല. ധാർമ്മിക നന്മയെ ഉയർത്തിപ്പിടിക്കുന്ന ഒരു പ്രവർത്തനസരണിയാണു രാദസംവേദനത്തിനുള്ളത്.

രാദസംവേദനം ഒരു ശാസ്ത്രശാഖയാണെന്നറിഞ്ഞുകൂടാത്ത അനേകരുണ്ട്, നമ്മുടെയിടയിൽ. അധികമാളുകളും അത്തരക്കാരായിരിക്കും. അവരുടെ കാഴ്ചപ്പാടിൽ ഇതെന്തോ കൂടോത്രമോ കാപഠ്യമോ ആണ്. രാദസംവേദനം ഇവ രണ്ടുമല്ല എന്നതാണു യാഥാർത്ഥ്യം. രാദസംവേദന ശാസ്ത്രശാഖ നമ്മുടെ കാലത്തു തികച്ചും പുതിയതാണ്. ശാസ്ത്രശാഖയെങ്കിലും ഇതിൻെറ വ്യാഖ്യാനങ്ങളും പ്രയോഗങ്ങളും പഞ്ചേന്ദ്രിയങ്ങൾകൊണ്ടു തെളിയിച്ചുകൊടുക്കാൻ എളുപ്പമുള്ളവയല്ല. അന്ധമായ അവജ്ഞ, പഴകിയ അജ്ഞത,

www.malankaralibrary.com

തെററായ മുൻവിധികരം, അന്ധവിശ്വാസത്തിൻെറ കൊടിക്കീഴിൽ വയററുപിഴപ്പു പ്രസ്ഥാനക്കാരുടെ ഘോഷയാത്രകരംമുതലായ കാരണങ്ങരംമൂലം രാദസംവേദനത്തെ എതിർക്കുന്ന ആളുകരം ഇക്കാലത്തു ധാരാളമുണ്ടു്. ഇവരിൽ വിദ്യാഭ്യാസമുള്ളവരും സമൂഹത്തിലെ ഉന്നതന്മാരുമുണ്ടു്. ഇവർക്കു ചെയ്യാവുന്നതു് അവജ്ഞയും അജ്ഞതയും മുൻവിധികളും ഘോഷയാത്രാചിത്രങ്ങളും മാററിവച്ചു രാദസംവേദനത്തെക്കുറിച്ചു ശാസ്ത്രീയമായി പഠിക്കുകയാണു്. തനിക്കറിവില്ലാത്ത ഒന്നിനെക്കുറിച്ചു വിധിപറയുന്നതു സത്യസന്ധതയോ പക്വതയോ മാന്യതയോ അല്ല. എന്നിരുന്നാലും സമൂഹത്തിലിന്നു് അനേകർക്കു് ഇത്തരം ബലഹീനതകരം കാണാം. അതുകൊണ്ടു രാദസംവേദനതലത്തിൽ സേവനമനുഷ്ഠിക്കുന്ന ആദ്യകാലമുന്നണിപ്രവർത്തകർക്കു് ഏറെ തടസ്സങ്ങളേയും ആക്ഷേപശരങ്ങളേയും നേരിടേണ്ടിവരും. അതു സ്വാഭാവികമാണു്. ദൈവം നല്കിയ ഒരു ദാനത്തെ വികസിപ്പിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതുമൂലം രാദസംവേദകൻ മുന്നിൽ കാണുന്നതു കല്ലും മുള്ളും നിറഞ്ഞ പാതയാണു്. സത്യവിരുദ്ധമായ കുററാരോപണങ്ങളാണു് ഈ കല്ലും മുള്ളും. ഈ പാത വെട്ടിത്തുറക്കുകയും നടന്നു വഴിതെളിക്കുകയും ചെയ്യുന്നവർക്കു ത്യാഗപൂർവ്വകമായ സേവനത്തിനു മാത്രമേ സാദ്ധ്യതയുള്ളു. പക്ഷെ സമൂഹത്തിൻെറ നന്മയ്ക്കും പിന്നിൽ വരുന്നവരുടെ വിജയത്തിനും ഈ ത്യാഗമാവശ്യകമാവുന്നു. ത്യാഗസുരഭിലമായ ഈ മുന്നേററം സഹജീവികരംക്കു നന്മ നല്കുകയാണു്. നട്ടെല്ലുനിവർത്തി വെല്ലുവിളികളെ നേരിടുന്ന ഈ തീർത്ഥാടനം അസുലഭമായ ഒരനുഗ്രഹമാണു്.

രാദസംവേദനതലത്തിലെ പരിശ്രമങ്ങരം സേവനമല്ല, ചൂഷണമാണെന്നാണു ചിലരുടെ പരാതി. പരാതിക്കാരുടെ വീലയിരുത്തലിൽ പ്രതിഫലം വാങ്ങിയാലും ഇല്ലെങ്കിലും ചൂഷണത്തിൻെറ ആരോപണം വരുകയായി. പ്രതിഫലം വാങ്ങിയില്ലെങ്കിൽ

www.malankaralibrary.com

അജ്ഞതയെ ചൂഷണം ചെയ്യുന്നു, വില കുറഞ്ഞ ജനസമ്മതി നേടുന്നു എന്നു തുടങ്ങിയ കുററം. പ്രതിഫലം വാങ്ങിയാൽ ധനത്തെ ചൂഷണം ചെയ്യുന്നു, വിലകൂടിയ ജനസമ്മതി നേടുന്നു എന്നു തുടങ്ങിയ കുററം. രണ്ടായാലും കുററം. മുൻവിധിയോടെ അഭിപ്രായം പറയുന്ന ഇത്തരക്കാരുടെ ആരോപണങ്ങൾക്കു വില കല്പിക്കേണ്ടതില്ല. അനുഭവമാകുന്ന അദ്ധ്യാപകൻ നല്കുന്ന ഒരു പാഠമുണ്ടു്. രാഗസംവേദനതലത്തിൽ അർഹമായ ഓരോ പരിശോധനയ്ക്കും അന്തസ്സായ പ്രതിഫലം നല്കണമെന്ന മുൻവ്യവസ്ഥ വയ്ക്കുക. അർഹതയുള്ളവൻ സേവനമാവശ്യപ്പെടും. വലിഞ്ഞുകേറാൻ വരുന്നവൻ മടങ്ങിപ്പോകും. ആവശ്യക്കാരൻ ക്ളേശപൂർവ്വമായാലും വ്യവസ്ഥ അംഗീകരിക്കും. ആവശ്യമില്ലാത്തവൻ പുറത്തു നിന്നുകൊള്ളും. 'പണച്ചെലവില്ലാത്ത ചുമ്മാസേവനമാണോ, എന്നാൽ എനിക്കതാവശ്യമാണു്'' എന്നാണു ചിലരുടെ മനോഭാവം. മറിച്ചു് 'പ്രതിഫലം ആവശ്യപ്പെടുന്ന സേവനമാണോ, എനിക്കതൊഴിവാക്കാമല്ലോ' എന്നു് പ്ളേററു മാററി വയ്ക്കാൻ അവർ ഒരുങ്ങിയിരിക്കും. ഉത്തരവാദിത്വമില്ലാതെ വരുന്നവർ, ജിജ്ഞാസമൂലം വരുന്നവർ, നിരീക്ഷണത്തിനു വരുന്നവർ, ആവശ്യമില്ലാതെ വരുന്നവർ, ലാഘവബുദ്ധിയോടെ വരുന്നവർ, സമയത്തിൻെറ വില ഒട്ടും മനസ്സിലാകാതെ വരുന്നവർ മുതലായി പലർക്കും നിരോധനത്തിനും നിയന്ത്രണത്തിനും ശരിയായ പ്രതിഫലം എന്ന മുൻവ്യവസ്ഥ ഒഴിച്ചുകൂടാവുന്നതല്ല.

ക്ഷുദ്രശല്യങ്ങളെക്കുറിച്ചാണു നാം ഇതുവരെ കണ്ടതു്. കൈവിഷത്തിലേയ്ക്കാണു് ഇനി കടക്കുക.

## കൈവിഷം

കൈവിഷമെന്നൊന്നില്ലെന്നു പറയുന്നവരുണ്ടു്. അങ്ങനെയൊന്നുണ്ടാവുക സാദ്ധ്യമല്ലെന്നു ചിലർ. കൈവിഷമില്ലെന്നോ അതുണ്ടാവുക സാദ്ധ്യമല്ലെന്നോ

www.malankaralibrary.com

പറയുന്നതിനുമുമ്പ് അതെന്താണെന്നു മനസ്സിലാക്കിയില്ലെങ്കിൽ നിഷേധത്തിനർത്ഥമില്ല.

ഒരു സ്ഥലത്തോ ഭവനത്തിലോ നിക്ഷേപിക്കുന്ന ഉപദ്രവരാദവസ്തുവാണു ക്ഷുദ്രമെങ്കിൽ മനുഷ്യശരീരത്തിൽ നിക്ഷേപിക്കുന്നതും ഉപദ്രവരാദപ്രസരണത്തിന്റേതുമായ ഉറവിടമാണു കൈവിഷമെന്നു പറയാം.

സാധാരണമായി കൈവിഷം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നതു ഭക്ഷണത്തിലോ പാനീയത്തിലോ വിഷവസ്തുക്കൾ ബോധപൂർവ്വം കലർത്തി ഒരു മനുഷ്യവ്യക്തിയെ ദ്രോഹിക്കുന്ന ഉപാധിയെയാണ്. ബുദ്ധിഭ്രമം, വിദ്വേഷം, മന്ദബുദ്ധി, കാമാന്ധത, ഞരമ്പുക്ഷീണം, തളർച്ച, അന്ധമായ വിധേയത്വം, നിയന്ത്രണംവിട്ടകോപം, രക്തദൂഷ്യം, വ്രണങ്ങൾ, കുരുക്കൾ മുതലായ ഫലങ്ങൾ കൈവിഷംമൂലമുണ്ടായെന്നു വരാം.

മറ്റൊരാൾ മനഃപൂർവ്വം കൊടുക്കാതെയും ശരീരത്തിൽ കൈവിഷം വരാം. വിരുദ്ധ ഭക്ഷണങ്ങൾ മൂലമോ, ഭക്ഷണത്തിലോ, പാനീയത്തിലോ ശ്വാസത്തിലോ വിഷാംശം കലരുന്നതുമൂലമോ കൈവിഷമുണ്ടായെന്നു വരാം. പക്ഷെ ഇതു വളരെ അപൂർവ്വമായി മാത്രം സംഭവിക്കുന്നതാവാനാണു സാദ്ധ്യത.

കൈവിഷം ഞരമ്പുകളേയും തലച്ചോറിനേയും ദൂഷിപ്പിക്കും. രക്തത്തിന്റെയും ഉള്ളിലെ ഗ്രന്ഥികളുടെയും പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തും. വയററുവേദന, നെഞ്ചെരിച്ചിൽ, മന്ദത, വിശപ്പില്ലായ്മ, ഉറക്കക്കുറവ്, ക്ഷീണം, അനിശ്ചിത മനസ്സ് എന്നിവ മുതൽ തനി ഭ്രാന്തിന്റെ അടയാളങ്ങൾവരെയുള്ള ലക്ഷണങ്ങൾ കൈവിഷം മൂലമുണ്ടാകാം. സുഷുമ്നാനാഡി, സെറിബെല്ലം, അപ്രകാശബിന്ദു മുതലായ ഭാഗങ്ങളിൽ കൈവിഷം മൂലമുണ്ടാകുന്ന തടസ്സങ്ങൾ തിരിച്ചറിയാൻ രാദസംവേദകനു സാധിക്കും. മററു രോഗങ്ങൾപോലെ കൈവിഷത്തിന്റെ പ്രവർത്തനഫലം

www.malankaralibrary.com

ശരീരവ്യൂഹങ്ങളിലോ ശരീരഭാഗങ്ങളിലോ കണ്ടെത്താൻ കഴിഞ്ഞില്ലെന്നുവരാം. നൂറു കണക്കിനു രോഗികളിൽ നാഡീസംവേദന പരിശോധനയുടെ ഫലമായി കൈവിഷശല്യം കണ്ടെത്താൻ എനിക്കു സാധിച്ചിട്ടുണ്ട്. അല്പനിമിഷങ്ങൾക്കുള്ളിൽ കൈവിഷത്തിൽനിന്നുളവാകുന്ന ഉപദ്രവനാഡീപ്രസരണം തിരിച്ചറിയാൻ നാഡീസംവേദകനു സാധിക്കും. പരിചയവും പരിശ്രമവും കൂടുന്ന തോതനുസരിച്ച് കൈവിഷാംശത്തിന്റെ പഴക്കം കണ്ടുപിടിക്കാം. അതുപോലെതന്നെ വിഷാംശം ശരീരത്തിൽ കടന്നുവന്ന വസ്തുവിനെക്കുറിച്ചുള്ള സൂചനയും ലഭിക്കുന്നതാണ്. അലോപതി വിധിപ്രകാരമുള്ള ഏതെങ്കിലും പരിശോധനകൊണ്ടു കൈവിഷത്തിന്റെ പ്രവർത്തനം കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്നു വരാം.

ഇംഗ്ലീഷുമരുന്നുകളുടെ ചികിത്സാക്രമം അല്ലെങ്കിൽ അലോപതിയുടെ ധാരണയനുസരിച്ച് കൈവിഷവസ്തു ആമാശയത്തിലോ കുടലിലോ ചില ദിവസങ്ങളിലധികകാലത്തേയ്ക്കു തങ്ങുക സാദ്ധ്യമല്ല. ആമാശയവും കുടലുകളും ഒന്നുകിൽ വിഷത്തെ മുകളിലേയ്ക്കു തള്ളും. അപ്പോൾ ഛർദ്ദിയുണ്ടാകും. അല്ലെങ്കിൽ താഴേയ്ക്കു തള്ളി വയററിളക്കമുണ്ടാകും. അങ്ങനെ മണിക്കൂറുകൾക്കുള്ളിൽത്തന്നെ വിഷം പുറത്തുപോകും. മനുഷ്യശരീരത്തിന്റെ സാധാരണ പ്രവർത്തനശൈലി ഇപ്രകാരമാണെന്നതു ശരി. കൈവിഷവസ്തു വളരെ വർഷങ്ങൾ ആമാശയത്തിലും കുടലുകളിലും അവശേഷിക്കും എന്നു വിചാരിക്കുക പ്രയാസമാണ്. കൈവിഷം ഇങ്ങനെയാണു പ്രവർത്തിക്കുക എന്നു തറച്ചു പറയുക എളുപ്പമല്ല. എങ്കിലും അലോപതിക്കു പിടികിട്ടാത്ത അനേകം കാര്യങ്ങളുണ്ടാവാം. അവയിൽ ചിലതു് ആയുർവേദത്തിനോ മററു ചികിത്സാവിധികൾക്കോ ആയിരമാണ്ടുകൾക്കു മുമ്പുതന്നെ കൈകാര്യം ചെയ്യാൻ സാധിച്ചിരുന്നു എന്നും വരാം.

www.malankaralibrary.com

കൈവിഷം ശരീരത്തിൽ പ്രവർത്തിക്കുന്ന വിധത്തെക്കുറിച്ചു ശാസ്ത്രീയമായി വിശദമായ അറിവു നമുക്കില്ലെന്നു ഞാൻ വിചാരിക്കുന്നു. എങ്കിലും ഈ വിഷം ശരീരത്തിൽ പ്രവർത്തിക്കുന്നില്ല എന്നു തറച്ചു പറയാനുള്ള അറിവിന്റെ പൂർണ്ണിമ അലോപതിക്കുണ്ടെന്നു മനസ്സിലാക്കാൻ പ്രയാസമാണ്.

അലോപതിയുടെ ചികിത്സാവിധികൾക്കു വളരെ പരിമിതികളുണ്ട്. ചില ഉദാഹരണങ്ങൾ കൊണ്ടതു വ്യക്തമാക്കാം. പ്രകൃതി ചികിത്സാക്രമമനുസരിച്ച് അലോപതിയുടെ ചികിത്സാവിധികളിൽ ചിലതു തെറ്റാണ്. വിഷൗഷധത്തിലൂടെ രോഗിയുടെ ശരീരത്തെ ഡോക്ടർ സുഖപ്പെടുത്തുകയല്ല. പിന്നയോ വിഷമയമാക്കുകയാണു ചെയ്യുന്നതു്. രോഗത്തെ ഒരു തലത്തിൽനിന്നു മറ്റൊന്നിലേയ്ക്കു മാറ്റുകയാണു ഡോക്ടർ പലപ്പോഴും ചെയ്യുക. ഉദാ: കരൾരോഗത്തിനു ചികിത്സമൂലം രോഗം കരളിൽനിന്നു മാറുന്നു. പക്ഷേ, അതു ഹൃദയത്തിൽ പ്രത്യക്ഷമാകുന്നു. രോഗകാരണം രോഗാണുക്കളാണ് എന്ന സിദ്ധാന്തം തെറ്റാണ്. ആരോഗ്യമുള്ള ശരീരം രോഗാണുക്കളെ ചെറുത്തു നില്ക്കുന്നു എന്നതുതന്നെ തെളിവായി എടുത്തുകാണിക്കാം. രോഗത്തിനു സാക്ഷാൽ കാരണം രോഗാണുക്കളെക്കാൾ ശരീരത്തിലുണ്ടാകുന്നതും പുറത്തു തള്ളാൻ കഴിയാതെ ദുഷിക്കുന്നതുമായ വിഷാംശങ്ങളാണ്. ഈ വിഷാംശങ്ങൾ കെട്ടിക്കിടക്കുന്നതുമൂലമാണു രോഗാണുക്കൾ പെരുകുന്നതും വളരുന്നതും. ആരോഗ്യമുള്ള മനുഷ്യനു കൊടുക്കാൻ പാടില്ലാത്ത യാതൊരു മരുന്നും രോഗിക്കു കൊടുത്തുകൂടാ. മനുഷ്യനു മരുന്നു ഭക്ഷണവും ഭക്ഷണം മരുന്നുമാവണം. ഏതു രോഗിയെയും സുഖപ്പെടുത്തുന്നതു മരുന്നല്ല, ശരീരചൈതന്യമാണ്. ശരീരചൈതന്യത്തിന്റെ പരമപ്രധാന ഘടകം പ്രാണശക്തിയാണ്. പ്രാണശക്തി, മനുഷ്യശരീരം, മരുന്ന് എന്നിവയെക്കുറിച്ചു മനുഷ്യനു് ഇന്നുള്ള അറിവു വളരെ പരിമിതമാണ്. പ്രകൃതിചികിത്സയുടെ ദർശ

www.malankaralibrary.com

ന്നങ്ങളിൽ ചിലതാണു മുകളിൽ പറഞ്ഞതു്. അലോപതിക്ക മനസ്സിലാക്കാൻ പ്രയാസമുള്ള കാഴ്ചപ്പാടാണു പ്രകൃതിചികിത്സ തുറന്നു കാട്ടുക. തന്മൂലം അലോപതിക്ക മനസ്സിലാക്കാൻ കഴിയുന്നില്ല എന്ന കാരണത്താൽ തെളിവുകളേയോ അനുമാനങ്ങളേയോ നിഷേധിക്കുക ശരിയല്ല. ഏററം അടുത്തകാലത്തു് അലോപതി ചികിത്സാക്രമങ്ങളിൽ പ്രകൃതിചികിത്സാമൂല്യങ്ങൾ ഉൾക്കൊള്ളിക്കാൻ പരിശ്രമം നടക്കുന്നു. ആശാവഹമായ പുരോഗതിയുടെ അടയാളമാണിതു്.

രാദസംവേദകനു നിമിഷങ്ങൾക്കുള്ളിൽ ദോലകത്തിൻെറ ഇടനിലവഴി മനുഷ്യശരീരത്തിലലിഞ്ഞു ചേർന്ന കൈവിഷം കണ്ടുപിടിക്കാൻ സാധിക്കും. ഈ വിഷാംശത്തിൽനിന്നു നിർഗ്ഗമിക്കുന്ന ഉപദ്രവരാദപ്രസരണത്തിൻെറ സന്ദേശമാണു സംവേദകൻ പിടിച്ചെടുക്കുന്നതു്.

മനുഷ്യശരീരത്തേയും രാസവസ്തുക്കളുടെ രാദപ്രസരണത്തേയുംകുറിച്ചു വിശദവും ശാസ്ത്രീയവുമായ അറിവു് ആർഷഭാരതത്തിനുണ്ടായിരുന്നു എന്നും കഴിഞ്ഞുപോയ കണ്ടുപിടുത്തങ്ങളുടെ സുവർണ്ണദശയിലെ ശാസ്ത്രീയശേഷിയുടെ ദുരുപയോഗത്തിൽനിന്നു രൂപംകൊണ്ടതാണു കൈവിഷമെന്നും ഞാൻ സങ്കല്പിക്കുന്നു. ചില പ്രത്യേക രാസപദാർത്ഥങ്ങൾ ശരീരത്തിനകത്തു കടന്നാൽ ഞരമ്പുകളിലുണ്ടാകുന്ന പ്രവൎത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും ശാസ്ത്രീയമായി പഠിച്ചു പരിശോധിച്ച ശേഷം പരദ്രോഹത്തിനായി അവയെ തിരിച്ചുവിട്ട ഗവേഷണശാഖയുടെ ഫലമായിരിക്കണം കൈവിഷം. പില്ക്കാലത്തു് അതിലെ ശാസ്ത്രീയമായ അറിവുകൾ അന്ധവിശ്വാസങ്ങളോടും മന്ത്രതന്ത്രങ്ങളോടും കലന്നു് അവ്യക്തമായിപ്പോയതാവാം.

ക്ഷുദ്രവസ്തുക്കളെ സംബന്ധിച്ചും ഈ വീക്ഷണത്തിനും വിലയിരുത്തലിനും വളരെ പ്രസക്തിയുണ്ടു്. രാസപദാർത്ഥങ്ങളിൽനിന്നൊഴുകിവരുന്ന രാദശക്തി

www.malankaralibrary.com

അതിൻെറ സാമീപ്യംകൊണ്ടു ഞരമ്പുകളേയും ഗ്രന്ഥി കളേയും ദൂഷിപ്പിക്കുന്ന ശാസ്ത്രീയാടിസ്ഥാനത്തി ലായിരിക്കണം ക്ഷുദ്രപ്രയോഗം രൂപംകൊണ്ടതു്. കാലം മാറിയപ്പോഠം അതിനെ സംബന്ധിച്ച ശാസ്ത്രീ യജ്ഞാനവും അടിസ്ഥാനവും മന്ത്രങ്ങഠംക്കു അന്ധമായ ആചാരങ്ങഠംക്കു അടിപ്പെട്ടുപോവുകയോ അവയോ ടിടകലർന്നു നിഷ്പ്രഭമാവുകയോ ചെയ്തിരിക്കാം.

രാദസംവേദകൻെറ ദോലകം ക്ഷുദ്രവസ്തുക്കളിൽ നിന്നു നിഗ്ഗമിക്കുന്ന ഉപദ്രവരാദപ്രസരണം പിടിച്ചെ ടുക്കുന്നതുപോലെ ശരീരത്തിലടിഞ്ഞുകൂടുന്ന വിഷാംശ ത്തിൽനിന്നുവരുന്ന ഉപദ്രവരാദപ്രസരണത്തേയും തിരി ച്ചറിയുന്നു എന്നു മുമ്പു പറഞ്ഞു. അത്തരം അനുഭവങ്ങഠം നൂറുകണക്കിനുണ്ടു്. അവയിൽനിന്നു ചിലതു് ഇവിടെ പറയാം.

1. ഒരു കുടുംബനാഥൻ. വയസ്സറുപത്തു്. പണ്ടേ കുടിയൻ. ഇപ്പോഠം മുക്കുടിയൻ. കുടികഴിഞ്ഞു വരു മ്പോഠം സ്വന്തം മക്കളെക്കണ്ടാൽ കൊല്ലണമെന്നു ജ്വര മാണു്. ഈ പെരുമാററം ഭ്രാന്തുപോലെയായപ്പോഠം വീട്ടുകാർ അയാളെ എൻെറയടുക്കൽ കൊണ്ടുവന്നു. രാദ സംവേദനംവഴി അയാളെ ഞാൻ പരിശോധിച്ചു. ഭ്രാന്തില്ല. കൈവിഷമുണ്ടു്. ഒൻപതു വർഷം കഴി ഞ്ഞു. മദ്യത്തിലൂടെത്തന്നെ ശരീരത്തിൽ കടന്നുവന്ന വിഷം. അയാളെ ചികിത്സയ്ക്കയച്ചു. അയാഠം മരുന്നു കഴിച്ചു സുഖം പ്രാപിച്ചു.

2. കല്യാണപ്രായമായ ഒരു പെണ്ണു്. സൽസ്വ ഭാവം. രണ്ടു വർഷത്തോളമായി ക്ഷീണം. കുറെ മാസങ്ങളായി വിശപ്പില്ല. ഓർമ്മക്കുറവു്. മൗനം. അവഠം അമ്മയോടുമാത്രം ഒരു വാചകം ആവർത്തിച്ചു് ഇടയ്ക്കിടയ്ക്കു പറയും: 'അമ്മേ, ജോയി നല്ലവ നല്ലേ? ആ ബന്ധം നമുക്കു ചേരുകയില്ലേ?' 'ഇല്ല മോളേ' അമ്മ പറയും. പിന്നെ അവഠം മിണ്ടാതി രിക്കും,

www.malankaralibrary.com

അവളെ രാദസംവേദനംവഴി ഞാൻ പരിശോധിച്ചു. 'രണ്ടുവർഷംമുമ്പ് ആരെങ്കിലും മററാരും കാണാതെ നിനക്കെന്തെങ്കിലും തിന്നാൻ തന്നതായി ഓർക്കുന്നുണ്ടോ?' ഞാൻ ചോദിച്ചു. കുറെ സമയം ഓർത്ത ശേഷം അവൾ പറഞ്ഞു, 'ഉണ്ട്. അമ്മയുടെ വീട്ടിൽ ഞാൻ നില്ക്കുകയായിരുന്നു. ഒരു ദിവസം ഞാൻ മാത്രമുള്ള സമയത്ത് അയൽവക്കത്തെ ജോയി എന്ന യുവാവു വേലിക്കൽ വന്ന് എന്നെ വിളിച്ചു. ഒരുചുള ചക്ക തന്നു. ഞാൻ അതു തിന്നായിരുന്നു.'

വിദഗ്ദ്ധചികിത്സ അവൾക്കു നിർദ്ദേശിച്ചു കൊടുത്തു. ഫലപ്രദമായ ചികിത്സ അവൾക്കു ലഭിച്ചു.

3. നാടിനും വീടിനും നന്മ ചെയ്യുന്ന ഒരു പൊതു പ്രവർത്തകൻ. നല്ല ആരോഗ്യം. യോഗാഭ്യാസിയാണ്. കുറെ ദിവസങ്ങളായി അകാരണമായക്ഷീണം. ഉറക്കക്കുറവ്. ഒരുദിവസം തളർച്ചയും മനസ്സിന്റെ അനിശ്ചിതത്വവും അധികമായി. പരിശോധനയ്ക്കു് അദ്ദേഹം എന്നെ സമീപിച്ചു. മൂന്നു വർഷം മുമ്പു ഭക്ഷണസാധനത്തിൽ കിട്ടിയ കൈവിഷമാണു രോഗകാരണമെന്നു ദോലകം സൂചന നല്കി. ആ വിവരം ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഏതെങ്കിലും സംഭവം ഓർമ്മയിൽ കിട്ടുന്നുണ്ടോ എന്നൊന്നു പരിശ്രമിക്കാൻ ക്ഷണിച്ചു. 'കമ്മീഷൻ അന്വേഷണത്തിനായി ഞാനൊരു സ്ഥലത്തുപോയി. വസ്തു ഉടമസ്ഥയായ സ്ത്രീ വളരെ ഉപചാരപൂർവ്വം നിർബ്ബന്ധിച്ച് എനിക്കു് ഉപ്പുമാവു തിന്നാൻ തന്നു. ഒരു സ്പൂണിൽ കൂടുതൽ അതു ഞാൻ തിന്നില്ല. അന്നുതന്നെ വയറിളകി, കുറെ അസുഖം തോന്നി. അതു കഴിഞ്ഞിട്ട് ഇപ്പോൾ മൂന്നു വർഷമായി' ഇതായിരുന്നു അദ്ദേഹം നല്കിയ പ്രതികരണം.

കമ്മീഷൻ റിപ്പോർട്ടിൽ അനുകൂലമായ മനോഭാവത്തിനുവേണ്ടി കൈവിഷം കൊടുത്തതായിരിക്കാം. നിഷ്പക്ഷമായി മാത്രം നീയമം കൈകാര്യംചെയ്യുന്ന

www.malankaralibrary.com

സത്യസന്ധത സ്വഭാവമായ അദ്ദേഹത്തിൻെറ മനസ്സിനെ സ്വാധീനിക്കാൻ നടന്നിരിക്കാവുന്ന പരിശ്രമം പരാജയപ്പെട്ടു.

അദ്ദേഹത്തിന്ന രണ്ടാഴ്ചയോളം ചികിത്സ മതിയായിരുന്നു സാധാരണത്വം വീണ്ടെടുക്കാൻ.

4. മുറുക്കാൻകട നടത്തുന്ന ഒരു യുവാവ്. മാനസികരോഗത്തിന്ന ചികിത്സയും വൈദ്യുതഷോക്കും കഴിഞ്ഞതാണ്. ചില മാസങ്ങൾ കടന്നുപോയി. ഭാര്യയോടു വഴക്ക്. എതിരുപറഞ്ഞാൽ മർദ്ദനമാണു മുറ. കച്ചവടം വളരെ ഉദാരമായാണ്. സാധനങ്ങൾ വേഗം കാലിയാവും. പക്ഷെ പണം കിട്ടുകയില്ലെന്നുമാത്രം. ഹൈന്ദവനായ ആ യുവാവിനെ ഞാൻ പരിശോധിച്ചു. നാലുവർഷം മുമ്പുള്ള കൈവിഷം കണ്ടെത്തി. ചികിത്സയ്ക്കയച്ചെങ്കിലും പത്ഥ്യം കാക്കാതെ കഴിഞ്ഞു. രോഗശമനം കിട്ടിയില്ല.

5. പതിനാലുവയസ്സുമാത്രം പ്രായമായ ഒരു പെൺകുട്ടി. അവൾക്കു തലവേദന മാറുന്നില്ല. പല വിദഗ്ദ്ധ ഡോക്ടർമാർ പരിശോധിച്ചു. രോഗമൊന്നും കണ്ടില്ല. പെണ്ണിന്ന പഠിക്കാൻ സാധിക്കുന്നില്ല.

രാദസംവേദന പരിശോധന വെളിപ്പെടുത്തി അവൾക്കു കൈവിഷമുണ്ടെന്ന്. അഞ്ചുവർഷം മുമ്പാണതിൻെറ ആരംഭം. ഒൻപതുവയസ്സിൽ ആരാണതുപോലുള്ള ഒരു കൊച്ചുപെണ്ണിന്ന കൈവിഷം കൊടുക്കുക? ഒരുപക്ഷെ ആരും കൊടുക്കാതെ ഭക്ഷണത്തിലൂടെ ശരീരത്തിൽ വന്നതാവാം.

ചികിത്സമൂലം അവൾക്കു വേഗത്തിൽ ശമനം കിട്ടി.

6. ഒരു സന്യാസിനി. വയസ്സു മുപ്പത്തിആറ്. വയററുവേദന. എല്ലാവിധ പരിശോധനകളും ചികിത്സകളും പരാജയപ്പെട്ടു. എറണാകുളത്തെ ഏററം നല്ല

www.malankaralibrary.com

സ്വകാര്യ ആശുപത്രിയിലും ചികിത്സിച്ചു. പ്രയോജനമൊന്നും കിട്ടിയില്ല.

വിദൂരരാദസംവേദനംവഴി ഈ സന്യാസിനിയെ ഞാൻ പരിശോധിച്ചു. കൈവിഷമുണ്ടെന്നു കണ്ടു. പതിന്നാലു വർഷങ്ങൾക്കുമുമ്പു ശരീരത്തിൽ വന്നതാവണം. പരിശോധനാഫലം സന്യാസിനിയെ അറിയിച്ചു. പക്ഷെ ആ സഹോദരിക്കതിലൊന്നും വിശ്വാസമില്ല. പോരെങ്കിൽ സന്യാസിനിയായി ജർമ്മനിയിൽ ജീവിക്കുകയാണ്. അവധിക്കു നാട്ടിൽവന്ന കാലം. ഏതായാലും മരുന്നുകഴിച്ച് ഒന്നു പരീക്ഷിച്ചുനോക്കാമെന്നവർ തീരുമാനിച്ചു. മരുന്നു കഴിച്ചു. വേദന വേഗം കുറഞ്ഞു. രോഗം മാറിയില്ല എങ്കിലും ആശ്വാസം കിട്ടി. നന്ദി പറയാനായി ആ സഹോദരി എന്നെ വന്നു കണ്ടു.

7. ധനശേഷിയുള്ള ഒരു മാന്യൻ. കാഴ്ചയിൽ ചെറുപ്പം. ദിവസവും മദ്യപിക്കും പുകവലിയാണെപ്പോഴും. കുടുംബകാര്യങ്ങൾ നോക്കുന്നതിനു താല്പര്യമില്ല. ആരു മദ്യം കൊടുത്താലും കുടിക്കും. കുടിച്ചു കഴിഞ്ഞാൽ വഴക്കില്ല. പിന്നെ എല്ലാവരും സഹോദരർ. ആരുടെ തോളിലും കൈയിട്ടു നടക്കും. ഭാര്യയോടും മക്കളോടും അടുപ്പമില്ല. സ്വന്തം കാര്യങ്ങളൊക്കെ നടക്കണം. അത്രേ വിചാരമുള്ളു.

രാദസംവേദനപരിശോധനയിൽ ഇയാൾക്കു കൈവിഷമുണ്ടെന്നു മനസ്സിലായി. ചികിത്സയ്ക്കയച്ചു.

ചികിത്സകഴിഞ്ഞു വന്ന അയാളിൽ വലിയ മാററങ്ങൾ. മദ്യം വേണ്ട. സിഗരററു വേണ്ട. മുമ്പില്ലാതിരുന്ന സ്നേഹവും സന്തോഷവും കുടുംബത്തിൽ കുടികൊള്ളുന്ന അനുഭവം.

8. തൊഴിലാളിയായ ഒരു യുവാവ്. കുറെ നാളായി പണിക്കു പോകുന്നില്ല. പോകണമെന്നുതോന്നും. സമയമാകുമ്പോൾ പോകുകയില്ല. അഥവാ പണി

www.malankaralibrary.com

സ്ഥലത്തു പോയാലും പൊറ്റേനേരെ പണിയെടുക്കണമെന്ന വിചാരമില്ല.

അയാളുടെ അപേക്ഷപ്രകാരം ഞാൻ അയാളെ പരിശോധിച്ചു. കൈവിഷമുണ്ട്. നാലാഴ്ച ചികിത്സ ആവശ്യമാണെന്നു പറഞ്ഞു് വിദഗ്ദ്ധ ചികിത്സയുള്ളിടത്തേയ്ക്കയച്ചു. ഏതാനും ദിവസങ്ങൾകൊണ്ടു ജോലിക്കു പോകാൻ മനസ്സുവന്നു. പിന്നെ തുടർച്ചയായി ജോലിക്കു പോകുന്നു. ആ വീട്ടിൽനിന്നു് അസ്വസ്ഥതകൾ ഓടിമറഞ്ഞു.

9. കേരളത്തിൽനിന്നൊരു മിഷനറി. ആന്ധ്രയിലാണു സേവനം. അദ്ദേഹം താമസിക്കുന്ന പള്ളിമേട മാതൃഹൃദയംപോലെ തുറന്നു കിടക്കുകയാണു്.

അദ്ദേഹത്തിനൊരാശ്രിതനുണ്ടു്. തൊഴുതു നില്ക്കാനും പശപറയാനും പറഞ്ഞു വശത്താക്കാനും കഴിവുള്ള ഒരു മനുഷ്യൻ. കാര്യങ്ങൾ നടത്താൻ മിടുക്കൻ. പടിപടിയായി അയാളെ അച്ചൻ ഉയർത്തി. അവസാനം മുന്നൂറു കുട്ടികളുള്ള ഹോസ്റ്റലിന്റെ സർവ്വ ചുമതലകളും അയാൾക്കായി.

അയാൾ സ്വന്തമായി പറമ്പു വാങ്ങുന്നു. വലിയ തുകകൾ മറിക്കുന്നു. നാട്ടുകാർക്കെല്ലാം പരാതി. പക്ഷെ, അച്ചനതൊന്നും അറിയുന്നില്ല. അറിഞ്ഞാൽ ഗൗനിക്കുന്നില്ല.

ആശ്രിതന്റെ അവകാശങ്ങൾ പരിധിവിട്ടു. അച്ചനെ വെല്ലുവിളിച്ചു. കേസു കൊടുക്കുമെന്നും ഗുണ്ടകളെ ഇറക്കുമെന്നും ഭീഷണി വരെയായി!

അപ്പോൾ അച്ചനു സുബോധം വന്നു. നഷ്ടം വരുത്തിയ തുകയ്ക്കു് ഈടുവാങ്ങി ജോലിയിൽനിന്നു പുറത്താക്കി.

അച്ചനു കുറെ വർഷങ്ങളായി ദേഷ്യം ഏറുന്നു. ഉറക്കത്തിനു തടസ്സങ്ങൾ. മനസ്സിനു കരുത്തുണ്ടു്. പക്ഷെ ആശങ്കകൾ വളരെ.

www.malankaralibrary.com

മിഷനറിയെ ഞാൻ പരിശോധിച്ചു. പതിമൂന്നു വർഷം മുമ്പുള്ള കൈവിഷശല്യം കണ്ടെത്തി. അപ്പോഴാണ് അച്ചൻ ഓർത്തതു്, ആശ്രിതൻ വന്നിട്ടു പതിമ്മൂന്നു വർഷങ്ങളായി. എന്തായാലും അയാളോടു ദയ കാണിക്കണമെന്നു് അച്ചനു് അവസാനം വരെ തോന്നിയിരുന്നു.

കൈവിഷം മനുഷ്യമനസ്സിനെ സ്വാധീനിക്കും. എന്നിരുന്നാലും തന്റെ വ്യക്തിത്വം ആർക്കും അടിയറവയ്ക്കാത്ത മനുഷ്യവ്യക്തിയിൽ മനസ്സിന്റെ സ്വാതന്ത്ര്യം പരമമാണു്. അച്ചന്റെ അനുഭവം അതിനു തെളിവാണു്.

10. ഉത്തരഭാരതത്തിൽ ജോലിചെയ്യുന്ന ഒരു മലയാളി മിഷനറിയച്ചന്റെ അനുഭവം രേഖപ്പെടുത്തി ഈ ഉദാഹരണങ്ങൾ അവസാനിപ്പിക്കാം.

മിഷനിൽ കെട്ടിടംപണി സംബന്ധിച്ചു് അഭിപ്രായവ്യത്യാസമുണ്ടായി. കുറെ തർക്കവും വഴക്കും കഴിഞ്ഞു ചിലരെ അച്ചൻ പിരിച്ചുവിട്ടു. അല്പ നാളുകൾ കഴിഞ്ഞതോടെ അച്ചനു വിശപ്പില്ലായ്മ, ക്ഷീണം എന്നിവ തുടങ്ങി. പള്ളിമുറിയിൽ താമസിക്കാൻ പ്രയാസം. സ്വസ്ഥതയില്ലെന്ന ബോധം.

അദ്ദേഹത്തെ ഞാൻ പരിശോധിച്ചു. കൈവിഷമുണ്ടെന്നു കണ്ടു. ഒരു വർഷമേ ആയിട്ടുള്ളു. രണ്ടാഴ്ച മരുന്നു കഴിച്ചു് അദ്ദേഹം സുഖം പ്രാപിച്ചു തിരിയെ പോയി.

രാദസംവേദനം അന്ധവിശ്വാസമാണോ എന്നു ചുരുക്കമായി അന്വേഷിക്കുകയാണു് അടുത്തതായി.

## അന്ധവിശ്വാസം

രാദസംവേദനത്തെ ചിലർ അന്ധവിശ്വാസമായി പരിഗണിക്കുന്നു. എന്തുകൊണ്ടു രാദസംവേദനം അന്ധവിശ്വാസമല്ലെന്നു വ്യക്തമാക്കുക ഇവിടെ സമുചിതമാണു്. അതുകൊണ്ടാണു് അന്ധവിശ്വാസ

www.malankaralibrary.com

ത്തെക്കുറിച്ച് അല്പം കാര്യങ്ങൾ നാം ഇവിടെ കാണുക.

സൃഷ്ടവസ്തുക്കൾക്കു സ്വായമായി ഇല്ലാത്ത കഴിവുകളോ ശക്തികളോ ഉണ്ടെന്നു സങ്കല്പിക്കുന്നതാണ് അന്ധവിശ്വാസത്തിന്റെ കാതൽ. അന്ധവിശ്വാസതലത്തിൽ പ്രസിദ്ധിയും പ്രസക്തിയുമുള്ള രണ്ടു കാര്യങ്ങളെ നാം പരിശോധിക്കാൻ പോവുകയാണിപ്പോൾ.

## ജോതിഷവും കൈനോട്ടവും

ജോതിഷം, കൈനോട്ടം എന്നിവയെ ക്രൈസ്തവ സന്മാർഗ്ഗശാസ്ത്രം അന്ധവിശ്വാസങ്ങളുടെ മണ്ഡലങ്ങളിലാണു കാണുന്നത്. ആകാശഗോളങ്ങളുടേയും നക്ഷത്രങ്ങളുടേയും ചലനങ്ങളിൽനിന്നും രാശികളിൽ നിന്നും മനുഷ്യന്റെ ഭാവിരഹസ്യങ്ങൾ പ്രവചിക്കാമെന്നു ജോതിഷം. കൈരേഖയിൽ മനുഷ്യന്റെ ഭാവിയും രഹസ്യങ്ങളും വായിച്ചറിയാൻ കഴിയുമെന്നു ഹസ്തരേഖാശാസ്ത്രം.

മനുഷ്യമനസ്സിന്റെ ഭാവിയെക്കുറിച്ചു പ്രവചിക്കാൻ പ്രപഞ്ചനാഥനായ ദൈവത്തിനുമാത്രമേ സ്വന്തമായ കഴിവുള്ളു എന്നു ക്രൈസ്തവസന്മാർഗ്ഗശാസ്ത്രം പഠിപ്പിക്കുന്നു. ദൈവം സർവ്വശക്തനും അനാദിയുമായതുകൊണ്ടും പ്രപഞ്ചവസ്തുക്കളെല്ലാം ദൈവസൃഷ്ടികളായതുകൊണ്ടും മറെറാരു നിലപാടും ക്രൈസ്തവസന്മാർഗ്ഗശാസ്ത്രത്തിനു സ്വീകാര്യമല്ല. ഈ യാഥാർത്ഥ്യത്തെ വെല്ലുവിളിക്കുംവിധം ഭാവികാര്യങ്ങളറിയാൻ ജോതിഷമോ ഹസ്തരേഖയോ ഉപയോഗിക്കുന്നവരെ അന്ധവിശ്വാസതലത്തിൽ കാണുന്നതിനു ക്രൈസ്തവസന്മാർഗ്ഗശാസ്ത്രം നിർബ്ബന്ധിതമാകുന്നു. ഇതിൽ വിട്ടുവീഴ്ചയില്ല. വിട്ടുവീഴ്ച സാദ്ധ്യമല്ല. സൂര്യചന്ദ്രാദിഗ്രഹങ്ങൾക്കോ മനുഷ്യകരത്തിലെ രേഖകൾക്കോ തെററാവരവും പ്രവചനവരവും സങ്കല്പിക്കുക

യുക്തിക്കു നിരക്കുന്നതല്ല. അതുകൊണ്ടു് അതിനെ അന്ധവിശ്വാസമായി കണക്കാക്കാതെ തരമില്ല.

എന്നാൽ ജോതിഷത്തിലും കൈനോട്ടത്തിലും സൃഷ്ടവസ്തുക്കൾക്കു് അതീതമായ ശക്തികളില്ല. എന്നംഗീകരിച്ചുകൊണ്ടും മനുഷ്യമനസ്സിൻെറമേൽ ദൈവത്തിനു മാത്രമുള്ള പരിപൂർണ്ണ അവകാശങ്ങളെ ഏററു പറഞ്ഞുകൊണ്ടും ഈ പഠനശാഖകളെ സമീപിക്കാൻ സാധിക്കും. ഈ വീക്ഷണഗതി ക്രൈസ്തവർക്കു പൊതുവേ ഇല്ലാത്തതാണു്. ശാസ്ത്രത്തിനും യുക്തിക്കും നിരക്കുന്നതായി ജോതിഷത്തിലും ഹസ്തരേഖയിലുമുള്ള കാര്യങ്ങളെ അംഗീകരിക്കുന്നതിനു സന്മനസ്സുള്ള സമീപനമാണിതു്.

ജോതിഷത്തിലും കൈനോട്ടത്തിലുമുള്ളതു മുഴുവൻ അന്ധവിശ്വാസമാണെന്നു മുദ്ര കുത്തുക ശരിയല്ല. ക്രൈസ്തവസന്മാർഗ്ഗശാസ്ത്രത്തിനു് ഈ കാഴ്ചപ്പാടുണ്ടെങ്കിൽ ആവശ്യമുള്ളിടത്തോളം അതു തിരുത്തുക ശരിയായ നടപടിയായിരിക്കും. അനുഭവവും യുക്തിയും ഇതാവശ്യപ്പെടുന്നു. ഉദാഹരണമായി ചന്ദ്രൻെറ ആകർഷണം ഭൂമിയിൽ അനുഭവപ്പെടുന്നു. തന്മൂലം വേലിയേററങ്ങൾ സംഭവിക്കുന്നു. കരയിലും ജലത്തിലും ഈ ആകർഷണം വ്യത്യാസമുണ്ടാക്കുന്നു. അതുപോലെ മനുഷ്യശരീരത്തേയും ഏറെക്കുറെ അതു ബാധിക്കുന്നു. വാവു് അടുക്കുമ്പോൾ ആസ്മാരോഗികൾക്കു ശല്യം തോന്നും. ഞരമ്പുകളുടെ പ്രവർത്തനം, രക്തസഞ്ചാരം മുതലായവയെ ഇതു സ്വാധീനിക്കുന്നു എന്നതു ശരീരശാസ്ത്രത്തിൽനിന്നും അനുഭവത്തിൽനിന്നും തെളിയുന്നു. അതുകൊണ്ടു് ആകാശഗോളങ്ങൾക്കു മനുഷ്യശരീരത്തിൻെറമേൽ ചില നിയന്ത്രണങ്ങളുണ്ടെന്നു സമ്മതിച്ചേ മതിയാവൂ. രാദസ്ഫുരണത്തിലേയ്ക്കും വസ്തുക്കളുടെ പരസ്പരാകർഷണശക്തികളിലേയ്ക്കും നാം കടന്നുചെല്ലുമ്പോൾ ഒരത്ഭുതലോകമാണവിടെ കാണുക. പുതിയ ചക്രവാളങ്ങൾ അവിടെ വിടരുന്നു. പുതിയ ബന്ധങ്ങൾ അവിടെ ഉളവാകുന്നു. ഈ ബന്ധ

www.malankaralibrary.com

ങ്ങളാവട്ടെ പഞ്ചേന്ദ്രീയങ്ങരംമൂലമുള്ള നിരീക്ഷണതല ങ്ങളിലൊതുങ്ങുന്നില്ല. അതുകൊണ്ടു് ആകാശഗോള ങ്ങരംക്കും പ്രപഞ്ചത്തിലെ പല പദാർത്ഥങ്ങരംക്കും മനുഷ്യശരീരത്തേയും മനസ്സിനേയും നിയന്ത്രിക്കാനും സ്വാധീനിക്കാനും കഴിവുണ്ടാകാം എന്നംഗീകരിക്കുന്ന തിൽ യഥാർത്ഥ ക്രൈസ്തവസന്മാർഗ്ഗത്തിനെതിരാ യൊന്നുമുണ്ടാവണമെന്നില്ല.

അതുപോലെതന്നെ മനുഷ്യന്റെ ബുദ്ധിശക്തി, മനശ്ശക്തി, ആരോഗ്യം മുതലായ പല കാര്യങ്ങളും സൂചിപ്പിക്കുന്ന കൈരേഖകളും മണ്ഡലങ്ങളും ഉണ്ടെന്നു വരാം. അത്ഭുതകരമായ പരസ്പര ബന്ധം പ്രകൃതി വസ്തുക്കളിലുള്ളതുപോലെ മനുഷ്യശരീരത്തിന്റെ വിവിധ ഘടകങ്ങളിലും തലങ്ങളിലുമുണ്ടാകാൻ വള രെ സാദ്ധ്യതകളുണ്ടു്. രാദസംവേദനത്തിൽനിന്നു വ്യ ക്തമാകുന്ന ഒട്ടേറെ വിശദാംശങ്ങരം ഇത്തരമൊരനുമാ നത്തെ സാധൂകരിക്കുന്നു. ഉദാഹരണമായി ഒരാളുടെ കൈയക്ഷരപരിശോധനവഴി അയാളുടെ ശരീരത്തി ന്റെ മിക്ക രോഗങ്ങളും അക്കമിട്ടു പറയാൻ എനിക്കു സാധിക്കും. രാദസംവേദനം പരിശീലിക്കുന്ന ആക്കു മിതു സാധിക്കും. അതുപോലെ വിദൂരരാദസംവേദനം വഴി ഏതു ഭൂഖണ്ഡത്തിൽ എത്ര അകന്നിരിക്കുന്ന ഒരാ ളേയും കണ്ടെത്താൻ സമർത്ഥനായ രാദസംവേദകനു നിമിഷങ്ങരംകൊണ്ടു സാധിക്കും. പരസ്പരം പല തും അറിയാൻ ആശ്ചര്യകരമാംവിധം പ്രപഞ്ചനാഥൻ സംവിധാനങ്ങരം ചെയ്തിട്ടുണ്ടെന്നുള്ളതിനു തെളി വായി ഇത്തരം കാര്യങ്ങളെ കണക്കാക്കാം. ആകു യാൽ കൈരേഖയിൽനിന്നു് ഒരു മനുഷ്യനെ സംബ ന്ധിച്ച ചില വിശദവിവരങ്ങരം ശേഖരിക്കാൻ കഴി യുമെന്നു പറയുന്നതിനെ എതിർക്കേണ്ടതു ദൈവവിശ്വാ സിയുടെ കർത്തവ്യമാണെന്ന ധാരണ ശരിയല്ല. ദൈ വത്തിന്റെ അനന്തവിജ്ഞാനം തുറന്നിട്ടിരിക്കുന്ന വാ തിലുകളെക്കുറിച്ചു നമുക്കുള്ള അജ്ഞത ഏററുപറയുന്നതു് എളിമയാണു്.

www.malankaralibrary.com

ഈ മനോഭാവത്തോടെ ജോതിഷത്തേയും കൈനോട്ടത്തേയും സമീപിക്കുമ്പോഠം മറഞ്ഞിരിക്കുന്ന പല സൂചനകളും അവയിൽനിന്നു കിട്ടാൻ വഴിയുണ്ടെന്നു നാം സമ്മതിക്കണം. എങ്കിലും ഇത്തരം അറിവുകാംക്കും സൂചനകാംക്കും പരിധികളുണ്ടു് എന്നും അവയ്ക്കു തെററുപററാം എന്നു നാം അംഗീകരിക്കേണ്ടതും ഒരു ആവശ്യമാകുന്നു.

അതേസമയം മറെറാരു സത്യവും നാം അംഗീകരിക്കാതെ തരമില്ല. ജോതിഷത്തിലും കൈരേഖാശാസ്ത്രത്തിലും ശാസ്ത്രീയമായി അംഗീകരിക്കേണ്ട വസ്തുതകളുള്ളതുപോലെ അവയിൽ അന്ധവിശ്വാസപരമായ കുറെ കാര്യങ്ങളെങ്കിലും കലർന്നിട്ടുണ്ടു്. യുക്തിക്കനുസരണമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ഏതു മനുഷ്യനും ഇതു വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഗ്രഹനിലകളുടെ സ്വാധീനങ്ങാംക്കും കൈരേഖകളുടെ സൂചനകാംക്കും വളരെ പരിമിതികളും അനിശ്ചിതത്വങ്ങളുമുണ്ടാവാം. അതുകൊണ്ടു ദൈവവെളിപാടുപോലെയോ തെററാവരമുള്ള പ്രമാണങ്ങളായോ അവയെ വിലമതിക്കുക തെററായ നടപടിയാണു്. മാത്രമല്ല തനി അന്ധവിശ്വാസപരവും അർത്ഥശൂന്യവുമായ സങ്കല്പങ്ങാം അവിടെ കാണാൻ കഴിയും. ജോതിഷ ഗ്രന്ഥങ്ങളിൽ ദിവസഫലങ്ങാം, ദൂത—ദീപ—പ്രശ്ന ലക്ഷണങ്ങാം, ആഭിചാരം, കൈവിഷം, പുനർജന്മം മുതലായവയെ പരാമർശിക്കുന്ന ഭാഗങ്ങാം അശാസ്ത്രീയവും അന്ധവിശ്വാസത്തിലധിഷ്ഠിതവുമാണെന്നു സ്പഷ്ടമാകുന്നു. കൈരേഖാശാസ്ത്രത്തിൽ വിവാഹം, ജോലി, ഭാവിഅനുഭവങ്ങാം മുതലായവയുടെ സൂചനകാം പരിശോധിച്ചാൽ അവയിൽ അമളിയുണ്ടെന്നു വ്യക്തമാകും. തച്ചുശാസ്ത്രഗ്രന്ഥങ്ങളിലും ഇതുപോലെയുള്ള അന്ധവിശ്വാസങ്ങളും അബദ്ധങ്ങളും വായിക്കാൻ സാധിക്കുന്നു. ജോതിഷസങ്കല്പങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു എന്ന കാരണത്താൽ തച്ചുശാസ്ത്രത്തിൽ

www.malankaralibrary.com

ജോതിഷത്തിന്റെ അടിസ്ഥാനസങ്കല്പങ്ങൾ പ്രതി ഫലിക്കാതെ തരമില്ല. തച്ചുശാസ്ത്രത്തിൽ ഭൂലക്ഷണത്തിലെ ചില വീഥികൾ, ഉദാ: ഗോവീഥി, ഭൂതവീഥി, ധാന്യവീഥി മുതലായവ, വാസ്തുശയനം, വാസ്തുനക്ഷത്രവിധിയും പൊരുത്തങ്ങളും തുടങ്ങിയ കാര്യങ്ങളിൽ പലതും ശാസ്ത്രീയവീക്ഷണത്തിനും യുക്തിബോധത്തിനും നിരക്കുന്നവയല്ല.

രാദസംവേദനത്തിന്റെ നില ഇതല്ല. അതു തികച്ചും ശാസ്ത്രീയമായ അടിത്തറയിലാണു നില്ക്കുക. രാദശക്തിയുടെ പ്രക്ഷേപണങ്ങളെ മനുഷ്യശരീരം പിടിച്ചെടുക്കുന്നു. മനസ്സ് അതിനെ വ്യാഖ്യാനിക്കുന്നു. മനസ്സിന്റെ ഇടനിലയുള്ളതുകൊണ്ടു മനസ്സിന്റെ ഇടപെടലിനനുസരണമായി രാദസ്ഫുരണവ്യാഖ്യാനങ്ങൾ മാറിയെന്നു വരാം. മനസ്സിന്റെ ധാരണ യഥാർത്ഥരാദപ്രസരണത്തിന്റെ സന്ദേശമാണെങ്കിൽ സൂചനയും വ്യാഖ്യാനവും ശരിയായിരിക്കും. എന്നാൽ മനസ്സിൽ വരുന്ന ധാരണ മനസ്സിന്റെ മാത്രം സങ്കല്പവും സന്ദേശവുമാണെങ്കിൽ സൂചനയും വ്യാഖ്യാനവും തെററും. ഇപ്രകാരം മനസ്സിന്റെ ഇടനില മാററങ്ങൾ വരുത്തിയേക്കാം. മനസ്സ് ഇടപെടുന്നതുകൊണ്ടും വ്യാഖ്യാനം തെററാവുന്ന സാഹചര്യമുള്ളതുകൊണ്ടും രാദസംവേദനത്തെ അന്ധവിശ്വാസമായി തെററിദ്ധരിക്കാവുന്ന പഴുതുകൾ പലതുണ്ട്. അപ്രകാരംതന്നെ ദൂരത്തെ ജയിക്കുന്ന രാദസ്ഫുരണവേഗതയെക്കുറിച്ചുള്ള അജ്ഞത രാദസ്ഫുരണ സംവേദനത്തെ അന്ധവിശ്വാസമായി സങ്കല്പിക്കാൻ കാരണമാകാം. പഞ്ചേന്ദ്രിയങ്ങൾക്കു ഗ്രഹിക്കാൻ സാധിക്കാത്ത പ്രവർത്തന സവിശേഷതകൾ രാദസംവേദനത്തിലുണ്ട്.

ദൂരത്തെ കീഴടക്കുന്നതുപോലെ രാദശക്തിക്കു സമയത്തെ കീഴടക്കാൻ സാധിക്കും. പ്രകൃതിയിൽ നിരീക്ഷിക്കാവുന്നതും അടുത്തു നടക്കാൻ പോകുന്നതുമായ അനേകം കാര്യങ്ങൾക്കു ദോലകം സൂചനകൾ നല്കാം. രാദസ്ഫുരണംമൂലം വസ്തുക്കളുടെ പരസ്പര ബന്ധത്തിലേയ്ക്കു കയറിച്ചെല്ലാൻ നമുക്കു

www.malankaralibrary.com

കഴിയും. ഈ കയറിച്ചെല്ലൽവഴി സമയത്തിനു മുൻപിലേയ്ക്കും പിൻപിലേയ്ക്കും സൂചനകൾ സ്വീകരിക്കാൻ രാദസംവേദകനു സാധിക്കും. പ്രസിദ്ധ ഊർജ്ജതന്ത്രജ്ഞനായ അയിൻസ്റ്റൈൻ സമയവും ദൂരവും പരസ്പരം ബന്ധപ്പെട്ടതാണെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹിരാകാശ വ്യാപ്തിയും സമയവും ഒരേ യാഥാർത്ഥ്യത്തിന്റെ പൂരകങ്ങളാവുന്ന അവസ്ഥാവിശേഷത്തെ (Space–time–Continuum) കുറിച്ച് അദ്ദേഹം പ്രതിപാദിച്ചിട്ടുള്ളതു നമുക്കറിയാം. സമയത്തെ നാലാമത്തെ വ്യാപ്തിയെന്നദ്ദേഹം വിശേഷിപ്പിച്ചു. നീളം, വീതി, കട്ടി എന്നീ മൂന്നു വ്യാപ്തികളോടു യോജിക്കുന്ന ഒന്നാണു സമയമെന്ന് അയിൻസ്റ്റൈൻ പറയുന്നു. രാദസംവേദനംവഴി സമയത്തെ മുൻപോട്ടും പിന്നിലേയ്ക്കും മാററി പല കാര്യങ്ങളും ഗ്രഹിക്കാം എന്ന അനുഭവത്തെ അയിൻസ്റ്റൈന്റെ ദർശനം പിൻതാങ്ങുന്നു.

പ്രവചനവരംകൊണ്ടല്ലാതെ രാദശക്തിയുടെ സാധാരണ ക്രമത്തിലേയ്ക്കുള്ള അന്വേഷണഫലമായി സമയത്തിനു മുൻകൂട്ടി രാദസംവേദകനു പലതും മനസ്സിലാക്കാൻ കഴിയും. തെററു പററാവുന്ന സാദ്ധ്യതകളെക്കുറിച്ചു മുകളിൽ പറഞ്ഞതു് ഇവിടേയും പ്രസക്തമാണ്. ഇങ്ങനെ യാത്രാസൗകര്യം, യാത്രയുടെ പരിണാമം, ഒരാളെ ഒരു സ്ഥലത്തു നിശ്ചിത സമയത്തു കാണാൻ കഴിയുമോ എന്ന വിവരം, ജോലിസാദ്ധ്യതകൾ, വിവാഹസാദ്ധ്യതകൾ, പരീക്ഷാവിജയസാദ്ധ്യതകൾ മുതലായി ഒട്ടേറെ കാര്യങ്ങൾ രാദസംവേദനം വഴി നേരത്തെ അറിയാൻ സാധിക്കും. തെററാവരമുള്ള രീതിയിലല്ല ഈ അറിവുകൾ ശേഖരിക്കുക. ഈ സവിശേഷതയെ അതിന്റെ ശാസ്ത്രീയതലത്തിൽനിന്നു വിടർത്തിയാൽ അന്ധവിശ്വാസമായോ അബദ്ധജല്പനങ്ങളായോ രാദസംവേദകന്റെ അഭിപ്രായങ്ങളെ തെററിദ്ധരിക്കാൻ പാടുണ്ട്.

www.malankaralibrary.com

രാദശക്തിയുടെ ഒരു പ്രവർത്തനതലത്തെക്കുറിച്ചൊരു വാക്ക് ഇവിടെ അനുയോജ്യമാണ്. അതുകൊണ്ട് അതിലേയ്ക്കു കടക്കുന്നു.

## കൊതി, കരിനാക്ക്, കണ്ണുപററൽ

കൊതി പററുക, കരിനാക്കു ഫലിക്കുക മുതലായ ചില അനുഭവങ്ങളുണ്ട്. അവയുടെ വാർത്ത നാം കേൾക്കുന്നു.

ശാസ്ത്രീയമായ വിലയിരുത്തലിൽ ഇതു കാന്തശക്തിയുടെ അല്ലെങ്കിൽ രാദശക്തിയുടെ പ്രവർത്തനഫലമാണ്. കൊതിക്കുന്ന മനുഷ്യൻെറ നാവിലോ, കണ്ണിലോ ഞരമ്പുകളിലോ രാദപ്രസരണത്തിൻെറ ഓളങ്ങളുണ്ടാകുന്നു. അവ പുറത്തേയ്ക്കു സഞ്ചരിക്കുന്നു. അതു് ആളുകളിലോ വസ്തുക്കളിലോ ചെന്നലയ്ക്കുന്നു. ശക്തമായവിധം ഈ പ്രസരണവലയത്തിനുള്ളിൽ പെടുമ്പോൾ മനുഷ്യരിലും വസ്തുക്കളിലും ദ്രോഹഫലങ്ങളുളവാകുന്നു. ഇപ്രകാരം ഒടിഞ്ഞുവീണ പപ്പരച്ചെടികൾ, തേങ്ങാക്കുലകൾ, കായ്ഫലമുള്ള മററു വൃക്ഷങ്ങൾ, കോലംകെട്ടുപോയ കുഞ്ഞുങ്ങൾ മുതലായവയുടെ ചരിത്രം പ്രാദേശികമായി കേൾക്കാത്തവരുണ്ടാവുകയില്ല.

ഇങ്ങനെ ഉപദ്രവരാദപ്രസരണമേല്ക്കുന്നു എന്നു പറയുന്നതിൽ അന്ധവിശ്വാസമൊന്നുമുണ്ടാകണമെന്നില്ല. എങ്കിലും ഇത്തരം ഉപദ്രവപ്രസരണങ്ങളെ ഒഴിച്ചുനിറുത്തുന്നതിനുവേണ്ടിയുള്ള ആചാരങ്ങളിൽ അന്ധവിശ്വാസം കണ്ടെന്നുവരാം. പുതിയ പുരയ്ക്കു കൊതികിട്ടാതിരിക്കാൻ കോലം കെട്ടിവയ്ക്കുന്നതും കള്ളിച്ചെടിയുടെ നീണ്ട തുണ്ടം കെട്ടിത്തൂക്കുന്നതും ഉദാഹരണങ്ങളായി എടുക്കാം. ശാസ്ത്രീയമായി പ്രയോജനം തെളിയിക്കാത്തിടത്തോളം ഈ നടപടി അന്ധവിശ്വാസമാവാം. കൊതിപററുക എന്ന അനുഭവം രാദപ്രസരണപ്രക്ഷേപണമാണെന്നു പറയാം. അതു രാദസംവേദനമല്ല.

www.malankaralibrary.com

# സമാപനം

രാദസംവേദനമെന്ന ശാസ്ത്രശാഖ നമ്മുടെ പഠന വിഷയമാകുമ്പോൾ ഒരു പുതിയ ലോകത്തിലേയ്ക്ക നാം കടക്കുകയാണ്. രാദപ്രസരണ പഠനം പദാർത്ഥങ്ങൾ തമ്മിലുള്ള നിഗൂഢബന്ധങ്ങൾ നമ്മുടെ മുമ്പിൽ തുറന്നുതരുന്നു.

രാദസംവേദനത്തെക്കുറിച്ചു നമുക്കുള്ള അറിവു വികസിക്കുന്ന തോതനുസരിച്ചു ക്ഷുദ്രം, കൈവിഷം, ജ്യോതിഷം, കൈനോട്ടം, കണ്ണുപററൽ, മുതലായ പല ഘടകങ്ങളുടെ ശാസ്ത്രീയവശങ്ങൾ നമ്മുടെ ശ്രദ്ധയിൽ പെടുന്നു. ഇവയിൽ പലതിനേയും ശാസ്ത്രീയാടിസ്ഥാനത്തിൽ സമീപിക്കാൻ സാധിക്കും. അത്തരമൊരു സമീപനത്തിനു സഹായകമായ പ്രേരണകളും വിശദീകരണങ്ങളും വീക്ഷണങ്ങളുമാണു നാം കണ്ടത്.

ശാസ്ത്രീയാടിസ്ഥാനത്തിൽ സമീപിക്കാൻ സാധിക്കുമെന്നതുകൊണ്ടു് ഇവയിൽ ചിലതിനോ ഏതിനെങ്കിലുമോ ക്രൈസ്തവവിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായ സ്വാധീനങ്ങളില്ല എന്നർത്ഥമില്ല. അവയുണ്ടാകാം. അവയുള്ള തോതനുസരിച്ച് ഇവ നിഷിദ്ധമാണ്.

അതേസമയം ക്ഷുദ്രം, കൈവിഷം മുതലായവയുടെ ദൂഷിതരാദപ്രസരണവലയത്തിൽനിന്നു വിമോചനം നേടാൻ ഓരോ മനുഷ്യനും അവകാശവും ചുമതലയുമുണ്ടു്. ഇക്കാര്യം ഊന്നിപ്പറയേണ്ടതാണ്. ഇത്തരം വിമോചനപരിശ്രമങ്ങളെ ആരുതന്നെ എതിർത്താലും എതിർപ്പ് അസ്ഥാനത്താണ്. ശാസ്ത്രീയവും ധാർമ്മികവുമായി സ്വീകാര്യമായ തലത്തിലുറച്ചുനിന്നുകൊണ്ടു സ്തുത്യർഹമായ സേവനമനുഷ്ഠിക്കുവാൻ രാദസംവേദകനാണു സാധിക്കുക. ഈ സേവനത്തോടു സഹകരിക്കാനും ദൈവദത്തമായ ഈ കഴിവിന്റെ പ്രയോഗത്തിൽ സാമർത്ഥ്യം നേടാനും വളരെ വ്യക്തികൾ

www.malankaralibrary.com

മുന്നോട്ടു വരേണ്ടതാണ്. സമൂഹത്തിൻെറയും സഹോദരങ്ങളുടേയും നന്മയ്ക്ക് അതാവശ്യമാകുന്നു.

മന്ത്രവാദത്തേയും ക്ഷുദ്രത്തേയും കുറിച്ചു ശാസ്ത്രീയമായ ഒരു വീക്ഷണവും വിലയിരുത്തലുമാണ് ഈ പുസ്തകത്തിൽ സ്വീകരിച്ചിരിക്കുക. അതെൻെറ വ്യക്തിപരമായ സമീപനമാണ്. ഇങ്ങനെയൊരു സമീപനവും വീക്ഷണവും പുലർത്തുന്നതുകൊണ്ടു പിശാചില്ലെന്നോ, പിശാചിൻെറ പ്രവർത്തനപരിധിയിൽ ക്ഷുദ്രം, മന്ത്രവാദം മുതലായവ ഉൾപ്പെടുകയില്ലെന്നോ ഞാൻ അർത്ഥമാക്കുന്നില്ല. പിശാചിനേയോ പൈശാചിക പ്രവർത്തനങ്ങളേയോ പൈശാചിക സേവകളേയോ സംബന്ധിച്ച ക്രൈസ്തവസഭയുടെ നിർദ്ദേശം നല്കാനുള്ള ഏററം ചെറിയ വിശദാംശത്തേയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണു ഞാൻ.

എങ്കിലും നമ്മുടെ നാട്ടിലെ ഇന്നത്തെ ചുററുപാടിൽ ക്ഷുദ്രമെന്നു സാധാരണ ജനങ്ങൾ വിശ്വസിക്കുകയും പരാമർശിക്കുകയും ചെയ്യുന്നതിൽ ഗണ്യമായ ഒരു പങ്ക് അനുഭവങ്ങൾക്ക പിശാചിനോടു പുലബന്ധംപോലും സ്ഥാപിക്കാൻ സാധിക്കുകയില്ല. ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു രാദസംവേദനശേഷി ഒരു സുവർണ്ണപാത തുറന്നുതരുന്നു. അതിലൂടെ സഞ്ചരിക്കുക. അനേകം കുടുംബങ്ങളുടെ ചരിത്രം മാറിയെഴുതാൻ അപ്പോൾ സാധിക്കും. വേദന, രോഗം, ഭയം എന്നിവമൂലം ഒരു കാലത്തു് ഇരുണ്ട ചിത്രങ്ങളായിരുന്ന പല ജീവിതങ്ങളിലേയ്ക്കും സ്വസ്ഥത, രോഗശാന്തി, സമാധാനം എന്നിവയുടെ വെളിച്ചം കടന്നു വരും.

രാദസംവേദനം വഴി ക്ഷുദ്രവസ്തുക്കളെ നീക്കുക. മനുഷ്യോചിതമായി ജീവിക്കുവാൻ സഹജീവികളെ സഹായിക്കുക. സകല മനുഷ്യർക്കും സകല വിധ ബന്ധനങ്ങളിൽനിന്നും വിമോചനം ലഭിക്കുന്നതിനു ക്രിസ്തുനാഥൻ നല്കുന്ന ആഹ്വാനം അനുസരിക്കുക.

www.malankaralibrary.com

അനുസരിക്കാൻ സഹോദരരായ സകല മനുഷ്യരേയും ഉത്തേജിപ്പിക്കുക. ശാസ്ത്രീയാടിസ്ഥാനത്തിലും ധാർമ്മികതയുടെ മേഖലയിലും ഉറച്ചു നിന്നുകൊണ്ടു് ആക്ഷേപങ്ങളേയും ആരോപണങ്ങളേയും അവഗണിച്ചുകൊണ്ടു് സമൂഹത്തിനു നന്മ നേരുക.

ചൂഴ്ന്നു നില്ക്കുന്ന ഇരുളിൽ വെളിച്ചത്തിന്റെ ഒരു കൈത്തിരി ഉയർത്തുക.

അതാണു് ഈ പുസ്തകത്തിന്റെ ആത്മദാഹം.

www.malankaralibrary.com

# ക്ഷുദ്രം മാററുക

## സേവ്യർ ചെറുപള്ളിക്കാട്ട് എം. എ.

ക്ഷുദ്രപ്രയോഗം, കൈവിഷം, പിശാചു ബാധ എന്നിങ്ങനെയുള്ള ഈതി ബാധകൾ നിമിത്തം വേദന അനുഭവിക്കുന്ന, ജീവിതം നരകതുല്യമായി അനുഭവപ്പെടുന്ന സഹജീവികൾക്ക് ആശ്വാസമരുളാൻ പര്യാപ്തമാണ് റവ. ഫാ. സേവ്യർ ചെറുപള്ളിക്കാട്ടിൻെറ **"ക്ഷുദ്രം മാററുക"** എന്ന കൃതി. അന്ധവിശ്വാസത്തിലും അജ്ഞതയിലും പെട്ട് ഉള്ളതെല്ലാം 'കുട്ടിദൈവങ്ങൾക്ക്' അടിയറവുവച്ചിട്ടും രോഗശാന്തി ലഭിക്കാതെ ഉഴലുന്ന ഹതഭാഗ്യക്ക് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ രോഗനിർണ്ണയം നടത്തുന്ന രാദസംവേദന പ്രക്രിയയിലൂടെ ക്ഷുദ്രപ്രയോഗങ്ങളിൽനിന്നും മററും മുക്തി നേടാമെന്ന് സോദാഹരണം വ്യക്തമാക്കുന്ന, അവശ്യം വായിച്ചിരിക്കേണ്ട ഒരു ഉത്തമ ഗ്രന്ഥമാണ് **"ക്ഷുദ്രം മാററുക".**

വില ക. 5—00

**ദീപിക ബുക്ക് ഹൗസ്,**
ശാസ്ത്രി റോഡ്,
കോട്ടയം – 686 001.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com